# ശാസ്ത്ര സാങ്കേതിക സംരഭകത്വ വികസന കേന്ദ്രത്തിന്റെ (സി സ്റ്റെഡ്) പ്രവർത്തനം

(Functioning of Centre for Science & Technology Entrepreneurship Development)

## പഠന റിപ്പോർട്ട്

തയ്യാറാക്കിയത്

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ ആർ 3) വകുപ്പ്**

**2018**

## ശാസ്ത്ര സാങ്കേതിക സംരഭകത്വ വികസന കേന്ദ്രത്തിന്റെ (സി സ്റ്റെഡ്) പ്രവർത്തനം

## പഠന റിപ്പോർട്ട്

### പഠന സംഘം

തയ്യാറാക്കിയത്

1. ശ്രീ ബിജു എസ്, സെക്ഷൻ ഓഫീസർ, പി & എ ആർ ഡി
2. ശ്രീ ബൈജു ജി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പി & എ ആർ ഡി
3. ശ്രീ പ്രിജിത് ജി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, പി & എ ആർ ഡി

മേൽനോട്ടം വഹിച്ചത്

1. ശ്രീമതി ചിത്ര എം എസ്, അണ്ടർ സെക്രട്ടറി, പി & എ ആർ ഡി
2. ശ്രീ മുഹമ്മദ് ഇസ്മായിൽ കുഞ്ഞ് എസ്, ജോയിന്റ് സെക്രട്ടറി, പി & എ ആർ ഡി
3. ശ്രീ ഗോപാൽ വി എസ്, ജോയിന്റ് സെക്രട്ടറി, പി & എ ആർ ഡി

മാർഗ്ഗനിർദ്ദേശം നൽകിയത്

ശ്രീ കെ. ഗോപാലകൃഷ്ണ ഭട്ട് I A S , സെക്രട്ടറി, പി & എ ആർ ഡി

റിപ്പോർട്ട് അംഗീകരിച്ചത്

ശ്രീ ജി. കമല വർദ്ധന റാവു I A S , പ്രിൻസിപ്പൽ സെക്രട്ടറി, പി & എ ആർ ഡി

## ഉള്ളടക്കം

ഭാഗം 1 പേജ്

**ഭരണകാര്യം**

1. പൊതു അവലോകനം 5 -9
2. സ്ഥാപന ഘടന 1 0 -17
3. പ്രധാന തസ്തികകളും ചുമതലകളും 1 8 -20
4. കേന്ദ്ര /മേഖല/ ജില്ലാ ഓഫീസുകളുടെ പ്രവർത്തനം 21 - 30

ഭാഗം 2

**പദ്ധതികളും പ്രവർത്തന അവലോകനവും**

5. പദ്ധതികൾ 32 -34
6. സാമ്പത്തിക അച്ചടക്കരാഹിത്യം ശ്രദ്ധയിൽപ്പെട്ട പദ്ധതികൾ 35 -40
7. പദ്ധതികൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന അവലോകനവും ജീവനക്കാരുടെ പ്രവർത്തന മികവും 41- 51

ഭാഗം 3

**ധനകാര്യം**

8. ബാങ്ക് അക്കൗണ്ടുകളും പൊരുത്തക്കേടുകളും 53 -57
9. സർക്കാർ ഗ്രാന്റുകളും വിനിയോഗവും 58 -62
10. റിക്രൂട്ടിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നത് വഴിയുള്ള ക്രമക്കേടുകൾ 63 -64

ഭാഗം 4

**കണ്ടെത്തലുകൾ**

11. സി സ്റ്റെഡിന്റെ സാമ്പത്തിക തകർച്ചയ്ക്ക് നിദാനമായ ഘടകങ്ങൾ 66 - 71
12. കണ്ടെത്തലുകളും ശുപാർശകളും 72 - 79

# ഭാഗം 1

## ഭരണകാര്യം

# അദ്ധ്യായം 1
# പൊതു അവലോകനം

## ആമുഖം

1.1 ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ പ്രയോഗത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ ദേശീയ ശാസ്ത്ര സാങ്കേതിക സംരഭകത്വ വികസന ബോർഡ് (NSTEDB) ആവിഷ്കരിച്ച STED പദ്ധതി 1985 ഡിസംബർ 4 ന് കോഴിക്കോട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ഈ പദ്ധതി ജില്ലയിൽ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ രക്ഷാധികാരി ജില്ലാ കളക്ടർ ആയിരുന്നു. ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റിയറിംഗ് കമ്മിറ്റി സംസ്ഥാനതലത്തിൽ സ്റ്റെഡ് പദ്ധതിക്ക് മേൽനോട്ടം വഹിച്ചിരുന്നു. കാലക്രമേണ മറ്റു ജില്ലകളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ച സ്റ്റെഡ് പദ്ധതിയുടെ കീഴിൽ 14 ജില്ലാ ഓഫീസുകളും 3 മേഖലാ ഓഫീസുകളും ആരംഭിക്കുകയുണ്ടായി.

1.2 സ്റ്റെഡ് പദ്ധതിയുടെ പ്രവർത്തന കാലയളവ് 9-ാം പഞ്ചവത്സര പദ്ധതി പൂർത്തിയായതോടെ അവസാനിച്ചു. 15 വർഷത്തെ പ്രവർത്തന കാലയളവിൽ സംസ്ഥാനമൊട്ടുക്ക് പ്രവർത്തനം വ്യാപിപ്പിച്ച സ്ഥാപനം എന്ന നിലയിൽ സ്റ്റെഡ് പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടരുന്നതിനായി സംസ്ഥാന സർക്കാർ 26.03.2001 - ലെ സ. ഉ (സാധാ) നം. 103/2001/എസ്&ടി.ഡി, 02.01.2007 - ലെ സ. ഉ (കൈ) നം.1/2007/എസ്&ടി.ഡി എന്നിവ പ്രകാരം സർക്കാരിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കാത്ത വിധം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ സ്വാശ്രയരീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമായി നിലനിർത്തി സ്റ്റെഡ് പദ്ധതിയെ പുനസംഘടിപ്പിക്കാൻ തീരുമാനിച്ചു. തുടർന്ന് സ്റ്റെഡ് പദ്ധതിയെ സർക്കാർ ഏറ്റെടുക്കുന്നതിലേക്കായി സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 1860 പ്രകാരം ശാസ്ത്ര സാങ്കേതിക സംരഭകത്വ വികസന കേന്ദ്രം (സി സ്റ്റെഡ്) [Centre for Science & Technology Entrepreneurship Development] എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ചു. പുതുതായി രൂപീകരിച്ച സൊസൈറ്റിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ബൈലാ എന്നിവ 28/04/2008 - ലെ സ.ഉ(കൈ) നം. 3/08/എസ്&റ്റി.ഡി പ്രകാരം അംഗീകരിച്ചു. ഇതേ ഉത്തരവ് പ്രകാരം സ്റ്റെഡ് പദ്ധതിയുടെ ആസ്തിയും ബാദ്ധ്യതകളും പുതുതായി രൂപീകരിച്ച സൊസൈറ്റിയിലേക്ക് കൈമാറ്റം ചെയ്യാനും സ്റ്റെഡ് പദ്ധതിയിലെ ജീവനക്കാരെ സൊസൈറ്റി രജിസ്റ്റർ ചെയ്ത തീയതി മുതൽ സൊസൈറ്റിയിലേക്ക് ആഗിരണം ചെയ്യാനും അനുമതി നൽകി.

ഇപ്രകാരം സ്റ്റെഡ് പദ്ധതിയിൽ നിന്ന് **സി സ്റ്റെഡിലേക്ക്** മാറ്റം ചെയ്യപ്പെട്ട തസ്തികകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ഡയറക്ടർ | 1 |
| 2 | പ്രോജക്ട് മാനേജർ | 1 |
| 3 | പ്രോജക്ട് എഞ്ചിനീയർ | 3 |
| 4 | ജില്ലാ കോ-ഓർഡിനേറ്റർ | 14 |
| 5 | അക്കൗണ്ടന്റ് | 1 |
| 6 | കോഴ്സ് കോ-ഓർഡിനേറ്റർ | 1 |
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 8 | ഹാർഡ് വെയർ ടെക്നീഷ്യൻ | 1 |
| 9 | പ്രോഗ്രാം അസിസ്റ്റന്റ് | 14 |
| 10 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 2 |
| 11 | ടൈപ്പിസ്റ്റ് | 1 |
| 12 | ഡി.റ്റി.പി ഓപ്പറേറ്റർ | 1 |
| 13 | പ്രോജക്ട് അസിസ്റ്റന്റ് | 11 |
| 14 | ഡ്രൈവർ | 1 |
| 15 | ഓഫീസ് അസിസ്റ്റന്റ് | 1 |
| 16 | റിസപ്ഷനിസ്റ്റ് | 1 |
| 17 | പ്യൂൺ | 1 |
| 18 | ഹെൽപ്പർ | 11 |
| 19 | പാർട്ട് ടൈം സ്വീപ്പർ | 4 |

**ഗവേണിംഗ് കൗൺസിൽ**

**1.3** സി സ്റ്റെഡിന്റെ ചട്ടങ്ങളും നിയന്ത്രണങ്ങളും അനുസരിച്ച് സൊസൈറ്റിയുടെ നിയന്ത്രണം, ഭരണ മേൽനോട്ടം എന്നിവ പൂർണ്ണമായും 23 അംഗ ഗവേണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്. ഗവേണിംഗ് കൗൺസിലിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. ചീഫ് സെക്രട്ടറി
2. പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്
3. സെക്രട്ടറി, ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
4. സെക്രട്ടറി, വ്യവസായ വകുപ്പ്

5. സെക്രട്ടറി, വിവര സാങ്കേതിക വകുപ്പ്
6. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ജില്ലാ കളക്ടർ, കോഴിക്കോട്
8. ധനകാര്യ വകുപ്പിന്റെ നോമിനി
9. കൃഷി വകുപ്പിന്റെ നോമിനി
10. നോർക്ക വകുപ്പിന്റെ നോമിനി
11. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നോമിനി
12. ടൂറിസം വകുപ്പിന്റെ നോമിനി
13. ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
14. ചീഫ് (പ്രോജക്ട്സ്) , സംസ്ഥാന പ്ലാനിംഗ് വകുപ്പ്.
15. എക്സിക്യൂട്ടീവ് ഡയറക്ടർ,CWRDM, കോഴിക്കോട്
16. ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്
17. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി യുടെ നോമിനി.

18 - 22 സർക്കാർ നിർദ്ദേശിക്കുന്ന സംരംഭകത്വ പശ്ചാത്തലമുള്ള അക്കാഡമീഷ്യൻ

23. ഡയറക്ടർ, സി സ്റ്റെഡ് (മെമ്പർ സെക്രട്ടറി)
(വർഷത്തിൽ ഏറ്റവും കുറഞ്ഞത് 2 തവണയെങ്കിലും ഗവേണിംഗ് കൗൺസിൽ കൂടേണ്ടതാണ്)

**1.4** പുനർനിർവ്വചിക്കപ്പെട്ട സി-സ്റ്റെഡിന്റെ **ഉദ്ദേശ്യലക്ഷ്യങ്ങൾ** താഴെപറയും പ്രകാരമാണ്.

i) ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ സംരഭകത്വം പരിപോഷിപ്പിക്കുക.

ii) ശാസ്ത്ര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സ്ഥായിയായ തൊഴിൽമേഖലകൾ സൃഷ്ടിക്കുക.

**പ്രവർത്തനങ്ങൾ**

1) സംരഭകത്വം പ്രോൽസാഹിപ്പിക്കുക, വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സംരഭകത്വ വികസന രംഗത്ത് സി-സ്റ്റെഡിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

2) ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രയോഗം സേവനമേഖലകളിൽ വിപുലപ്പെടുത്തുന്നതിനായി വ്യവസായം, ആർ & ഡി സ്ഥാപനങ്ങൾ തമ്മിലുള്ള സംയോജനം ത്വരിതപ്പെടുത്തുക.

3) വാണിജ്യപരമായി അനുഗുണമായ സാങ്കേതിക വിദ്യകളെ സംരംഭകരുടെയും വ്യവസായികളുടെയും ഇടയിൽ പ്രോത്സാഹിപ്പിക്കുക.

4) നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള വിവരങ്ങൾ സംരഭകരിലും വ്യവസായ സമൂഹത്തിലും എത്തിക്കുക.

5) കരിയർ ലാക്കാക്കി നൈപുണ്യവും, സംരഭകത്വവും വളർത്തുന്നതിനായി ശാസ്ത്ര സാങ്കേതിക ക്ലബുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുക.

6) ഭാവി സംരംഭകരെ കണ്ടെത്തുകയും പ്രചോദനം നൽകുകയും ചെയ്യുക. സംരംഭകത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ

ബോധവാൻമാരാക്കുന്നതിനായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവ നേരിട്ടോ മറ്റ് ഏജൻസികളുമായി സഹകരിച്ചോ സംഘടിപ്പിക്കുക.

7) സംരംഭകർക്ക് പ്രോഡക്ടുകളെക്കുറിച്ചും, പ്രോജക്ടുകളെക്കുറിച്ചും ആശയങ്ങൾ നൽകുകയും പ്രോജക്ട് രൂപരേഖ, വിശദമായ പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയവ തയ്യാറാക്കുക

8) സംരംഭകർക്ക് പ്രോജക്ട് സംബന്ധമായി വിദഗ്ധാഭിപ്രായം, ഉപദേശം തുടങ്ങിയ സേവനങ്ങൾ നൽകുക.

9) വികസന ഏജൻസികളും സാമ്പത്തിക സ്ഥാപനങ്ങളുമായി സംരംഭകരെ ബന്ധപ്പെടുത്തുക.

10) സംരംഭകർ, സർക്കാർ ഏജൻസികൾ തുടങ്ങിയവയ്ക്കായി ഗവേഷണം, സാധ്യതാ പഠനം, സർവ്വേ എന്നിവ നടത്തുക.

11) റിപോർട്ടുകൾ, വാർത്താക്കുറിപ്പുകൾ, അവസരങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, സംരംഭകരുടെ വിജയഗാഥകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുക.

12) നേരിട്ടോ മറ്റ് ഏജൻസികൾ മുഖാന്തിരമോ തൊഴിലധിഷ്ഠിത പരിശീലന കോഴ്സുകൾ നടത്തുകയും, സെന്ററിന്റെ പേരിലുള്ളതോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, യൂണിവേഴ്സിറ്റികൾ തുടങ്ങിയവയുടെ അംഗീകാരമുള്ളതോ ആയ സർട്ടിഫിക്കറ്റുകൾ നൽകുക.

13) പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഫ്രാഞ്ചൈസികൾ തുടങ്ങുകയും, അതിന്റെ നടത്തിപ്പിൽ മേൽ നോട്ടം വഹിക്കുക.

14) സർക്കാരിന്റെ നിർദ്ദേശപ്രകാരമുള്ള സ്കീമുകളും, പരിപാടികളും ആവിഷ്കരിക്കുക.

15) സർക്കാർ വകുപ്പുകൾ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, വ്യാപാര, വ്യവസായ കൂട്ടായ്മകൾ എന്നിവയുമായി ചേർന്ന് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

16) ഉല്പാദനം, വിപണനം, മനുഷ്യവിഭവശേഷി, ധനകാര്യം എന്നീ വിഷയങ്ങളിൽ സംരംഭകർക്ക് വിദഗ്ധ ഉപദേശം നൽകുന്നതോടൊപ്പം നേതൃത്വ വികസനത്തിൽ ഒരു ഏജൻസിയായി പ്രവർത്തിക്കുക.

17) വ്യവസായ സേവന മേഖലകളിലേക്കായി സോഫ്റ്റ് വെയർ സൊല്യൂഷ്യൻസ് വികസിപ്പിക്കുക

18) പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ സ്വാശ്രയശേഷി വർദ്ധിപ്പിക്കുന്നതിനായി വരുമാനം ലഭ്യമാകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

**സി-സ്റ്റെഡിന്റെ സാമ്പത്തിക സ്രോതസ്സ്**

**1.5** സി-സ്റ്റെഡിന്റെ സാമ്പത്തിക സ്രോതസ്സ് താഴെപറയുന്നവയാണ്:

1) പ്രോജക്ട് കൺസൾട്ടൻസി, വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കൽ, പ്രോജക്ട് മാനേജ്മെന്റ് തുടങ്ങിയ ഇനങ്ങളിലൂടെ സമാഹരിക്കുന്ന വരവ്

2) ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിലൂടെയുള്ള വരവ്

3) പ്രസിദ്ധീകരണങ്ങളുടെ വിൽപ്പനയിലൂടെ സമാഹരിക്കുന്ന വരവ്

4) കേരള സർക്കാർ, മറ്റ് സർക്കാർ ഏജൻസികൾ വഴിയുള്ള വിഹിതങ്ങൾ

5) സ്വകാര്യ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന വിഹിതം

**പഠനത്തിന്റെ ഉത്ഭവം**

**1.6** കോഴിക്കോട് ജില്ലാ കളക്ടറായിരുന്ന ശ്രീ എൻ പ്രശാന്ത് 05.01.2017 ലും, തുടർന്ന് കളക്ടറായി ചാർജ്ജെടുത്ത ശ്രീ യു വി ജോസ് 15.05.2017 ലും ചീഫ് സെക്രട്ടറിക്ക് അർദ്ധ ഔദ്യോഗിക കത്തുകൾ അയക്കുകയുണ്ടായി. സി സ്റ്റെഡ് സാമ്പത്തികമായും മനുഷ്യ വിഭവ ശേഷിയിലും പ്രതിസന്ധി നേരിടുന്നതിനാൽ സംരംഭകത്വ വികസനത്തിൽ പ്രാവീണ്യം നേടിയ ഒരു മുഴുവൻ സമയ ഡയറക്ടറുടെ സേവനം സ്ഥാപനത്തിന് അനിവാര്യമാണെന്നും ആയതിനാൽ മുഴുവൻ സമയ ഡയറക്ടറെ നിയമിച്ചുകൊണ്ട് അഡീഷണൽ ചാർജ്ജിൽ നിന്നും തങ്ങളെ ഒഴിവാക്കണം എന്നതാണ് പ്രസ്തുത കത്തുകളിലെ ആവശ്യം. ഈ വിഷയത്തെ സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയും ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി:

"ഒരു മുഴുവൻ സമയ ഡയറക്ടറുടെ അഭാവം മാത്രമാണ് സി സ്റ്റെഡിന്റെ പുരോഗതിക്ക് തടസ്സമായിട്ടുള്ളതെന്നു കരുതാനാവില്ല. അതിനാൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കിയതിനു ശേഷം ഒരു മുഴുവൻ സമയ ഡയറക്ടർ നിയമിക്കുന്നതായിരിക്കും ഉചിതം". തുടർന്ന് സി സ്റ്റെഡിന്റെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ ആർ 3) വകുപ്പിനെ ചുമതലപ്പെടുത്തി.

**രീതി ശാസ്ത്രം**

**1.7** സി സ്റ്റെഡിന്റെ പ്രവർത്തനം സംബന്ധിച്ച പഠനം മൂന്ന് മേഖലകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

1. ഭരണകാര്യം
2. പദ്ധതികളും പദ്ധതികളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന അവലോകനവും
3. ധനകാര്യം

**1.8** പഠനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചത് താഴെ പറയുന്ന മാർഗ്ഗങ്ങൾ വഴിയാണ്

i. ഓഫീസ് രേഖകൾ, രജിസ്റ്ററുകൾ , ഫയലുകൾ

ii ജീവനക്കാരുടെ പ്രകടനം വിലയിരുത്തുന്നതിനായി തയ്യാറാക്കിയ ചോദ്യാവലി

ii. ഇന്റർവ്യൂ

# അദ്ധ്യായം 2

## സ്ഥാപനഘടന

**2.1** കോഴിക്കോട് ആസ്ഥാനമായി കേരള ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സി സ്റ്റെഡ് എന്ന സ്വയംഭരണ സ്ഥാപനത്തിന് 3 മേഖലാ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും ഉണ്ട്. പ്രോജക്ട് ഡയറക്ടർ ആണ് സ്ഥാപന മേലധികാരി. മേഖലാ ഓഫീസുകൾ പ്രോജക്ട് എഞ്ചിനീയർമാരുടെ നിയന്ത്രണത്തിലാണ്. നിലവിൽ മേഖലാ ഓഫീസുകളായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവ അതത് ജില്ലാ ഓഫീസുകളോട് ചേർന്ന് പ്രവർത്തിക്കുന്നു. ആസ്ഥാന ഓഫീസ്, മേഖലാ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ എന്നിവയുടെ ഘടന ചുവടെ ചേർക്കുന്നു.

**ആസ്ഥാന ഓഫീസ്**

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡയറക്ടർ | 1 |
| 2 | രജിസ്ട്രാർ | 1 |
| 3 | പ്രോജക്ട് എഞ്ചിനീയർ | 1 |
| 4 | കോഴ്സ് കോ-ഓർഡിനേറ്റർ | 1 |
| 5 | അക്കൗണ്ടന്റ് | 1 |
| 6 | ടൈപ്പിസ്റ്റ് | 1 |
| 7 | ഓഫീസ് അസിസ്റ്റന്റ് | 1 |
| 8 | ഡി.റ്റി.പി ഓപ്പറേറ്റർ | 1 |
| 9 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 2 |
| 10 | റിസപ്ഷനിസ്റ്റ് | 1 |
| 11 | പ്യൂൺ | 1 |
| 12 | ഡ്രൈവർ | 1 |
| 13 | ഹെൽപർ/പി.റ്റി.എസ് | 1 |

**മേഖലാ ഓഫീസ്/ ജില്ലാ ഓഫീസ്**

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രോജക്ട് എഞ്ചിനീയർ | 1 |
| 2 | ജില്ലാ കോ-ഓർഡിനേറ്റർ | 1 |
| 3 | പ്രോഗ്രാം അസിസ്റ്റന്റ് | 1 |
| 4 | പ്രോജക്ട് അസിസ്റ്റന്റ് | 1* |
| 5 | ഹെൽപ്പർ/പിറ്റി.എസ് | 1 |

പ്രോജക്ട് എഞ്ചിനീയറുടെ തസ്തിക മേഖലാ ഓഫീസുകളിൽ മാത്രം

*പ്രോജക്ട് അസിസ്റ്റന്റ് - ഓരോ തസ്തിക വീതം 3 മേഖലാ ഓഫീസുകളിലും, 8 ജില്ലാ ഓഫീസുകളിലും മാത്രം

**2.2** സ്റ്റെഡ് പ്രോജക്ടിന്റെ കാലാവധി 2000 ൽ അവസാനിച്ചതോടെ പ്രോജക്ടിനെ, സി സ്റ്റെഡ് എന്ന പേരിൽ ഒരു സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തുകൊണ്ട് സർക്കാർ പുനസംഘടിപ്പിച്ചു. തുടർന്ന് ജീവനക്കാരുടെ നിയമനം, സേവന വ്യവസ്ഥകൾ, സാമ്പത്തിക ആനുകൂല്യങ്ങൾ, അച്ചടക്ക നടപടികൾ എന്നിവയെ നിയന്ത്രിക്കുന്ന ബൈലായും സ്ഥാപനത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്ന ചട്ടങ്ങളും നിലവിൽ വന്നു. സ്റ്റെഡ് പ്രോജക്ട് പുനസംഘടിപ്പിക്കപ്പെട്ടതിനുശേഷം പുതിയ തസ്തികകളൊന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. സ്റ്റെഡ് പ്രോജക്ടിലെ ജീവനക്കാരെ അതേപടി നിലനിർത്തിയാണ് പുതുതായി നിർവ്വചിക്കപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിനായുള്ള വിപുലീകരിച്ച പ്രവർത്തനങ്ങൾ നടത്തപ്പെട്ടുപോന്നത്. കരാർ ജീവനക്കാർ, ദിവസ വേതനക്കാർ, പാർട്ട് ടൈം സ്വീപ്പർമാർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലുള്ള ജീവനക്കാരാണ് സി സ്റ്റെഡിലുള്ളത്.

**2.3** കരാർ ജീവനക്കാരുടെ തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ടഎണ്ണം | നിലവിലുലള്ള ജീവനക്കാർ |
|---|---|---|---|
| 1 | പ്രോജക്ട് മാനേജർ | 1 | - |
| 2 | പ്രോജക്ട് എഞ്ചിനീയർ | 3 | 3 |
| 3 | ജില്ലാ കോ-ഓർഡിനേറ്റർ | 14 | 8 |
| 4 | കോഴ്സ് കോ- | 1 | 1 |

| | | | |
|---|---|---|---|
| | ഓർഡിനേറ്റർ | | |
| 5 | അസിസ്റ്റന്റ് | 1 | - |
| 6 | അക്കൗണ്ടന്റ് | 1 | 1 |
| 7 | സി.എ | 1 | - |
| 8 | ഡ്രൈവർ | 1 | 1 |
| | ആകെ | 22 | 14 |

**2.4** കരാർ ജീവനക്കാരുടെ ആകെയുള്ള 22 തസ്തികകളിൽ 14 തസ്തികകളിൽ ജീവനക്കാർ ജോലി ചെയ്യുന്നു. കരാർ ജീവനക്കാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| **സി സ്റ്റെഡ് ജീവനക്കാരുടെ ലിസ്റ്റ് (കരാർ ജീവനക്കാർ)** | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | വയസ്സ്, ജനനതീയതി | യോഗ്യത | സി.സ്റ്റെഡിൽ പ്രവേശിച്ച തീയതി |
| 1 | ലതിക ജി | പ്രോജക്ട് എഞ്ചിനീയർ | 54, 21/03/1964 | ബി ടെക്ക് (കെമിക്കൽ) | 21/01/1999 |
| 2 | ശൈലജ.കെ.വി | പ്രോജക്ട് എഞ്ചിനീയർ | 55, 09/04/1963 | ബി ടെക്ക് (ഇലക്ട്രിക്കൽ) | 16/02/1995 |
| 3 | മൈഥിലി.കെ | പ്രോജക്ട് എഞ്ചിനീയർ | 51, 21/3/1967 | ബി.ഇ (കെമിക്കൽ) | 15/12/1999 |
| 4 | ജാനകി. പി | ജില്ലാ കോ ഓർഡിനേറ്റർ | 50, 30/05/1968 | ബി.എസ്.സി, എൽ.എൽ.ബി, എം.ബിഎ, | 17/12/1995 |
| 5 | ലക്ഷ്മിയമ്മ.ഡി. | ജില്ലാ കോ ഓർഡിനേറ്റർ | 55, 30/07/1963 | ബി ടെക്ക് (ഇലക്ട്രിക്കൽ) | 13/06/1995 |
| 6 | ഗോമതി സരോജം.എം. | ജില്ലാ കോ ഓർഡിനേറ്റർ | 51, 31/05/1967 | ബി ടെക് (അഗ്രിക്കൾച്ചർ) എം.ഇ. (അഗ്രിക്കൾച്ചർ) | 20/01/1999 |
| 7 | വീണ.പി. | ജില്ലാ കോ ഓർഡിനേറ്റർ | 49, 25/05/1969 | ബി ടെക്ക് (കെമിക്കൽ) | 20/01/1999 |

| | | | | | |
|---|---|---|---|---|---|
| 8 | ദീപ്തി.എ.എസ്. | ജില്ലാ കോ ഓർഡിനേറ്റർ | 54, 09/05/1964 | ബി ടെക്ക് (കെമിക്കൽ) | 20/01/1999 |
| 9 | *ജയൻ.കെ.എ | ജില്ലാ കോ ഓർഡിനേറ്റർ | 43, 28/05/1975 | ബി ടെക്ക് (കെമിക്കൽ) | 17/03/1999 |
| 10 | പ്രീതി. എസ് | ജില്ലാ കോ ഓർഡിനേറ്റർ | 48, 30/05/1970 | ബി ടെക്ക് (ആർക്ക്) | 08/04/1999 |
| 11 | സതീഷ് ബാബു.എം.വി | ജില്ലാ കോ ഓർഡിനേറ്റർ | 52, 10/05/1966 | ബി ടെക്ക് (മെക്കാനിക്കൽ ) | 06/102003 |
| 12 | വിനോദ്. കെ.പി | അക്കൗണ്ടന്റ് | 42, 26/12/1976 | ബി കോം | 14/03/2003 |
| 13 | പെൻ.ജി.ദാസ് | കോഴ്സ് കോ ഓർഡിനേറ്റർ | 52, 31/05/1966 | എം. സി. എ | 14/10/1997 |
| 14 | മുസ്തഫ.പി.വി | ഡ്രൈവർ | 60, 08/11/1958 | | 01/12/1997 |

കരാർ ജീവനക്കാരിൽ അക്കൗണ്ടന്റും, ഡ്രൈവറും ഒഴിച്ചാൽ ബാക്കിയെല്ലാവരും സാങ്കേതിക വിഭാഗം ജീവനക്കാരാണ്. ശ്രീ. ജയൻ.കെ.എ, ജില്ലാ കോ ഓർഡിനേറ്റർ ജോലിയിൽ നിന്നും വിടുതൽ ചെയ്തു. ശ്രീ. മുസ്തഫ.പി.വി, ഡ്രൈവർ റിട്ടയർ ചെയ്തു.

## 2.5 ദിവസവേതന ജീവനക്കാർ

ദിവസവേതന ജീവനക്കാരുടെ തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | നിലവിലുളള ജീവനക്കാർ |
|---|---|---|---|
| 1 | അക്കൗണ്ട്സ് അസിസ്റ്റന്റ് | 2 | 2 |
| 2 | ടൈപ്പിസ്റ്റ് | 1 | 1 |
| 3 | DTP ഓപ്പറേറ്റർ | 1 | 1 |
| 4 | ഓഫീസ് അസിസ്റ്റന്റ് | 1 | 1 |
| 5 | റിസപ്ഷനിസ്റ്റ് | 1 | 1 |
| 6 | പ്രോഗ്രാം അസിസ്റ്റന്റ് | 14 | 9 |
| 7 | പ്രൊജക്ട് അസിസ്റ്റന്റ് | 11 | 10 |
| 8 | പ്യൂൺ | 1 | 1 |

| | | | |
|---|---|---|---|
| | ആകെ | 32 | 26 |

**2.6** 26 ദിവസനവേതനക്കാരാണ് സി സ്റ്റെഡിലുള്ളത്. ഇതിൽ 19 പേരും മേഖലാ /ജില്ലാ ഓഫീസുകളിൽ ജോലി ചെയ്യുന്ന പ്രോഗ്രാം / പ്രോജക്ട് അസിസ്റ്റന്റ്മാരാണ്. 400 രൂപയാണ് ദിവസക്കൂലിയായി നിശ്ചയിച്ചിരിക്കുന്നത്. സി സ്റ്റെഡിലെ പ്രതിസന്ധിയുടെ യഥാർത്ഥ ദുരിത ഫലം പേറുന്നത് ദിവസ വേതനക്കാരാണ്. 2016 ഓക്ടോബറിന് ശേഷം ഇവർക്ക് വേതനം ലഭിച്ചിട്ടില്ല. 15 വർഷത്തിലധികം സേവനകാലയളവുള്ളവരാണ് ഭൂരിഭാഗവും. തങ്ങൾക്ക് ലഭിക്കുന്ന ദിനവേതനത്തിൽ പൂർണ്ണ തൃപ്തരായ ഇവരുടെ കൃത്യ നിർവ്വഹണം സംബന്ധിച്ച് ആർക്കും പരാതികളോ, ആക്ഷേപങ്ങളോ ഇല്ല. ദിവസവേതനക്കാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| സി സ്റ്റെഡ്- ദിവസവേതനക്കാരുടെ ലിസ്റ്റ് | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | വയസ്സ്, ജനന തീയതി | യോഗ്യത | സി.സ്റ്റെഡിൽ പ്രവേശിച്ച തീയതി |
| 1 | പമീല.എ.കെ | ടൈപ്പിസ്റ്റ് | 4/4/1967 | SSLC, Typewriting. DTP | 18/2/1995 |
| 2 | ഷൈജു .എൻ.പി | ഓഫീസ് അസിസ്റ്റന്റ് | 17/12/1974 | SSLC, | 02/08/1995 |
| 3 | പുഷ്പലത.പി | DTP ഓപ്പറേറ്റർ | 28/04/1970 | ബി.എ Typewriting. Tally DTP | 01/03/1999 |
| 4 | ജോയിസി ജയിംസ് | അക്കൗണ്ട്സ് അസിസ്റ്റന്റ് | 06/04/1972 | എം.സി.എ, ബികോംTypewriting. Tally DTP | 30/05/1997 |
| 5 | ബിജി.എൽ.പി | അക്കൗണ്ട്സ് അസിസ്റ്റന്റ് | 09/05/1979 | ബികോം PGDCA. Tally DTP | 11/08/2003 |
| 6 | മാധുരി.പി | റിസപ്ഷനിസ്റ്റ് | 16/06/1964 | SSLC, | 22/12/1995 |
| 7 | ശ്രീധരൻ.പി | പ്യൂൺ | 15/01/1963 | | 01/06/1996 |

| | | | | | |
|---|---|---|---|---|---|
| 8 | അനിൽകുമാർ. എസ് | പ്രോഗ്രാം അസിസ്റ്റന്റ് | 31/05/1968 | പ്രീ ഡിഗ്രി | 05/12/1995 |
| 9 | ജോസ് ജയിംസ് | പ്രോഗ്രാം അസിസ്റ്റന്റ് | 17/12/1973 | ഐ.ടി.ഐ | 2/5/1998 |
| 10 | രാജേഷ്.പി.വി | പ്രോഗ്രാം അസിസ്റ്റന്റ് | 26/04/1974 | ബി.കോം | 18/10/1999 |
| 11 | ആൻസി വർഗീസ് | പ്രോഗ്രാം അസിസ്റ്റന്റ് | 10/02/1970 | ബി.എസ്.സി | 05/04/1999 |
| 12 | ഗോപി മാധവൻ | പ്രോഗ്രാം അസിസ്റ്റന്റ് | 13/06/1963 | എസ് .എസ് .എൽ.സി | 23/04/1999 |
| 13 | ജയപ്രകാശ്. പി.എസ് | പ്രോഗ്രാം അസിസ്റ്റന്റ് | 06/01/1975 | ബി കോം | 15/10/1999 |
| 14 | രമേഷ് മോഹൻ.പി | പ്രോഗ്രാം അസിസ്റ്റന്റ് | 03/05/1974 | പ്രീ ഡിഗ്രീ | 01/06/1999 |
| 15 | രശ്മിണി.കെ | പ്രോഗ്രാം അസിസ്റ്റന്റ് | 20/05/1970 | ബി കോം | 03/05/1999 |
| 16 | ഷീബ.പി | പ്രോഗ്രാം അസിസ്റ്റന്റ് | 19/05/1978 | ഡിപ്ലോമ | 06/11/2003 |
| 17 | ജോജി.എം | പ്രൊജക്ട് അസിസ്റ്റന്റ് | 07/11/1973 | എസ് .എസ് .എൽ.സി | 23/11/1998 |
| 18 | ജലീൽ.എം | പ്രൊജക്ട് അസിസ്റ്റന്റ് | 30/05/1971 | എസ് .എസ് .എൽ.സി | 21/05/2004 |
| 19 | മാത്യുക്കുട്ടി എൻ.എം | പ്രൊജക്ട് അസിസ്റ്റന്റ് | 20/05/1972 | എസ് .എസ് .എൽ.സി | 26/02/1996 |
| 20 | ധനലക്ഷ്മി. കെ.സി | പ്രൊജക്ട് അസിസ്റ്റന്റ് | 03/04/1965 | പ്രീ ഡിഗ്രി | 07/02/2000 |
| 21 | സതീഷ് കുമാർ.വി | പ്രൊജക്ട് അസിസ്റ്റന്റ് | 31/05/1973 | എസ് .എസ് .എൽ.സി | 22/11/1999 |

| | | | | | |
|---|---|---|---|---|---|
| 22 | പ്രവീഷ്.വി,റ്റി | പ്രൊജക്ട് അസിസ്റ്റന്റ് | 25/05/1979 | എസ് .എസ് .എൽ.സി | 01/06/1999 |
| 23 | ജിഷ ആർ | പ്രൊജക്ട് അസിസ്റ്റന്റ് | 24/12/1979 | എസ് .എസ് .എൽ.സി | 02/06/2000 |
| 24 | ജിതേഷ്. കെ.വി | പ്രൊജക്ട് അസിസ്റ്റന്റ് | 23/05/1978 | ബി.എ | 10/11/2003 |
| 25 | താജുമാൽ ഹുസൈൻ ജി | പ്രൊജക്ട് അസിസ്റ്റന്റ് | 30/05/1969 | എസ് .എസ് .എൽ.സി | 07/03/2000 |
| 26 | ചന്ദ്രൻ.കെ | പ്രൊജക്ട് അസിസ്റ്റന്റ് | 06/04/1967 | എസ് .എസ് .എൽ.സി | 02/12/2003 |

**പാർട്ട് ടൈം സ്വീപ്പർമാർ**

**2.7** 13 പാർട്ട് ടൈം സ്വീപ്പർമാരാണ് സി സ്റ്റെഡിലുള്ളത്. 4250-6700 എന്ന പേ സ്കെയിലാണ് ഇവർക്ക് അനുവദിച്ചിട്ടുള്ളത്. പാർട്ട് ടൈം സ്വീപ്പർമാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ജനന തീയതി | സി.സ്റ്റെഡിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | ആമിന.എ.ടി | 01/05/1963 | 01/01/1998 |
| 2 | ബാലൻ വി.എം | 10/04/1956 | 12/02/2007 |
| 3 | ജമീല | 10/09/1957 | 24/05/1999 |
| 4 | ലൈല.കെ.ഐ | 01/01/1964 | 01/04/1999 |
| 5 | മേരിക്കുട്ടി മാർക്കോസ് | 16/10/1960 | 10/11/2004 |
| 6 | ഫിലോമിന തോമസ് | 19/05/1967 | 11/01/2000 |
| 7 | രാധാമണി.എൻ | 07/05/1961 | 01/09/2007 |
| 8 | രമണി.കെ.ജി | 27/12/1957 | 01/09/1999 |
| 9 | സന്ധ്യ ഒ.ആർ | 20/05/1972 | 111/08/2005 |
| 10 | സരസമ്മ.പി | 20/05/1964 | 08/02/1996 |
| 11 | സരസ്വതി.എസ് | 101/01/1966 | 01/01/2000 |

| ക്രമ നമ്പർ | പേര് | ജനന തീയതി | സി.സ്റ്റെഡിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 12 | സൗമിനി.എം.കെ | 2911/1957 | 11/07/2007 |
| 13 | സുശീല. വി.പി | 10/07/1947 | 01/11/2001 |
| 14 | അബ്ദുൾ ലത്തീഫ് | 31/07/1963 | 01/11/2012 |
| 15 | ബിന്ദു സി റ്റി | 5/7/1980 | 01/03/2015 |

ക്രമ നമ്പർ 14,15 യഥാക്രമം അബ്ദുൾ ലത്തീഫ്, ബിന്ദു സി റ്റി എന്നിവർ സി സ്റ്റെഡിനെ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തതിന് ശേഷം സേവനത്തിൽ പ്രവേശിച്ചവരാണ്.

# അദ്ധ്യായം 3

## പ്രധാന തസ്തികകളും ചുമതലകളും

**ഡയറക്ടർ**

**3.** എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായികൊണ്ട് സി സ്റ്റെഡിന്റെ ഭരണ നിർവ്വഹണം ഡയറക്ടറിൽ നിക്ഷിപ്തമാണ്. ചെലവുകൾ നിർവഹിക്കുന്നതിന് പര്യാപ്തമാം വിധം സ്ഥാപനം വരുമാനം ആർജ്ജിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് ഡയറക്ടറുടെ പ്രധാന കടമയാണ്. സി സ്റ്റെഡിലെ രേഖകളുടെ കസ്റ്റോഡിയനും ബാങ്കുകളിലെയും ട്രഷറികളിലെയും അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതും ഡയറക്ടർ ആണ്.

| സി സ്റ്റെഡ് ഡയറക്ടർമാർ 01/12/2008 മുതൽ | | |
|---|---|---|
| ക്രമ നമ്പർ | ഡയറക്ടറുടെ പേര് | സേവന കാലം |
| 1 | മോഹനൻ മണലിൽ, അസി.എക്സി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, വിലങ്ങാട് എസ്.എച്ച്.ഇ.പി, കോഴിക്കോട് (on deputation) | 1/12/2008 - 30/11/2010 |
| 2 | ഡോ.കെ.വി.ജയകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, CWRDM (on deputation) | 1/12/2010 - 31/12/2011 |
| 3 | പി.ജയകുമാർ, സയന്റിസ്റ്റ് & ഹെഡ്, എൺവയൺമെന്റ് സ്റ്റഡീസ് ഡിവിഷൻ, CWRDM (on deputation) | 01/01/2012 - 07/08/2012 |
| 4 | ഡോ.കെ.വി.മുഹമ്മദ് കുഞ്ഞ്, സയന്റിസ്റ്റ്, KFRI, തൃശ്ശൂർ (on deputation) | 08/08/2012 - 10/05/2015 |
| 5 | ഡോ.അജിത് പ്രഭു, ജോയിന്റ് ഡയറക്ടർ, KSCSTE (Full Additional Charge) | 11/05/2015 - 18/07/2016 |
| 6 | എൻ.പ്രശാന്ത് ഐ.എ.എസ്, ജില്ലാ കളക്ടർ കോഴിക്കോട് (Full Additional Charge) | 19/07/2016 - 18/02/2017 |
| 7 | യു.വി.ജോസ് ഐ.എ.എസ്, ജില്ലാ കളക്ടർ, കോഴിക്കോട്. (Full Additional Charge) | 18/02/2017 - |

**രജിസ്ട്രാർ**

**3.2** സി സ്റ്റെഡിന്റെ അനുവദിക്കപ്പെട്ട തസ്തികളിൽ ഉൾപ്പെടുന്ന തസ്തികയല്ലിത്. സി സ്റ്റെഡിന്റെ ഭരണപരവും ധനപരവുമായ പ്രവർത്തനങ്ങളുടെ കൃത്യത വിശിഷ്യാ അക്കൗണ്ട്സ് ഉറപ്പുവരുത്തുന്നതിനായി താത്കാലികമായി സൃഷ്ടിച്ച തസ്തികയാണിത്. കാലാകാലങ്ങളിൽ ഡയറക്ടർ ഏൽപ്പിച്ചു നൽകുന്ന ചുമതലകൾ നിർവ്വഹിക്കുകയും ഡയറക്ടറുടെ അഭാവത്തിൽ ദൈനം ദിനമുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നതാണ് രജിസ്ട്രാറുടെ കർത്തവ്യം.

| ക്രമ നമ്പർ | രജിസ്ട്രാർ | കാലയളവ് |
|---|---|---|
| 1 | ടി വി ശങ്കരൻ | 28.12.2015-30.06.2016 |
| 2 | ശ്രീ.ഇമ്പശേഖർ ഐ.എ.എസ്, അസി. കളക്ടർ, കോഴിക്കോട് | 18.08.2016-27.02.2017 |
| 3 | ജസ്സി ഹെലൻ, ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്, കോഴിക്കോട് | 28.02.2017-05.04.2017 |
| 4 | ടി ജനിൽ കുമാർ, എ ഡി എം, കളക്ടറേറ്റ്, കോഴിക്കോട് | 06.04.2017-22.10.2017 |
| 5 | രാജൻ എം കെ, ഫിനാൻസ് ഓഫീസർ, കളക്ടറേറ്റ്, കോഴിക്കോട് | 23.10.2017 - |

**പ്രോജക്ട് എഞ്ചിനീയർ**

**3.3** സി സ്റ്റെഡിന്റെ മേഖല ഓഫീസുകളുടെ ചുമതല പ്രോജക്ട് എഞ്ചിനീയർമാർക്ക് ആണ്. പദ്ധതി / പരിപാടി രൂപരേഖ തയ്യാറാക്കുകയും സംസ്ഥാന വ്യാപക പരിപാടികളുടെയും ജില്ലാ പരിപാടികളുടെയും പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതും പ്രോജക്ട് എഞ്ചിനീയറാണ്. ഭാവി സംരംഭകരെ കണ്ടെത്തുകയും പ്രചോദനം നൽകുകയും ചെയ്യുന്നതിനായി സംരംഭക മീറ്റുകൾ സംഘടിപ്പിക്കുക, സംരംഭകത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിനായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷനുകൾ, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, സംരംഭകർക്ക് പ്രോജക്ട് സംബന്ധമായി വിദഗ്ധാഭിപ്രായം, ഉപദേശം തുടങ്ങിയ സേവനങ്ങൾ നൽകുക, ജില്ലാ ഓഫീസുകളുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിലും ഭരണപരമായ പ്രവർത്തനങ്ങളിലും ആവശ്യമായ സഹായം ലഭ്യമാക്കുക, പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുക, പദ്ധതി ശരിയായി നിർവ്വഹണം നടത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക, ഫീൽഡ് സന്ദർശനം നടത്തുക, ഏജൻസികളുമായുള്ള കരാറുകൾ തയ്യാറാക്കൽ, പദ്ധതികളുടെ നടത്തിപ്പ് ഘട്ടങ്ങളിൽ ഫണ്ട് ആവശ്യ പത്രികകൾ, സർട്ടിഫിക്കറ്റ് ആവശ്യ

കുറിപ്പുകൾ, പ്രോഗ്രാം റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുക തുടങ്ങിയവ പ്രോജക്ട് എഞ്ചിനീയറുടെ ചുമതലകളിൽപെടുന്നു.

**3.4** മേൽപ്പറഞ്ഞ ചുമതലകൾ കൂടാതെ കേന്ദ്ര ഓഫീസിലെ പ്രോജക്ട് എഞ്ചിനീയർക്ക് ചുവടെപ്പറയുന്ന ഭരണപരമായ ചുമതലകൾ കൂടി നൽകിയിട്ടുണ്ട്.

1. ഡയറക്ടർ, രജിസ്ട്രാർ എന്നിവരുടെ അഭാവത്തിൽ കേന്ദ്ര ഓഫീസിന്റെ ചുമതല പ്രോജക്ട് എഞ്ചിനീയർക്കായിരിക്കും. ഓഫീസ് ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകുന്നുവെന്ന് ഉറപ്പുവരുത്തുക, ഹാജർ, സേവനങ്ങൾ നൽകൽ, തപാലും പരാതികളും സ്വീകരിക്കൽ എന്നിവ പ്രോജക്ട് എഞ്ചിനീയറുടെ ചുമതലയായിരിക്കും.

2. കേന്ദ്ര ഓഫീസിലെ എല്ലാ ജീവനക്കാരും ഹാജർ രേഖപ്പെടുത്തൽ, പുറത്ത് പോകൽ, കാഷ്വൽ ലീവ് എന്നിവയ്ക്ക് പ്രോജക്ട് എഞ്ചിനീയറുടെ അനുവാദം തേടേണ്ടതാണ്. കാഷ്വൽ ലീവ് അംഗീകരിക്കുന്നതിനായി രജിസ്ട്രാർക്ക് അപേക്ഷ അയയ്ക്കേണ്ടതാണ്.

3. കേന്ദ്ര ഓഫീസിലെ പ്രോജക്ട് എഞ്ചിനീയർക്ക് ചുമതലയുള്ള കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ ഫയലുകൾ പ്രോജക്ട് എഞ്ചിനീയർ മുഖാന്തിരം പരിശോധിക്കപ്പെടേണ്ടതാണ്.

**ജില്ലാ കോ ഓർഡിനേറ്റർ**

**3.5** ജില്ലാ ഓഫീസിന്റെ ഭരണ ചുമതല ജില്ലാ കോ ഓർഡിനേറ്റർമാർക്കാണ്. ജില്ലാ തലത്തിൽ സംരംഭകത്വം പരിപോഷിപ്പിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുക, തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വ്യവസായ വകുപ്പ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട സാധ്യമായ പദ്ധതികളെക്കുറിച്ചുള്ള വിവരശേഖരണം നടത്തുക, വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുക, സംരംഭകർ, സർക്കാർ ഏജൻസികൾ തുടങ്ങിയവയ്ക്കായി ജില്ലാതലത്തിൽ ഗവേഷണം, സാധ്യതാ പഠനം, സർവ്വേ എന്നിവ നടത്തുക, നൈപുണ്യവും, സംരഭകത്വവും വളർത്തുന്നതിനായി ശാസ്ത്ര സാങ്കേതിക ക്ലബുകൾ സ്ഥാപിക്കേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെ കണ്ടെത്തുക, ജില്ലാ ഓഫീസിന്റെ കീഴിൽ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതി/ പരിപാടികളുടെ നിർവ്വഹണ ചുമതല വഹിക്കുക തുടങ്ങിയവയാണ് പ്രധാന ചുമതലകൾ. ജില്ലാ കോ ഓർഡിനേറ്ററെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുന്നതിന് പ്രോഗ്രാം അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാരും പ്രവർത്തിക്കുന്നു.

## അദ്ധ്യായം 4

## കേന്ദ്ര/ മേഖല /ജില്ല ഓഫീസുകളുടെ പ്രവർത്തനം

**4.1** കേന്ദ്ര, മേഖല, ജില്ലാ ഓഫീസുകളുടെ പൊതുവായ പ്രവർത്തനം അവലോകനം ചെയ്യുന്ന അധ്യായമാണിത്.

**കേന്ദ്ര ഓഫീസ്**

ഹാജർ പുസത്കം

**4.2** ഓഫീസിലെ പ്രധാന രജിസ്റ്ററായ ഹാജർ പുസ്തകം കൃത്യതയോടെ കൈകാര്യം ചെയ്യുന്നില്ല. 2017 വർഷത്തെ ഹാജർ പുസ്തകം കാണാതായ സംഭവത്തിൽ 20.05.2017 - ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു. 10.05.2017 മുതൽ ഹാജർ പുസ്തകം കാണാനില്ല എന്നും കണ്ടു കിട്ടുന്നവർ 24.05.2017-നകം പ്രോജക്ട് എഞ്ചിനീയർക്ക് കൈമാറണമെന്നുമാണ് സർക്കുലറിലെ നിർദ്ദേശം. ഇത്തരത്തിൽ ഒരു സർക്കുലർ ഓഫീസിലെ അനാസ്ഥയെയും അച്ചടക്കരാഹിത്യത്തെയും വരച്ചുകാട്ടുന്നു

കേന്ദ്ര ഓഫീസിൽ ലഭിക്കുന്ന പരാതികൾ/ അപേക്ഷകൾ

**4.3** സി സ്റ്റെഡിന്റെ 14 ജില്ലാ ഓഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വാടക കുടിശ്ശിക ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന കത്തുകളാണ് കേന്ദ്ര ഓഫീസിൽ ലഭിക്കുന്ന പരാതികളിൽ ഭൂരിഭാഗവും. ഫണ്ട് ഇല്ലാത്തതിനാൽ കെട്ടിട വാടക കുടിശ്ശിക അനുവദിക്കാൻ കേന്ദ്ര ഓഫീസിന് കഴിയുന്നില്ല. മറ്റൊരു പ്രധാന പരാതിയാണ്, ജീവനക്കാർ അവരുടെ ശമ്പള കുടിശ്ശിക ലഭിക്കുന്നതിനും, ഇ.പി.എഫ് വിഹിതം അടയ്ക്കാത്തതിനും, ലീവ് അനുവദിക്കാത്തതിനും സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ.

വാർഷിക ധനകാര്യ പത്രിക

**4.4** ഓരോ സാമ്പത്തിക വർഷവും സി-സ്റ്റഡിന്റെ വരവ് ചെലവ് സംബന്ധിച്ച വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതും ആയത് ഗവേർണിംഗ് കൗൺസിലിൽ ചർച്ച ചെയ്ത് അംഗീകാരം വാങ്ങേണ്ടതുമാണ്. 19.08.2013-ന് കൂടിയ ഗവേണിങ് കൗൺസിൽ യോഗം 2011-12, 2012-13 എന്നീ വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ധനകാര്യ പത്രിക തയ്യാറാക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

ആഡിറ്റ് റിപ്പോർട്ട്

**4.5** ACRs Company, AJM & Associate എന്നീ ചാർട്ടേർഡ് അക്കൗണ്ടിംഗ് സ്ഥാപനങ്ങളാണ് ടി സ്ഥാപനത്തിന്റെ വാർഷിക വരവ് ചെലവുകൾ ആഡിറ്റ് ചെയ്യുന്നത്. 2015-16 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

തപാൽ വിതരണം

**4.6** തപാൽ വിതരണത്തിന്റെ ചുമതല കേന്ദ്ര ഓഫീസിലെ പ്രോജക്ട് എഞ്ചിനീയർക്കാണ്. തപാൽ വിതരണം കൃത്യമായി നടക്കുന്നില്ല. 2017 ജൂൺ മാസം മുതലുള്ള തപാലുകൾ വിതരണം നടത്തിയിട്ടുള്ളതായി തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

വാഹനങ്ങൾ

**4.7** രണ്ട് വാഹനങ്ങൾ ഉണ്ടായിരുന്നതിൽ 2015-16 സാമ്പത്തിക വർഷം ഒരു വാഹനം കണ്ടം ചെയ്തു. ഇപ്പോൾ 2005 Model Scorpio കേന്ദ്ര ഓഫീസിൽ ഉണ്ട്. ഇത് മാസങ്ങളായി ഉപയോഗിക്കാതെ കിടക്കുന്നു. ഉപയോഗിക്കത്തക്ക അവസ്ഥയിലാണുള്ളത്.

സർവ്വീസ് ബുക്ക്

**4.8** ജീവനക്കാർക്ക് സർവ്വീസ് ബുക്ക് സൂക്ഷിക്കുന്നില്ല.

**നിലവിലെ വരുമാന മാർഗ്ഗം**

പുറം കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ വിതരണം ചെയ്യൽ (Engagement of staff on outsourcing basis)

**4.9** നൂതനമായ ശാസ്ത്ര സാങ്കേതിക വിദ്യകളുപയോഗിച്ച് വ്യസായ സംരംഭകത്വ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, തൊഴിൽ സാദ്ധ്യതാ മേഖലകളിൽ വിദഗ്ധരെ വാർത്തെടുക്കൽ എന്നിവയാണ് സ്ഥാപനത്തിന്റെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിന് പുറമേ വ്യവസായ സംരംഭകർക്കാവശ്യമായ പ്രോജക്ട് ഐഡന്റിഫിക്കേഷൻ, കൗൺസിലിംഗ് സാധ്യതാ പഠനങ്ങൾ, പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കൽ, തൊഴിൽ പരിശീലനങ്ങൾക്ക് ഒപ്പം യൂണിറ്റുകൾ സ്ഥാപിച്ച് നൽകൽ, മാർക്കറ്റിംഗ് മുതലായ സേവനങ്ങൾ നൽകുക എന്നിവയും സി സ്റ്റെഡിന്റെപ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. 2016-17 മുതൽ പ്രവർത്തനം പാടെ നിലച്ച സി സ്റ്റെഡിന്റെ ഇപ്പോഴത്തെ ഒരേ ഒരു വരുമാന മാർഗ്ഗം സർക്കാർ / പൊതു മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മനുഷ്യ വിഭവം ലഭ്യമാക്കൽല എന്ന പ്രവർത്തിയാണ്. ഇതുവഴി സർവ്വീസ് ചാർജ്ജ് ഇനത്തിൽ ഒരു ചെറിയ തുക സി സ്റ്റെഡിന് ലഭിക്കുന്നു. സി സ്റ്റെഡ് ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുത്ത് വിതരണം ചെയ്യുന്ന ഇപ്പോഴത്തെ ഏജൻസികൾ.

| | സ്ഥാപനത്തിന്റെ/ഏജൻസിയുടെ പേര് | റിക്രൂട്ട്മെന്റ് നടത്തുന്ന തസ്തികകൾ |
|---|---|---|
| 1 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, തിരുവനന്തപുരം | 1. സെക്രട്ടേറിയൽ അസിസ്റ്റന്റ്<br>2. പ്രോജക്ട്/ഷിഫ്റ്റ് എഞ്ചിനീയർ<br>3. അക്കൗണ്ട്സ് ഓഫീസർ |
| 2 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ,മലമ്പുഴ | 1. സെക്രട്ടേറിയൽ അസിസ്റ്റന്റ്<br>2. പ്രോജക്ട്/ഷിഫ്റ്റ് എഞ്ചിനീയർ<br>3. ടെക്നീഷ്യൻ<br>4. കെമിസ്റ്റ്<br>5. ഫീൽഡ് സെയിൽസ് അസിസ്റ്റന്റ് |
| 3 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, പട്ടണക്കാട്. | 1. അക്കൗണ്ട്സ് ഓഫീസർ<br>2. പ്രോജക്ട്/ഷിഫ്റ്റ് എഞ്ചിനീയർ<br>3. ടെക്നീഷ്യൻ<br>4. കെമിസ്റ്റ് |

| | | |
|---|---|---|
| | | 5. ലാബ് അസിസ്റ്റന്റ്<br>6.ജൂനി.ർ അസിസ്റ്റന്റ് |
| 4 | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ,പുന്നപ്ര | 1. പ്രോജക്ട്/ഷിഫ്റ്റ് എഞ്ചിനീയർ<br>2. ടെക്നീഷ്യൻ<br>3. കെമിസ്റ്റ്<br>4.ലാബ് അസിസ്റ്റന്റ്<br>5. ജൂനിയർ അസിസ്റ്റന്റ്, |
| 5 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, തിരുവനന്തപുരം | 1. മാനേജർ<br>2.ഓവർസീയർ<br>3.അക്കൗണ്ട്സ് അസിസ്റ്റന്റ്<br>4.ബോട്ട് ഡ്രൈവർ (സ്രാങ്ക്) |
| 6. | സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി, കോഴിക്കോട് | 1. ഹൗസ് കീപ്പിംഗ് സ്റ്റാഫ് (ക്ലീനിംഗ്) |

<u>റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ</u>

**4.10** സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ഉദ്യോഗാർത്ഥികളെ ആവശ്യമുള്ള അവസരത്തിൽ ടി സ്ഥാപനങ്ങൾ ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്നതിനായി സി സ്റ്റെഡിനെ സമീപിക്കുകയും ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്ത് നൽകുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് സി സ്റ്റെഡുമായി ഒരു കരാറിൽ ഏർപ്പെടുകയും ചെയ്യുന്നു. കരാർ ഒപ്പിട്ടതിന് ശേഷം സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ സി-സ്റ്റഡ് ഒരു താൽക്കാലിക പദ്ധതിക്ക് വേണ്ടി ഏജൻസി ആവശ്യപ്പെട്ട തസ്തികയ്ക്ക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപരസ്യം നൽകുന്നു. ലഭ്യമായ അപേക്ഷകരെ ഒരു കേന്ദ്രത്തിൽ വച്ച് വൈദഗ്ധ്യ പരീക്ഷ/ഇന്റർവ്യൂ എന്നിവ നടത്തി തെരെഞ്ഞെടുക്കുന്നു. തെരെഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് അംഗീകാരത്തിന് ശേഷം ടി റാങ്ക് ലിസ്റ്റിൽ നിന്നും ഏജൻസികൾക്ക് ആവശ്യമായ ഉദ്യോഗാർത്ഥികളെ വിതരണം ചെയ്യുന്നു.

**4.11** സി സ്റ്റെഡിന്റെ മേൽനോട്ടത്തിൽ നടത്തുന്ന അഭിരുചി പരീക്ഷയിലും ഇന്റർവ്യൂവിലും സ്ഥാപനത്തിന്റെ പ്രതിനിധിയും സി-സ്റ്റഡിന്റെ പ്രതിനിധിയും സാങ്കേതിക മേഖലയിലുള്ള വിദഗ്ധരും ഉൾപ്പെടുന്നു. ഒരു നിശ്ചിത കാലയളവിലേയ്ക്കുള്ള കരാർ അടിസ്ഥാനത്തിലുള്ള നിയമനമായിരിക്കുമിത്. സാധാരണയായി ഒരു വർഷം/ആറ് മാസം കാലാവധിയാണ് ഉണ്ടാകുക. എന്നാൽ വീണ്ടും കാലാവധി നീട്ടി നൽകാറുണ്ട്. റിക്രൂട്ട് ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് വേതനവും പ്രോവിഡന്റ് ഫണ്ട് വിഹിതവും ഒടുക്കുന്നതിനുള്ള തുകയും സ്ഥാപനം സി-സ്റ്റഡിനാണ് നൽകുന്നത്. ഇതോടൊപ്പം സി-സ്റ്റഡിന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ തുക നൽകുന്നു. ഇതാണ് സി സ്റ്റഡിനുള്ള വരുമാനം. സ്ഥാപനം അനുവദിക്കുന്ന

തുകയുടെ 13.75% ആയിരുന്ന സർവ്വീസ് ചാർജ്ജ് പിന്നീട് 12.5% ആയി മാറിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജിന് കരാർ വ്യവസ്ഥയുടെ ഭാഗമായി മാറ്റം വരുത്താവുന്നതാണ്. ഒരു സ്ഥാപനത്തിന് ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളുടെ ശമ്പളവും പ്രോവിഡന്റ് ഫണ്ട് വിഹിതവും സി സ്റ്റഡിന്റെ സർവ്വീസ് ചാർജ്ജും ഉൾപ്പെടുന്ന തുക ഓരോ മാസവും സി-സ്റ്റഡ് ക്ലെയിം ആയി ആവശ്യപ്പെടുന്നു. ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകിയ ഉദ്യാഗസ്ഥർക്ക് വേതനം സി സ്റ്റഡ് നേരിട്ട് നൽകുന്നു. സി സ്റ്റെഡിന് ഇപ്പോൾ ലഭിക്കുന്ന ഒരേയൊരു വരുമാനമാർഗ്ഗമാണിത്.

**ഓഫീസ് പ്രവർത്തനത്തിന്റെ പോരായ്മകൾ**

**4.12** സി സ്റ്റെഡിന്റെ സുഗമമായ പ്രവർത്തനത്തിന് അതാത് സമയങ്ങളിൽ വിവിധ സർക്കുലറുകളും നിർദ്ദേശങ്ങളും പുറപ്പെടുവിക്കാറുണ്ടെങ്കിലും അവയൊന്നും തന്നെ കൃത്യമായി പാലിക്കപ്പെടുന്നില്ല. ഓരോ ജീവനക്കാരും അവരുടെ താൽപര്യമനുസരിച്ച് വരികയും പോകുകയും ചെയ്യുന്ന അവസ്ഥയാണ്. ഹാജർ പുസ്തകം സൂക്ഷിക്കുന്നതിലും തികഞ്ഞ അനാസ്ഥയാണ്. 2017-ലെ ഹാജർ പുസ്തകം നവംബർ മാസം മുതൽ കാൺമാനില്ലായെന്നാണ് പ്രോജക്ട് എഞ്ചിനീയർ അറിയിച്ചത്. ആയതിനാൽ ഡിസംബർ മാസത്തേക്കായി ഒരു പുതിയ ഹാജർ പുസ്തകം തുറക്കുകയും 2018 ജനുവരി മുതലുള്ള ഹാജർ തുടർന്ന് അതിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിന്നീട് ഹാജർ പുസ്തകം കണ്ടെടുത്ത് ലഭ്യമാക്കുകയുണ്ടായി. ഹാജർ പുസ്തകം കാൺമാനില്ലായെന്ന് കാണിച്ച് പ്രോജക്ട് എഞ്ചിനീയർ സി സ്റ്റെഡ് ഡയറക്ടർക്ക് പരാതിയും നൽകിയിട്ടുണ്ട്. സി സ്റ്റെഡിൽ വരുന്ന തപാലുകൾ യഥാസമയം ഇൻവേർഡ് രജിസ്റ്ററിൽ ചേർക്കുന്നില്ല. വളരെ ദിവസങ്ങൾ കഴിഞ്ഞാണ് അവ ഇൻവേഡ് രജിസ്റ്ററിൽ ചേർക്കുന്നത്. ഡയറക്ടർ ഇല്ലാത്തതിനാൽ കോഴിക്കോട് റീജിയണൽ സെന്ററിന്റെ ചുമതല വഹിക്കുന്നത് പ്രോജക്ട് എഞ്ചിനീയർ ആണ്. വരുന്ന തപാലുകൾ യാതൊരു പരിശോധനയും കൂടാതെ അക്കൗണ്ടന്റിനും സി എ യ്ക്കും നൽകുകയാണ് പതിവ്. തപാലുകളിന്മേൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് തുടരന്വേഷണങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് കൃത്യമായ മറുപടി നൽകുന്നുണ്ട്. എന്നാൽ ആർ.ടി.ഐ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽനോട്ടക്കുറവ് ഓഫീസിന്റെ പ്രവർത്തനത്തിൽ കാണുന്നു. പല തപാലുകളും ഓൺലൈനായി അക്കൗണ്ടന്റിന് ലഭിക്കുകയും അക്കൗണ്ടന്റ് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഈ വിവരം ഓഫീസിന്റെ ചുമതലയുള്ള പ്രോജക്ട് എഞ്ചിനീയർ അറിയുന്നില്ല. ഇങ്ങനെ ജീവനക്കാർക്കിടയിൽ അനൈക്യം നിലനിൽക്കുന്നു.

**4.13** സി സ്റ്റെഡിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി മൂന്ന് ജില്ലാ ഓഫീസുകളിൽ പഠന സംഘം സന്ദർശനം നടത്തുകയുണ്ടായി.

**എറണാകുളം മേഖല /ജില്ലാ ഓഫീസ്**

ജീവനക്കാർ

1. ശ്രീമതി കെ വി ശൈലജ (പ്രോജക്ട് എഞ്ചിനീയർ)
2. ശ്രീമതി ഗോമതി സരോജം എം. (ജില്ലാ കോ-ഓർഡിനേറ്റർ)
3. ശ്രീമതി ആൻസി വർഗ്ഗീസ് (പ്രോജക്ട് അസിസ്റ്റന്റ്)

**4.14** പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ എന്നീ അഞ്ച് ജില്ലാ ഓഫീസുകളുടെ മേൽനോട്ടവും ഏകോപനവും എറണാകുളം മേഖല ഓഫീസിന്റെ ചുമതലയുള്ള പ്രോജക്ട് എഞ്ചിനീയർക്കാണ്. ടി ജില്ലകളിൽ നടപ്പാക്കുന്ന പ്രോഗ്രാമുകൾ ഏകോപിപ്പിക്കുകയും പ്രസ്തുത പരിപാടികൾ അനുവദിക്കപ്പെട്ട തുകകളുള്ളിലാണെന്ന് ഉറപ്പുവരുത്തുകയും, ഫണ്ട് അപേക്ഷകൾ സൂക്ഷമ പരിശോധനക്ക് വിധേയമാക്കേണ്ടതും പ്രോജക്ട് എഞ്ചിനീയറുടെ ചുമതലയാണ്. അതോടൊപ്പം ജില്ലാതലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൻമേൽ മാർഗ്ഗനിർദ്ദേശം നൽകുന്നതും പ്രോജക്ട് എഞ്ചിനീയറാണ്.

**ജില്ലാ ഓഫീസിന്റെ പ്രവർത്തനം**

**4.15** 2006-07 മുതൽ 2014-15 വരെ എറണാകുളം ജില്ലാ ഓഫീസിൽ സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് പരിപാടികളും, പ്രോജക്ടുകളും ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ, ഡി.ആർ.ഡി.എ, ഐ.സി.ഡി.എസ് എന്നീ ഏജൻസികളുമായി സഹകരിച്ചാണ് ജില്ലയിൽ സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ് പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച കണക്കുകൾ ചുവടെ കാണാവുന്നതാണ്.

| **സാമ്പത്തിക വർഷം** | **ഏറ്റെടുത്ത പരിപാടികൾ (എണ്ണം)** |
|---|---|
| 2006-07 | 15 |
| 2007-08 | 43 |
| 2008-09 | 33 |
| 2009-10 | 30 |
| 2010-11 | 13 |
| 2011-12 | 38 |
| 2012-13 | 23 |
| 2013-14 | 20 |
| 2014-15 | 21 |

**ഇ-സേവന 2016-17**

**4.16** സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമായി ചേർന്ന് സി സ്റ്റെഡ് നടപ്പിലാക്കിയ ഒരു സംസ്ഥാന വ്യാപക പരിപാടിയാണ് ഇ-സേവന. ഓരോ ജില്ലയിൽ നിന്നും 20 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ജില്ലാ പട്ടികജാതി വികസന ഓഫീസറാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സി സ്റ്റെഡിന് കൈമാറുന്നത്. ടി ഗുണഭോക്താക്കൾക്ക് വൈദഗ്ധ്യ പരിശീലനം നൽകുകയാണ് സി സ്റ്റഡിന്റെ ചുമതല. എറണാകുളം ജില്ലാ ഓഫീസ് അവസാനമായി നടപ്പിലാക്കിയിട്ടുള്ള പരിപാടിയാണിത്.

**ഹാജർ പുസ്തകം**

**4.17** എറണാകുളം ജില്ലാ ഓഫീസിനും മേഖല ഓഫീസിനും വേണ്ടി പൊതുവായി ഒരു ഹാജർ പുസ്തകം ഉപയോഗിച്ചു വരുന്നു. ജീവനക്കാർ കൃത്യമായി ഹാജർ രേഖപ്പെടുത്തുന്നുണ്ട്.

**അക്വിറ്റൻസ് രജിസ്റ്റർ**

**4.18** 2016 ഏപ്രിൽ മാസം വരെയുള്ള ശമ്പളം അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പിട്ട് ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 2016 ഒക്ടോബർ മാസം വരെ ജീവനക്കാർക്ക് ശമ്പളം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഓഫീസിൽ നിന്നും ശമ്പള സ്ലിപ്പ് ലഭിക്കാത്തതിനാൽ ശമ്പള വിവരം അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**ക്യാഷ് ബുക്ക്**

**4.19** 31.03.2018 വരെയുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടുണ്ട്.

**ജില്ലാ ഓഫീസ് നേരിടുന്ന പ്രശ്നങ്ങൾ**

**4.20** ജില്ലാ ഓഫീസ് നേരിടുന്ന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

- കേന്ദ്ര ഓഫീസിൽ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങളിൻമേൽ അംഗീകാരം നൽകുന്നില്ല. ഉദാഹരണമായി എറണാകുളം മേഖല ഓഫീസിൽ നിന്നും 2016 സെപ്റ്റംബർ മാസത്തിൽ ഏഴ് കോടി രൂപയുടെ 'ഹോം വെജിറ്റബിൾ ഗാർഡൻ ' എന്ന പദ്ധതി നിർദ്ദേശം തയ്യാറാക്കി സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ ആയതിന് അംഗീകാരം നൽകിയിട്ടില്ല. ഇതിൻമേൽ കേന്ദ്ര ഓഫീസിൽ നിന്നും യാതൊരു തുടർനടപടികളും കൈക്കൊണ്ടിട്ടില്ല.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന തൊഴിൽ പരിശീലനങ്ങളും സംരംഭങ്ങളും നടപ്പിലാക്കുന്നതിന് സി സ്റ്റഡിനെ അംഗീകൃത ഏജൻസിയായി സർക്കാർ അംഗീകാരം നൽകിയിരുന്നുവെങ്കിലും 2016-17 വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചപ്പോൾ നിർവ്വഹണ ഏജൻസി കോഡ് സി സ്റ്റഡിന് ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ സി സ്റ്റഡിനെ പങ്കാളിയാക്കിയില്ല.
-എറണാകുളം മേഖല/ജില്ലാ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 2016 നവംബർ മാസം മുതൽ കെട്ടിട വാടക കുടിശ്ശികയാണ്. 14,726/- രൂപയാണ് ഇപ്പോഴത്തെ പ്രതിമാസ വാടക. വാടക കുടിശ്ശികയ്ക്കായി കെട്ടിടം ഉടമ വലിയ സമ്മർദ്ദം ചെലുത്തുന്നുണ്ട്. സി

സ്റ്റഡിന്റെ സാമ്പത്തിക നില വളരെ പരിതാപകരമായതിനാൽ തുക അനുവദിക്കാൻ കഴിയുന്നില്ല.

-ജില്ലാ ഓഫീസിൻമേൽ നിയന്ത്രണമോ മേൽനോട്ടമോ കേന്ദ്ര ഓഫീസ് നടത്തുന്നില്ല. ജില്ലാ ഓഫീസിൽ നിന്നും എല്ലാ മാസവും പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെന്റും വൗച്ചറുകളുടെ അസ്സലും കേന്ദ്ര ഓഫീസിൽ സമർപ്പിക്കേണ്ടതുണ്ട്. 2018 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റും വൗച്ചറുകളും കേന്ദ്ര ഓഫീസിൽ സമർപ്പിച്ചിട്ടില്ല. കേന്ദ്ര ഓഫീസിൽ നേരിട്ട് നൽകേണ്ട ടി രേഖകൾ കൈപ്പറ്റുവാൻ പോലും തയ്യാറാവുന്നില്ല എന്നാണ് ജില്ല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുള്ളത്.

-2013-ന് ശേഷം ജീവനക്കാരുടെ ഇ.പി.എഫ് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടില്ല. ഇ.പി.എഫ് വിഹിതം കേന്ദ്ര ഓഫീസ് കൃത്യമായി ഒടുക്കുന്നില്ല എന്ന് ജീവനക്കാർ പരാതിപ്പെടുന്നു.

**തൃശ്ശൂർ ജില്ലാ ഓഫീസ്**

ജില്ലാ ഓഫീസിലെ ജീവനക്കാർ

1. ശ്രീമതി പ്രീതി.എസ് (ജില്ലാ കോ ഓർഡിനേറ്റർ)
2. ശ്രീമതി രമണി കെ.ജി (ഹെൽപ്പർ)

**4.21** തൃശ്ശൂർ ജില്ലാ ഓഫീസിന്റെ നേതൃത്വത്തിൽ തൃപ്തികരമായ പ്രവർത്തനമാണ് മുൻകാലങ്ങളിൽ നടത്തിയിരുന്നത്. 2010-2011 മുതൽ 2016-17 വരെ ജില്ലാ ഓഫീസ് നടപ്പിലാക്കിയ നൈപുണ്യ വികസന പരിപാടികൾ / പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം |
|---|---|
| 2010-11 | 23 |
| 2011-12 | 59 |
| 2012-13 | 34 |
| 2013-14 | 53 |
| 2014-15 | 32 |
| 2015-16 | 10 |
| 2016-17 | - |

ഹാജർ പുസ്തകം - കൃത്യമായി കൈകാര്യം ചെയ്തു വരുന്നു.

അക്വിറ്റൻസ് രജിസ്റ്റർ - 2016 ഓക്ടോബർ മാസം വരെ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തിട്ടുണ്ട്.

ക്യാഷ് ബുക്ക്- തൃശ്ശൂർ ജില്ലാ ഓഫീസിൽ ക്യാഷ് ബുക്ക് കൃത്യമായി കൈകാര്യം ചെയ്യുന്നു.

2016-17 വർഷത്തിൽ സി സ്റ്റെഡ് തൃശ്ശൂർ ജില്ലാ ഓഫീസ് നടപ്പിലാക്കിയ പ്രധാന പദ്ധതി

**4.22** തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണം - വനിതാ ഘടക പദ്ധതി 2016-17 ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സാനിട്ടറി നാപ്കിൻ ട്രയിനിംഗ് കം യൂണിറ്റ് സെറ്റപ്പ് എന്ന പദ്ധതി സി സ്റ്റെഡാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ട്രെയിനിംഗിന് 150000/-രൂപയാണ്

വകയിരുത്തിയത്. ട്രെയിനിംഗിന് ശേഷം മൂന്ന് ഷീ പാഡ് മേക്കിംഗ് മെഷീൻ സ്ഥാപിച്ച് സാനിട്ടറി നാപ്കിൻ നിർമ്മിക്കുകയാണ് പദ്ധതി ലക്ഷ്യം. സി സ്റ്റെഡിന്റെ നേതൃത്വത്തിൽ 32 പേർക്ക് പരിശീലനം നൽകി പദ്ധതിയുടെ ട്രെയിനിംഗ് ഭാഗം വിജയകരമായി പൂർത്തിയാക്കി. ലഭിക്കുന്ന പരിപാടികൾ കൃത്യമായി നിർവ്വഹണം നടത്താൻ തൃശ്ശൂർ ഓഫീസിന് കഴിയുന്നുണ്ട്.

**ജില്ലാ ഓഫീസ് നേരിടുന്ന പ്രശ്നങ്ങൾ**

**4.23** ജില്ലാ ഓഫീസ് നേരിടുന്ന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

-കഴിഞ്ഞ ആറ് മാസങ്ങളായി കേന്ദ്ര ഓഫീസിലേക്ക് അയക്കേണ്ടതാ വൗച്ചറുകളും പ്രതിമാസ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും അയക്കുന്നില്ല. കേന്ദ്ര ഓഫീസിൽ നിന്നും കൃത്യമായ നിർദ്ദേശങ്ങളൊന്നും ഇക്കാര്യത്തിൽ ലഭിക്കുന്നില്ല എന്നും അസ്സൽ വൗച്ചറുകളും മറ്റ് രേഖകളും ഉത്തരവാദിത്വത്തോടെ കേന്ദ്ര ഓഫീസിൽ സ്വീകരിക്കുന്നില്ല എന്നതുകൊണ്ടുമാണ് അയക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്.

-തൃശ്ശൂർ ജില്ലാ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത് പ്രതിമാസ വാടക 10000/- രൂപയാണ്. 10 മാസത്തെ വാടക കുടിശ്ശികയുണ്ട്.

-2011 വർഷത്തിനുശേഷം ജില്ലാ ഓഫീസിലെ ജീവനക്കാർക്ക് ക്ഷാമബത്താ വർദ്ധനവ്, ലീവ് സറണ്ടർ എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നു.

-ജില്ലാ കോ ഓർഡിനേറ്റർ തയ്യാറാക്കുന്ന പല പദ്ധതി നിർദ്ദേശങ്ങളും കേന്ദ്ര ഓഫീസിൽ നിന്നും വേണ്ടത്ര പിന്തുണയോ നിർദ്ദേശമോ ഇല്ലാത്ത സാഹചര്യത്തിൽ ഫയലുകളിൽ തന്നെ വിശ്രമിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കുന്ന പല പദ്ധതികളും ജില്ലാ ഓഫീസ് തയ്യാറാക്കിയിട്ടുണ്ട്. ഉദാഹരണമായി കൃഷി വകുപ്പുമായി സഹകരിച്ച് നടപ്പാക്കാൻ കഴിയുന്ന റൂഫ് ടോപ്പ് കൾട്ടിവേഷൻ പ്രോഗ്രാം. കെട്ടിടത്തിന്റെ മുകളിൽ പച്ചക്കറി കൃഷി നടത്തുന്നതിനായി വീട്ടമ്മമാർക്ക് പരിശീലനം നൽകുന്നതാണ് ടി പദ്ധതി. ചെറിയ അളവിൽ വെള്ളവും വളവും ഉപയോഗിച്ച് പെട്ടെന്ന് വിളവെടുക്കാൻ കഴിയുന്ന പച്ചക്കറികളുടെ ഉൽപാദനമാണ് ലക്ഷ്യമിടുന്നത്. ജൈവവളം ഉപയോഗിച്ചും രാസകീടനാശിനികളുടെ ഉപയോഗം ഇല്ലാതെയും വീട്ടിലെ മാലിന്യം ഉപയോഗിച്ചും സ്വയം നടത്തുന്ന കൃഷിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്തും കൃഷിഭവനും സി സ്റ്റെഡും ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്ത് തെരെഞ്ഞെടുത്ത് അയക്കുന്ന ഗുണഭോക്താക്കൾക്ക് പരിശീലനം സി സ്റ്റെഡ് നൽകുന്നതായിരിക്കും. ഇത്തരത്തിലുള്ള പല പദ്ധതി നിർദ്ദേശങ്ങളും അംഗീകാരം നേടാനാകാതെയും നിർവ്വഹണം നടത്താൻ കഴിയാതെയും ഫയലിൽ തന്നെ വിശ്രമിക്കുകയാണ്.

**സി സ്റ്റെഡ് ജില്ലാ ഓഫീസ്, കോഴിക്കോട്**

**4.24** സി സ്റ്റെഡിന്റെ കോഴിക്കോട് ഹെഡ് ഓഫീസിനോട് ചേർന്നാണ് ജില്ലാ ഓഫീസ് പ്രവർത്തിക്കുന്നത്. ഇത് ഒരു പ്രത്യേക ഓഫീസായി പ്രവർത്തിക്കുകയായിരുന്നു. സി സ്റ്റെഡിന്റെ ഹെഡ് ഓഫീസ് കോഴിക്കോട് താലൂക്ക് ഓഫീസിന്റെ പുതിയ കെട്ടിടത്തിലേക്ക് മാറിയതിന് ശേഷം അതോടൊപ്പം സബ് സെന്ററും മാറ്റിയിരിക്കുകയാണ്. ജില്ലാ ഓഫീസായ സബ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിലാണ് നടക്കുന്നത്. ജില്ലാ ഓഫീസുകൾക്ക്

രണ്ട് രീതിയിലാണ് പദ്ധതികൾ ലഭിക്കുന്നത്. ജില്ലാ തല ഓഫീസർമാർ മുഖേന ലഭിക്കുന്ന പദ്ധതികളും, ഹെഡ് ഓഫീസ് മുഖേന ലഭിക്കുന്ന പദ്ധതികളും. ഈ രണ്ട് രീതിയിലും ലഭിച്ച പദ്ധതികളും അവർ നല്ല രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അക്കൗണ്ടുകൾ ഭംഗിയായി സൂക്ഷിക്കുന്നു. കണക്കുകളെല്ലാം വളരെ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മെച്ചപ്പെട്ട പ്രവർത്തനമാണ് കോഴിക്കോട് ജില്ലാ ഓഫീസ് നടത്തുന്നത്.

**4.25 കോഴിക്കോട് ജില്ലാ ഓഫീസ് നടത്തിയ ചില പദ്ധതികൾ**

1) സാരി ഡിസൈനിംഗ് (2014-15)

ഐ.സി.ഡി.എസ് ചേലന്നൂരുമായി സഹകരിച്ച് 20 കുട്ടികൾക്ക് ഫാഷൻ ഡിസൈനിംഗ് കോഴ്സ് നടത്തി. കരാർ ഉടമ്പടി പ്രകാരം കോഴ്സ് നടത്തി വിനിയോഗ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

2) ഗാർമെന്റ് മേക്കിംഗ് (2014-15)

ചേലന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് 2014-15 വർഷത്തിൽ ഗാർമെന്റ് മേക്കിംഗ് കോഴ്സ് സംഘടിപ്പിച്ചു. ചേലന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കക്കോടി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിൽ വച്ചാണ് പരിശീലനം നടത്തിയത്. 10 കുട്ടികൾക്ക് പരിശീലനം നൽകി.

3) ഫാഷൻ ഡിസൈനിംഗ് പരിശീലനം (2017-18)

ജില്ലാ വ്യവസായ കേന്ദ്രവും സി സ്റ്റെഡും സംയുക്തമായി നടത്തിയ പരിശീലന പരിപാടി 29/6/2017 ൽ ആരംഭിച്ച് 29/7/2017 ൽ അവസാനിപ്പിച്ചു. 25 പേർക്ക് 20 ദിവസത്തെ പരിശീലനമാണ് നൽകിയത്. ഒരാൾക്ക് 3680 രൂപ വീതമാണ് പരിശീലന ഫീസ്.

4) ജൂവൽ ഡിസൈനിംഗ് (2014-15)

ഐ.സി.ഡി.എസ് പന്തലായനി വഴി 20 പേർക്ക് 20 ദിവസത്തെ ജൂവൽ മേക്കിംഗ് പരിശീലന പരിപാടി. 7/3/2015 മുതൽ 31/3/2015 വരെയാണ് പരിശീലന പരിപാടി നടത്തിയത്.

5) എം.എസ് ഓഫീസ് മാനേജ്മെന്റ് (2014-15)

ഐ.സി.ഡി.എസ് വടകരയുമായി ചേർന്ന് സി സ്റ്റെഡ് നടത്തിയ കോഴ്സ്. 20 പേർക്കുള്ള പരിശീലന പരിപാടി 9.3.2015 മുതൽ 9.4.2015 വരെ നടത്തി. പദ്ധതി വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

6) ബ്യൂട്ടി പാർലർ മാനേജ്മെന്റ് (2014-15)

ഐ.സി.ഡി.എസ് കുന്ദമംഗലവുമായി ചേർന്ന് സി സ്റ്റെഡ് നടത്തിയ കോഴ്സ്. 20 പേർക്ക് പരിശീലനം നൽകിയ പരിപാടി 2/3/1915 മുതൽ 31/3/2015 വരെയാണ് നടത്തിയത്.

7) പട്ടികജാതി യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം (2014-15)

കോഴിക്കോട് ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപെടുന്ന യുവതീയുവാക്കൾക്കായി ഡിജിറ്റൽ ഇൻഡ്യയുടെ ഭാഗമായി ഇ-സർവ്വീസിംഗ് മേഖലയിൽ സൗജന്യ പരിശീലനവും സ്റ്റൈപെൻഡും നൽകി. ഡെസ്ക് ടോപ്പ് ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സർവ്വീസിങ്ങിലും, നെറ്റ് വർക്കിംങ് പരിശീലനം നൽകി. സി

സ്റ്റെഡിന്റെ കേന്ദ്ര ഓഫീസ് മുഖേന ലഭിച്ച ഈ പദ്ധതിയിലൂടെ 12 പേർക്ക് പരിശീലനം നൽകി.

കോഴിക്കോട് ജില്ലാ ഓഫീസിൽ ഹാജർ പുസ്തകം കൃത്യമായി സൂക്ഷിക്കുകയും അതിൽ ഹാജർ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പ്രോഗ്രാം അസിസ്റ്റന്റായി ജയപ്രകാശ്. പി.എസും, പ്രോജക്ട് അസിസ്റ്റന്റായി പ്രവീഷ്.വി.റ്റി യും ജോലി ചെയ്യുന്നു.

### 4.26 കോഴിക്കോട് ജില്ലാ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ

കൺസ്യൂമബിൾ സ്റ്റോക്ക് രജിസ്റ്റർ

വിവിധ ട്രയിനിംഗ് കോഴ്സുകൾക്ക് (ഫുഡ് പ്രോസസിംഗ്, മൊബൈൽ ഫോൺ ടെക്നോളജി, സാരി ഡിസൈനിംഗ്) ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

ക്യാപിറ്റൽ സ്റ്റോക്ക് രജിസ്റ്റർ - ജില്ലാ ഓഫീസിൽ വിവിധ പദ്ധതികൾക്ക് ആവശ്യമായി വരുന്ന ഉപകരണങ്ങൾ വാങ്ങുന്നത് സംബന്ധിച്ച രജിസ്റ്റർ. കൃത്യമായി സൂക്ഷിക്കുന്നു.

പ്രോഗ്രാം രജിസ്റ്റർ - വിവിധ പ്രോഗ്രാമുകളെ സംബന്ധിച്ച രജിസ്റ്റർ. സബ് സെന്റർ ഏറ്റെടുത്ത് നടത്തുന്ന ട്രയിനിംഗ് കോഴ്സുകളെ സംബന്ധിച്ച രജിസ്റ്റർ. ഇതിൽ വിവിധ പ്രോഗ്രാമുകൾക്ക് പ്രത്യേക കോഡുകൾ നൽകി അവയ്ക്ക് അനുവദിക്കുന്ന തുകയും രേഖപ്പെടുത്തിയിരിക്കുന്നു.

ക്യാഷ് ബുക്ക് (2016-17)

2017 മാർച്ച് മാസം വരെയുള്ള സാമ്പത്തിക ഇടപാടുകളെ സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റും ക്യാഷ് ബുക്ക് സ്റ്റേറ്റ്മെന്റും കൃത്യമാണ്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ - വിവിധ ആവശ്യങ്ങൾക്ക് ചെക്ക് നൽകുന്നത് സംബന്ധിച്ച രജിസ്റ്റർ. കൃത്യമായി പരിപാലിക്കുന്നു. 01/06/2017 വരെയുള്ള ചെക്കുകൾ നൽകിയതു സംബന്ധിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 4.27 അക്കൗണ്ട്സ്

എസ് ബി. ടി യുടെ കോഴിക്കോട് മെയിൻ ബ്രാഞ്ചിലെ എസ്.ബി. അക്കൗണ്ട് നം. 57023898040 എന്ന അക്കൗണ്ടാണ് ജില്ലാ ഓഫീസിനുള്ളത്. കോഴിക്കോട് സബ് സെന്ററിന്റെ 2014-15, 2015-16, 2016-17 വരെയുള്ള അക്കൗണ്ടുകൾ കൃത്യമായി സൂക്ഷിക്കുന്നു. എല്ലാ മാസവും സ്റ്റേറ്റ്മെന്റ് ജില്ലാ കോർഡിനേറ്റർ സി സ്റ്റെഡിന്റെ കോഴിക്കോട് ഹെഡ് ഓഫീസിലേക്ക് അയക്കുന്നു. ഓരോ പദ്ധതിയിലും ചെലവാക്കുന്ന തുക ഓവർഹെഡ് ചെലവുകൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നു. അക്കൗണ്ടിന്റെ പ്രതിമായ സ്റ്റേറ്റ്മെന്റ്, ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യമായി നൽകിയിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെയുള്ള സെന്ററിന്റെ ടി.എ/ഡി.എ ബില്ലുകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

# ഭാഗം 2

## പദ്ധതികളും പ്രവർത്തന അവലോകനവും

## അദ്ധ്യായം 5
## പദ്ധതികൾ

**5.1** സി സ്റ്റെഡ് 2016 മുതൽ ഏറ്റെടുത്ത ചില പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കുകയോ നിർത്തലാക്കുകയോ ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ചില പദ്ധതികളെ സംബന്ധിച്ച് പരിശോധിക്കുകയും ചെയ്തു. അവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**KSBC - Proposal for job oriented training programme on Geriatric Home Nursing to Minorities.**

**5.2** ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടത്തുന്ന 5 മാസം ദൈർഘ്യമുള്ള പരിശീലന പരിപാടിയാണ് 'ജിറിയാട്രിക് ഹോം നഴ്സിംഗ് പരിശീലനം'. ഈ പദ്ധതിയുടെ നടത്തിപ്പ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, സി സ്റ്റഡിനെ ഏൽപ്പിച്ചു. 52,50,000/- രൂപയായിരുന്നു പദ്ധതിയടങ്കൽ. 18.02.2016-ൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പിട്ടു. ഓരോ ജില്ലയിലെയും മതന്യൂനപക്ഷസമുദായത്തിൽപ്പെട്ട (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി, ജൈന) 18-നും 40 നും മദ്ധ്യേ പ്രായമുള്ള എസ്.എസ്.എൽ.സി പാസ്സായ 25 വീതം യുവതികൾക്ക് സിസ്റ്റഡിന്റെ ജില്ലാ ഓഫീസിൽ വെച്ച് പരിശീലനം നൽകാനായിരുന്നുതീരുമാനിച്ചിരുന്നത്. വരുമാന പരിധി 6 ലക്ഷം രൂപയാണ്. പരിശീലനത്തിന് തെരെഞ്ഞെടുക്കുന്നവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ സ്റ്റൈപന്റോടെ സംസ്ഥാന തലത്തിൽ ആകെ 350 വനിതകൾക്ക് പരിശീലനം നൽകാനാണ് പദ്ധതി ലക്ഷ്യം വെച്ചത്. ഇതിനായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് വേണ്ടി സി സ്റ്റഡ് പത്രപരസ്യം നടത്തിയിരുന്നു.ന പദ്ധതിയിൽ ആവശ്യത്തിന് പരിശീലനാർത്ഥികളെ കണ്ടെത്താൻ കഴിയാത്തതിനാൽ പദ്ധതി സി-സ്റ്റഡ് ഉപേക്ഷിച്ചു.

**Technology Development and Adaptation Programme (TDAP)**

**5.3** ഈ പദ്ധതി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സി സ്റ്റെഡിന് അനുവദിച്ച പദ്ധതിയാണ്. സി സ്റ്റെഡിന്റെ തിരുവനന്തപുരം റീജിയണൽ സെന്ററിലെ കോ ഓർഡിനേറ്റർ ശ്രീ.പെൻ.ജി.ദാസ് ആണ് ഇതിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, Technology development and adaptation of wood carving using CAD and CAM എന്ന ശീർഷകത്തോട് കൂടിയ ഈ പദ്ധതിക്ക് 10 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ഈ പദ്ധതിയുടെ MoU ഒപ്പ് വയ്ക്കുകയും ചെയ്തു. 5/8/2016 ൽ ആരംഭിച്ച ഈ പദ്ധതി 1/9/2016 ലെ TDAP മീറ്റിംഗിൽ പരിശോധിക്കുകയും ഈ പദ്ധതിയിൽ യാതൊരു പുരോഗതിയും ഉണ്ടായില്ലെന്ന് കണ്ടെത്തുകയും ചെയ്തു. 6/2/2017 ൽ കൂടിയ യോഗത്തിലും പദ്ധതി പരിശോധിക്കുകയും ഈ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പദ്ധതി തുടർന്ന് കൊണ്ടു പോകുന്നതിൽ യാതൊരുവിധ നടപടികളും സ്വീകരിക്കുന്നില്ലായെന്ന്

കണ്ടെത്തുകയും ചെയ്തു. ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ പി.ഐ പരാജയപ്പെട്ടെന്നും ധാരണാപത്രത്തിലെ 12, 15, 16 എന്നീ നിബന്ധനകൾ പാലിച്ചില്ലെന്നും കമ്മിറ്റി കണ്ടെത്തി. ആയതിനാൽ ഈ പദ്ധതി അവസാനിപ്പിക്കാൻ കമ്മിറ്റി നിർദ്ദേശിച്ചു. 10 ലക്ഷം രൂപ ലഭിച്ചതിൽ 7.5 ലക്ഷം രൂപ KSCSTC യ്ക്ക് തിരികെ നൽകി. 1,25,000/- രൂപ വിവിധ ആവശ്യങ്ങൾക്കായി ചെലവായി. എന്നാൽ ചെലവായ തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ വ്യക്തതയില്ല. Utilisation Certificate, Certificate of Expenditure എന്നിവ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും, വകുപ്പ് തലവനും ഒപ്പ് വച്ചിട്ടില്ല. അക്കൗണ്ടന്റ് മാത്രമാണ് ഒപ്പിട്ടിട്ടുള്ളത്. 1,25,000/- ചെലവഴിച്ചതിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.ചെലവ് സംബന്ധിച്ച വൗച്ചറുകളും സൂക്ഷിച്ചിട്ടില്ല.

**Science Popularisation Programme**

**5.4** കേരള ശാസ്ത്ര സാങ്കേതിക കൗൺസിൽ (KSCSTE) ആവിഷ്കരിച്ച പദ്ധതിയാണിത്. 2 ലക്ഷം രൂപ പദ്ധതിക്കായി കൗൺസിൽ സി സ്റ്റെഡിന് അനുവദിച്ചു. അതിൻപ്രകാരം ഈ പദ്ധതിയുടെ പ്രൊജക്ട് കോ ഓർഡിനേറ്ററോട് പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാൻ ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ അവലോകന യോഗത്തിലേക്ക് ക്ഷണിച്ചെങ്കിലും പ്രോജക്ട് കോ ഓർഡിനേറ്റർ മീറ്റിംഗിൽ പങ്കെടുക്കുകയോ ത്രൈമാസ പുരോഗതി സ്റ്റേറ്റ്മെന്റ് നൽകുകയോ ചെയ്തില്ല. പദ്ധതി ആരംഭിക്കുന്ന തീയതിയും പ്രോജക്ട് കോ ഓർഡിനേറ്റർ നൽകിയിട്ടില്ല. ഇപ്പോൾ എറണാകുളം റീജിയണൽ സെന്ററിലെ ശ്രീമതി കെ.വി.ഷൈലജയാണ് ഈ പദ്ധതിയുടെ പ്രോജക്ട് കോ ഓർഡിനേറ്റർ. മേൽപറഞ്ഞ സാഹചര്യത്തിൽ സി സ്റ്റെഡിന് അനുവദിച്ച് നൽകിയ Science Popularisation Programme എന്ന പദ്ധതി KSCSTE നിർത്തലാക്കി. അനുവദിച്ച തുകയിൽ 90,000/- രൂപ സി സ്റ്റെഡ് തിരികെ KSCSTE ക്ക് മടക്കി നൽകുകയും ചെയ്തു.

**ഹരിത സാങ്കേതിക വിദ്യാകേന്ദ്രം പദ്ധതി (Green Technology Centre) A project sponsored by KSCSTE**

**5.5** സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ 57 ഗ്രീൻ ടെക്നോളജി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്. ഈ പദ്ധതി പ്രകാരം കൃഷിയുമായി ബന്ധപ്പെട്ട് യുവതീയുവാക്കൾക്ക് പരിശീലനം നൽകുക, കൃഷി അനുബന്ധ മേഖലയിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിക്ക് 49 ലക്ഷം രൂപയുടെ അംഗീകാരം 3228/സി3/2014/15 തീയതി 15/9/2015 പ്രകാരം നൽകി. ഇതിന്റെ 60% ആയ 29,40,000/- രൂപ ആദ്യ ഗഡുവായി സി സ്റ്റെഡിന് നൽകി. ഈ പദ്ധതിയുടെ പ്രോജക്ട് കോ ഓർഡിനേറ്റർ എറണാകുളം റീജിയണൽ സെന്ററിലെ പ്രൊജക്ട് എഞ്ചിനീയർ ശ്രീമതി കെ.വി. ശൈലജയാണ്. 42 ഗ്രാമ പഞ്ചായത്തുകളെയും 14 മുനിസിപ്പാലിറ്റികളെയും ഈ പദ്ധതിക്കായി തെരെഞ്ഞെടുക്കുകയും സെന്റർ സ്ഥാപിക്കുന്നതിനായി വിവിധ സ്ഥലങ്ങൾ തെരെഞ്ഞെടുക്കുകയും ചെയ്തു. സെന്റർ മാനേജർമാരെ തെരെഞ്ഞെടുക്കുകയും അവർക്കായി ഓറിയന്റേഷൻ പ്രോഗ്രാം നടത്തുകയും ചെയ്തു. എന്നാൽ പിന്നീട് ഇതിന്റെ പ്രോജക്ട് കോ ഓർഡിനേറ്റർ ഈ പദ്ധതിയുടെ പുരോഗതി

റിപ്പോർട്ട് സമർപ്പിക്കുകയോ, ആഡിറ്റ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. 22/3/2017 ൽ കൂടിയ അഡ്വൈസറി കമ്മിറ്റി യോഗത്തിലും പുരോഗതി റിപ്പോർട്ട് അവതരിപ്പിച്ചിട്ടില്ല. ആയതിനാൽ 31/3/17 ലെ 01/TDPMD/2015/KSCSTE കത്ത് പ്രകാരം പദ്ധതി നിർത്തലാക്കാൻ കമ്മിറ്റി നിർദ്ദേശിച്ചു. കൂടാതെ 9/12/2015- ൽ KSCSTE പട്ടം ആസ്ഥാനത്ത് കൂടിയ സി സ്റ്റെഡിലെ ഡയറക്ടറുടെയും സീനിയർ ഉദ്യോഗസ്ഥരുടെയും മീറ്റിംഗിൽ ജി ടി സി പദ്ധതിയിൽ നിന്നും 10 ലക്ഷം രൂപ വകമാറ്റാനും സി സ്റ്റെഡിന്റെ മറ്റ് ചിലവുകൾക്കായി ഉപയോഗിക്കാനും തീരുമാനിച്ചു. ധനകാര്യ സ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ പ്രസ്തുത തുക തിരികെ നൽകാം എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് ഫണ്ട് വക മാറ്റാനുള്ള തീരുമാനം കൈക്കൊണ്ടത്. പദ്ധതി KSCSTE നിർത്തലാക്കിയ സാഹചര്യത്തിൽ 13/9/2017 ലെ ചെക്ക് നമ്പർ 856992 പ്രകാരം 1147000/- രൂപ തിരികെ KSCSTC ക്ക് മടക്കി നൽകി. കോഴിക്കോട് കല്ലായിയിലെ കേരള ഗ്രാമീൺ ബാങ്ക് ശാഖയിലെ (അക്കൗണ്ട് നം. 40260111000283) അക്കൗണ്ടിലാണ് ജി ടി സി യുടെ തുക കൈകാര്യം ചെയതിരുന്നത്.

## അദ്ധ്യായം 6

## സാമ്പത്തിക അച്ചടക്കരാഹിത്യം ശ്രദ്ധയിൽപ്പെട്ട പ്രോജക്ടുകൾ

### സുനാമി പുനരധിവാസ പദ്ധതി

**6.1** സുനാമി പുനരധിവാസ പദ്ധതിയുടെ രണ്ടാം ഘട്ടം എന്ന നിലയിൽ കോഴിക്കോട് ജില്ലയിലെ സാമൂഹ്യ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 56,22,500 രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭിക്കുന്ന പലിശ ഉപയോഗപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ പ്രധാനമന്ത്രിയുടെ ഓഫീസ് 9/6/2010 ലെ കത്ത് പ്രകാരം അനുമതി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി സി സ്റ്റെഡിനെ തെരെഞ്ഞെടുക്കുകയും 29.06.2010 തീയതിയിലെ സ ഉ നം. 330/210/ഡി എം. ഡി പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ച വിവരം 21/07/2010 ലെ ടി 2-23877/09 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ സി സ്റ്റെഡ് ഡയറക്ടറെ അറിയിച്ചു. തുക വിനിയോഗിക്കുന്നതിനായി വിശദമായ ആക്ഷൻ പ്ലാൻ സമർപ്പിക്കാൻ കളക്ടർ ആവശ്യപ്പെട്ടതിൻ പ്രകാരം 17/8/2010 ൽ സി സ്റ്റെഡ് ഡയറക്ടർ ആക്ഷൻ പ്ലാൻ സമർപ്പിച്ചു. കോഴിക്കോട് കോർപ്പറേഷൻ വടകര, കൊയിലാണ്ടി മുനിസിപ്പാലിറ്റികൾ ഉൾപ്പടെ കോഴിക്കോട് ജില്ലയിലെ 14 തദ്ദേശ സ്വയംഭര സ്ഥാപനങ്ങൾ ആയിരുന്നു ഗുണഭോക്താക്കൾ. പദ്ധതിക്കായി അനുവദിച്ച 56,22,500 രൂപയുടെ വിനിയോഗവുമായി ബന്ധപ്പെട്ട ഒരു പർച്ചേസിങ് കമ്മിറ്റി രൂപീകരിച്ചു, ഈ കമ്മിറ്റിയിൽ താഴെപറയുന്ന ജീവനക്കാർ ഉൾപ്പെട്ടു.

1. ശ്രീ.ഗോവിന്ദൻ കുട്ടി , ടി.ആർ,പി സെൽ കളക്ടറേറ്റ് - ചെയർമാൻ
2. ഷൈലജ. പ്രൊജക്ട് എഞ്ചിനീയർ, സി സ്റ്റെഡ് - മെമ്പർ
3. വിനോദ്. കെ.പി, അക്കൗണ്ടന്റ്, സി സ്റ്റെഡ് - മെമ്പർ
4. ജാനകി. പി, ഡിസ്ട്രിക്ട് കോ ഓർഡിനേറ്റർ, സി സ്റ്റെഡ് - മെമ്പർ

**6.2** പദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ

1. ഫെറോ സിമന്റ് ഉൽപാദന യൂണിറ്റുകൾ (18 എണ്ണം) - Rs. 9,000,00/-
2. മഴവെള്ള സംഭരണികളുടെ നിർമ്മാണം (15 എണ്ണം) - Rs. 22,50,000/-
3. 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാംസ്കാരിക കേന്ദ്രങ്ങൾക്ക് സൗകര്യങ്ങൾ സൃഷ്ടിക്കുക - Rs. 13,16,000/- (അടിസ്ഥാന സൗകര്യങ്ങൾ - Rs. 12,60,000/-, മൈക്ക്, സ്റ്റേജ് ക്രമീകരണങ്ങൾ - Rs. 56,000/-)
4. കരിയർ പാറ്റേൺ സെന്ററുകൾ സ്ഥാപിക്കൽ - Rs. 4,000,00/-
5. ബോധവൽക്കരണ ക്യാംപുകൾ സ്ഥാപിക്കൽ - Rs. 2,06,000/-

**6.3** സുനാമി പുനരധിവാസ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്കായി സർക്കാർ 22,49,000/- രൂപ രണ്ട് തവണയായി ടി.ആർ.പി. സെൽ കോഴിക്കോടിന് അനുവദിച്ചു. സി സ്റ്റെഡ്, പദ്ധതിയുടെ ഒരു ഘട്ടം പൂർത്തിയാക്കിയതിനു ശേഷം ബില്ലുകളും വൗച്ചറുകളും സമർപ്പിച്ചുകൊണ്ട് ആദ്യ ഘട്ടത്തിൽ ചെലവായ 16,49,045/- രൂപ വിട്ടു നൽകുന്നതിനായി

കളക്ടർക്ക് കത്ത് നൽകി. ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് വടകര മുനിസിപ്പാലിറ്റിയിൽ ആരംഭിച്ച കരിയർ പാറ്റേൺ സെന്ററുകളിൽ ലേണിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ച വകയിൽ 1,72,059/- രൂപ 31/3/2011 വരെ ചെലവാക്കി. കരിയർ പാറ്റേൺ സെന്ററുകളിൽ ട്രെയിനിംഗ് പ്രോഗ്രാം നടന്നുവെങ്കിലും അത് ഫലപ്രദമായിരുന്നില്ല എന്ന അഭിപ്രായമായിരുന്നു മുനിസിപ്പാലിറ്റി അധികൃതർക്ക് ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ വൗച്ചറുകൾ അംഗീകരിക്കാൻ മുനിസിപ്പാലിറ്റി അധികൃതർ തയ്യാറല്ലായിരുന്നുവെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

2. ഫെറോസിമന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ട്രെയിനിംഗ് നൽകുന്നതിനായി നടത്തിയ പർച്ചേസ് ക്രമപ്രകാരമല്ല. മാത്രമല്ല ബില്ലുകളൊന്നും തന്നെ യഥാർത്ഥമല്ല. ഇത്തരത്തിൽ ചെലവാക്കിയ തുക അനുവദനീയമല്ല.

3. 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാംസ്കാരിക കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പ്ലാസ്റ്റിക് കസേരകൾ വാങ്ങുകയുണ്ടായി. സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പ്ലാസ്റ്റിക് കസേരകൾ വാങ്ങിയ ഇനത്തിൽ 6,39,870/- രൂപ ചെലവഴിച്ചിട്ടുള്ളത്.

4. മൈക്ക്, സ്റ്റേജ് ക്രമീകരണങ്ങൾക്ക് വകയിരുത്തിയിട്ടുള്ളത് 56,000/- രൂപയാണ്. എന്നാൽ ഈ ഇനത്തിൽ 2,68,342/- രൂപ ചെലവാക്കി.

**6.4** പ്ലാനിൽ നിന്നും വ്യതിചലിച്ച് അനധികൃതമായി മൈക്ക്, സ്റ്റേജ് ക്രമീകരണങ്ങൾക്കായി ചെലവാക്കിയ 2,12,342/- രൂപ, വടകര മുനിസിപ്പാലിറ്റിയിലെ കരിയർ പാറ്റേൺ സെന്ററുകളിൽ സംഘടിപ്പിച്ച ലേണിംഗ് പ്രോഗ്രാമിനായി ചെലവാക്കിയ 1,72,059/- രൂപ എന്നിവ സി സ്റ്റെഡ് അധികൃതരുടെ ബാധ്യതയായി നിജപ്പെടുത്താൻ പരിശോധനാ വിഭാഗം നിർദ്ദേശിച്ചു. മാത്രമല്ല മറ്റിനങ്ങളിലെ ചെലവുകൾക്ക് കൃത്യമായ വൗച്ചറുകളില്ല. ഒറിജിനൽ ബില്ലുകൾ ഇല്ല, സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ചില്ല എന്നിങ്ങനെ നിരവധി ഗുരുതരമായ കൃത്യവിലോപങ്ങളാണ് അധികൃതരുടെ മേൽ ആരോപിച്ചിരുന്നത്. **നീണ്ട നാളുകളായി സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഗൗരവതരമായ സമീപനം സി സ്റ്റെഡ്അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നതിന് ഉദാഹരണമാണ് സുനാമി പുനരധിവാസ പദ്ധതി.**

### ഗ്രാമീണ ഗവേഷക സംഗമം (Rural Innovators' Meet)

**6.5** യാതൊരു മാനദണ്ഡവും പാലിക്കാതെ ചെലവുകൾ വരുത്തുന്നതിന് ഉദാഹരണമാണ് സി സ്റ്റെഡിന്റെയും, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും സംയുക്താഭിമുഖ്യത്തിൽ 2016 മാർച്ച് 9 മുതൽ 11 വരെ കോഴിക്കോട് ജൂബിലി ഹാളിൽ നടന്ന ഗ്രാമീണ ഗവേഷക സംഗമം. സി സ്റ്റെഡ് ആസ്ഥാന ഓഫീസ് നേരിട്ട് നടത്തിയ പ്രോഗ്രാമാണിത്. ഇതിനായി ശാസ്ത്ര സാങ്കേതിക കൗൺസിൽ 15 ലക്ഷം രൂപ സി സ്റ്റെഡിന് കൈമാറി. ഈ പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഫയലിൽ നിന്ന് ലഭിച്ച ഹോട്ടൽ ബില്ലുകളുടെ

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹോട്ടൽ മഹാറാണി - Rs. 82,788/-

ഹോട്ടൽ ജയ - Rs. 20,523/-

സൈറ്റ് ഇൻ ഡോർമിറ്ററി - Rs. 27,850/-

മലബാർ പാലസ് - Rs. 14,431/-

അറ്റലസ് ഇൻ - Rs. 42,035/-

<u>മറ്റ് ചെലവുകൾ</u>

സൈൻ സ്റ്റുഡിയോ - Rs. 48,400/- (ഫ്ലക്സുകൾ , ആർച്ചുകൾ സ്ഥാപിക്കുന്നതിനായി)

അക്ഷര ഓഫ് സെറ്റ് - Rs. 35,614/-

മെലഡി സൗണ്ട്സ് - Rs. 70,700/-

തയ്യിൽ ഏജൻസീസ് - Rs. 2,90,000/- (10 ചെക്കുകളായി)

ബാഗ് ലാൻഡ് - Rs. 40,000/-

യാത്രാപ്പടി - Rs. 66,637 രൂപ

**പഠന സംഘത്തിന്റെ നിരീക്ഷണം**

**6.6** പ്രോഗ്രാമിൽ പങ്കെടുത്ത ഇന്നൊവേറ്റർമാരുടെയും മറ്റ് ക്ഷണിതാക്കളുടെയും എണ്ണം ആർക്കൊക്കെ ഹോട്ടലുകളിൽ താമസ സൗകര്യം ഏർപ്പാടാക്കി, യാത്രാപ്പടി ലഭിച്ച ക്ഷണിതാക്കളുടെ എണ്ണം, സ്ഥാപിച്ച ഫ്ലക്സുകൾ, ആർച്ചുകൾ എന്നിവയുടെ എണ്ണം തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ നിന്നും ലഭ്യമല്ല. ഈ പരിപാടിക്ക് മൊത്തം ചെലവായ തുക സംബന്ധിച്ച ഐറ്റം വൈസ് സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ അധികൃതർക്കും ഇതിനെക്കുറിച്ച് ധാരണയില്ല.

**ഹരിത സാങ്കേതിക വിദ്യാ കേന്ദ്രം പദ്ധതി**

**6.7** ഊർജ്ജ സംരക്ഷണം, ജല സംരക്ഷണം, മാലിന്യ സംസ്കരണം, ജൈവകൃഷി എന്നിവ ഹരിത സാങ്കേതിക വിദ്യയിലൂടെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഹരിത സാങ്കേതിക വിദ്യാപഠന കേന്ദ്രങ്ങൾ സംസ്ഥാനമൊട്ടുക്ക് സ്ഥാപിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക കൗൺസിൽ (KSCSTE) വിഭാവനം ചെയ്ത പദ്ധതി നടപ്പിലാക്കുന്നതിനായി സി സ്റ്റെഡിനെ തെരഞ്ഞെടുത്തു. ആദ്യ ഘട്ടത്തിൽ 57 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത വിദ്യാ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തീരുമാനമെടുത്തു. പദ്ധതി നിർവ്വഹണത്തിനായി 49 ലക്ഷം രൂപയാണ് അനുവദിച്ചത്. ആദ്യ ഗഡുവായി 29,40,000 രൂപയുടെ ചെക്ക് (നം.416230) കേരള ശാസ്ത്ര സാങ്കേതിക കൗൺസിൽ സി സ്റ്റെഡിന് കൈമാറി. പ്രസ്തുത ചെക്ക്, പ്രൊജക്ട് കോ ഓർഡിനേറ്റർ ആയ ശ്രീമതി ഷൈലജ 18.09.2015 ൽ കൈപ്പറ്റി. കൗൺസിൽ ഉത്തരവ് നം.522/2015/ KSCSTE തീയതി 14/9/2015 പ്രകാരമാണ് തുക അനുവദിച്ചത്. ശ്രീമതി ഷൈലജ, പ്രൊജക്ട് എഞ്ചിനീയർ, എറണാകുളം മേഖലാ ഓഫീസ് ആണ് പ്രൊജക്ട് കോ ഓർഡിനേറ്റർ. ശ്രീമതി ഷൈലജ സമർപ്പിച്ച ധന സഹായത്തിന് വേണ്ടിയുള്ള പ്രൊപ്പോസൽ കൗൺസിൽ അംഗീകരിച്ചു. ജി.ടി.സി പദ്ധതിക്ക് വേണ്ടി മാത്രമായി 28/12/2015 ൽ കെ.ജി.ബി യുടെ കല്ലായി ശാഖയിൽ അക്കൗണ്ട് നം.40260111000283 ആയി അക്കൗണ്ട് തുടങ്ങി.

എന്നാൽ കെ.ജി.ബിയിൽ ക്രെഡിറ്റ് ആയത് 24,07,687 രൂപ മാത്രമാണ്. ഈ പദ്ധതി നടത്തിപ്പിൽ ധന ദുർവ്യയം ശ്രദ്ധയിൽപ്പെട്ട ശ്രീമതി ഷൈലജ വസ്തുതകൾ സി സ്റ്റെഡ് ഡയറക്ടർക്ക് 1/4/2016 ൽ അറിയിച്ചു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ തന്നെ സിസ്റ്റെഡ് അക്കൗണ്ടന്റ് അറിയിച്ചിട്ടില്ല എന്നും അതിനാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കഴിയില്ല എന്നും ശ്രീമതി ഷൈലജ 28/6/2016 ൽ തനിക്ക് ലഭിച്ച മെമ്മോക്ക് മറുപടിയായി ഡയറക്ടറെ അറിയിച്ചു.

**6.8** ശ്രീമതി ഷൈലജക്ക് അക്കൗണ്ടന്റ് നൽകിയ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | മീറ്റിംഗ് ചെലവുകൾ | - | Rs. 6,080/- |
| 2. | കമ്പ്യൂട്ടർ പർച്ചേസ് | - | Rs. 1,47,000/- |
| 3. | ഓറിയന്റേഷൻ പ്രോഗ്രാം | - | Rs. 1,91,500/- |
| 4. | ഡയറക്ടറുടെ അക്കോമഡേഷൻ | - | Rs. 11,036/- |
| 5. | ഡയറക്ടറുടെ ടി.എ | - | RS. 6,264/- |
| 6. | മറ്റു ജീവനക്കാരുടെ ടി.എ | - | Rs. 11,008/- |

**6.9** മുൻ ചെലവുകൾ കൂടാതെ **ശ്രീമതി ഷൈലജയുടെയും എറണാകുളം റീജിയണൽ ഓഫീസിലെ മറ്റ് ജീവനക്കാരുടെയും ശമ്പളം, ഓഫീസിന്റെ വാടക എന്നിവ ഉൾപ്പെടുത്തിയാണ് ചെലവ് പത്രിക തയ്യാറാക്കിയത്.** ഇങ്ങനെ മൊത്തം ചിലവ് 8,40,026/- രൂപ ആണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല 10 ലക്ഷം രൂപ വകമാറ്റിയതായും കാണിച്ചിരിക്കുന്നു. ജി.ടി.സി നടത്തിപ്പുമായി ബന്ധപ്പെട്ട് വളരെ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നു എന്ന് താഴെപ്പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാവുന്നതാണ്.

1. ജി.ടി.സി പദ്ധതിയുടെ അദ്യ ഗഡുവായി 29,40,000/- രൂപയുടെ ചെക്ക് പ്രോഗ്രാം കോ ഓർഡിനേറ്റർ ശ്രീമതി ഷൈലജ 18/9/2015 ൽ കൈപ്പറ്റി. ലഭിച്ച തുക എസ്.ബി.ഐ കോഴിക്കോട് മെയിൻ ബ്രാഞ്ചിൽ (A/C No. 57023866889) നിക്ഷേപിച്ചു. പിന്നീട് ജി.ടി.സി ക്രയവിക്രയത്തിനായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങാൻ സി സ്റ്റെഡ് തീരുമാനിക്കുകയും തുടർന്ന് 28/12/2015 ൽ കേരള ഗ്രാമീൺ ബാങ്കിന്റെ കല്ലായി ശാഖയിൽ പ്രധാന പദ്ധതികൾക്കായി അക്കൗണ്ട് (അക്കൗണ്ട് നം.40260111000283) തുടങ്ങി. എന്നാൽ ഫണ്ട് പൂർണ്ണമായും എസ്.ബി.ഐയിൽ നിന്നും കെ.ജി.ബി യുടെ കല്ലായി ശാഖയിലേക്ക് മാറ്റപ്പെട്ടില്ല. ഇത് സംബന്ധിച്ച് കെ.ജി.ബി അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ അവർ തന്ന വിശദീകരണം ഇപ്രകാരമായിരുന്നു.

"കെ.ജി.ബി. കല്ലായി ശാഖയിൽ 8/9/2015 ൽ സി സ്റ്റെഡ് ഡയറക്ടറുടെ പേരിൽ 31,03,700/- രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് ആരംഭിച്ചിരുന്നു. ടി തുകയിൽ നിന്നും 10,22,937 രൂപ, 10,22,937/- രൂപ, 3,61,813/- രൂപ എന്നീ സംഖ്യകൾ 28/12/2015 ൽ ആരംഭിച്ച സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി. ബാക്കി 7,50,000/- രൂപ സി സ്റ്റെഡിന്റെ എസ് ബി.ഐ അക്കൗണ്ടിലേക്ക് മാറ്റി". എന്നാൽ ജി റ്റി സി ഫണ്ട് ലഭിക്കുന്നതിനും മുൻപ് സ്ഥിര

നിക്ഷേപമായി 08/09/2015 ൽ കെ ജി ബിയിൽ ഇട്ട 31,03,700/- രൂപ ഏത് ഇനത്തിൽ, എത് ഏജൻസിയിൽ നിന്നും ലഭിച്ചു എന്നതിനെക്കുറിച്ച് അധികൃതരിൽ നിന്നും വ്യക്തത ലഭിച്ചില്ല.

2. ശ്രീമതി ഷൈലജക്ക് നൽകിയ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് 8,40,026/- രൂപ ചെലവായി എന്നാണ്. എന്നാൽ എ.ജെ.എം അസോസിയേറ്റ്സ് എന്ന ചാർട്ടേഡ് അക്കൗണ്ടിംഗ് ഏജൻസി തയ്യാറാക്കിയ വരവ് ചെലവ് കണക്ക് പത്രികയിൽ 29,40,000/- രൂപയും ചെലവായതായി കാണിക്കുന്നു. ടി ഏജൻസി നൽകിയ ആഡിറ്റ് സർട്ടിഫിക്കറ്റിൽ തീയതി ഇല്ല. ചെലവ് പത്രികയിലും തീയതി ഇല്ല. ഇത്തരത്തിൽ ഒരു സർട്ടിഫിക്കറ്റ് നൽകിയതിന് ഫീ ഇനത്തിൽ എ.ജെ.എം അസോസിയേറ്റ്സിന് 12,500 രൂപ നൽകിയതായി കാണുന്നു.

3. ജി.ടി.സി നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ പ്രോഗ്രാം കോ ഓർഡിനേറ്ററുടെ അറിവില്ലാതെയാണ് നടത്തിയത്. കണക്കുകളിൽ കൃത്രിമത്വം മനസ്സിലാക്കിയ പ്രോഗ്രാം കോ ഓർഡിനേറ്റർ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഒപ്പുവയ്ക്കാൻ തയ്യാറായില്ല. 2015 ഡിസംബർ 15 നാണ് ആദ്യഗഡു കിട്ടിയത്. എന്നാൽ 2016 മാർച്ച് 16 - നകം തന്നെ തുക മുഴുവൻ ചെലവഴിച്ചു തീർത്തതായി രേഖയുണ്ടാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സൈൻ ചെയ്യാൻ പ്രോഗ്രാം കോ-ഓർഡിനേറ്ററെ നിർബന്ധിക്കുകയായിരുന്നു.

4. കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ Green Technology Program, Technology Development & Adaptation Programme, e Sevana എന്നീ പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ച തുകകൾ എത്തിയതായി കാണുന്നു. അക്കൗണ്ട് ആരംഭിച്ച നാൾമുതലുള്ള ആകെ നിക്ഷേപം 56,07,687 രൂപ ആണ്. 7/10/2017 ൽ തുക പൂർണ്ണമായും പിൻവലിക്കപ്പെട്ടു. 2016 മാർച്ച് മാസം നിരവധി ചെലവുകളാണ് നടത്തിയിട്ടുള്ളത്. ഈ പദ്ധതിയിൽ ചെലവായ തുക സംബന്ധിച്ച് വ്യക്തമായ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ഹരിത സാങ്കേതിക വിദ്യാ കേന്ദ്രങ്ങൾ, തെരെഞ്ഞെടുത്ത 57 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നിൽപ്പോലും സ്ഥാപിച്ചിട്ടില്ല. ബോധവൽക്കരണ ക്ലാസ്സുകളോ ട്രെയിനിംഗ് പ്രോഗ്രാമുകളോ ഒന്നും തന്നെ ഫലപ്രദമായി സംഘടിപ്പിച്ചിട്ടില്ല. നിലവിൽ പദ്ധതി നിർവ്വഹണ തുകയിൽ നിന്നും 17,93,000 /- രൂപയും ചെലവായതായി കാണിക്കുന്നു. ചെലവുകളെ സാർത്ഥകമാക്കുന്ന ബില്ലുകളോ, വൗച്ചറുകളോ ഒന്നും തന്നെ അധികൃതർ ലഭ്യമാക്കിയിട്ടില്ല.

5. 6 കമ്പ്യൂട്ടറുകൾ വാങ്ങിയ ഇനത്തിൽ 1,47,000/- രൂപ ചെലവായി എന്ന് അധികൃതർ വ്യക്തമാക്കുന്നു. പ്രോഗ്രാം കോ ഓർഡിനേറ്റർക്ക് ഒരു കമ്പ്യൂട്ടർ നൽകി എന്നു പറയമ്പോഴും മററ് കമ്പ്യൂട്ടറുകൾ ആർക്കൊക്കെ വാങ്ങി നല്കി എന്നതു സംബന്ധിച്ച് ഇനിയും വിശദീകരണം ലഭിക്കേണ്ടിയിരിക്കുന്നു. 27 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കായുള്ള ഓറിയന്റേഷൻ പ്രോഗ്രാമിൽ ഒരെണ്ണം മാത്രമേ മാർച്ച് 2016 നുള്ളിൽ നടത്താൻ സാധിച്ചിരുന്നുള്ളു. പക്ഷേ ടി പ്രോഗ്രാമിനത്തിൽ 1,91,500/- രൂപ ചെലവായതായി ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

6. 22.3.2017 ലെ ജി.റ്റി.സി യുടെ ഉപദേശക സമിതി പദ്ധതിയുടെ പുരോഗതി

വിലയിരുത്തുകയും പദ്ധതി പ്രവർത്തനം ആശാവഹമല്ല എന്ന് കണ്ട് പദ്ധതി അവസാനിപ്പിക്കാൻ ശുപാർശ ചെയ്തു. തുടർന്ന് ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിൽ നിന്നും 11,70,614/- രൂപ 7/10/2017 ൽ എസ് ബി ഐ അക്കൗണ്ടിലേക്ക് മാറ്റുകയും 13/2/2017 ലെ 856962 നമ്പർ ചെക്ക് പ്രകാരം 11,47,000/- രൂപ സി സ്റ്റെഡ് ജി ടി സി പദ്ധതിയുടെ മിച്ച തുകയായി KSCTE ക്ക് കൈമാറുകയും ചെയ്തു.

**പ്രോജക്ടുകൾ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ**

**6.10** പദ്ധതികളെ സംബന്ധിച്ച ഫയലുകൾ ഒന്നും തന്നെ കൃത്യമായി സൂക്ഷിക്കുന്നില്ല. പദ്ധതികളെ സംബന്ധിച്ചുള്ള കത്തുകളും ഉത്തരവുകളുമെല്ലാം ഓരോ ഫയൽ ഫോൾഡറിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നും കൃത്യമായ ക്രമത്തിലല്ല. ഒരു ഫയൽ സിസ്റ്റം ഇവിടെ സ്വീകരിച്ചിട്ടില്ല. ഫയലുകൾ അരംഭിക്കുന്നതിന് കുറിപ്പുകൾ എഴുതി അംഗീകാരം നേടുന്ന രീതി സ്വീകരിച്ചു കാണുന്നില്ല. 2016 ന ശേഷം പുതിയ പദ്ധതികൾ സമർപ്പിക്കുവാനോ അംഗീകാരം നേടിയെടുക്കാനോ പ്രോജക്ട് എഞ്ചിനീയർമാർ ശ്രമിച്ചിട്ടില്ല. പ്രോജക്ട് എഞ്ചിനീയർമാർ ജില്ലാതല കോ ഓർഡിനേറ്റർമാർ, കോഴ്സ് കോ ഓർഡിനേറ്റർമാർ എന്നിവർക്ക് പ്രോജക്ട് വർക്കുകൾ സമർപ്പിക്കാത്തതിനാലും പ്രോഗ്രസ്സ് റിപ്പോർട്ടുകൾ സമർപ്പിക്കാത്തതിനാലും പല അവസരങ്ങളിലും മെമ്മോ നൽകിയിട്ടുണ്ട്. പ്രസ്തുത മെമ്മോകൾക്ക് കാര്യമായ പ്രധാന്യം നൽകാതെ തികച്ചും നിരുത്തരവാദപരമായ മറുപടിയാണ് പ്രോജക്ട് എഞ്ചിനീയർമാർ നൽകിയിട്ടുള്ളത്.

# അദ്ധ്യായം 7

## പദ്ധതികൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന അവലോകനവും ജീവനക്കാരുടെ പ്രവർത്തന മികവും

**7.1** സി സ്റ്റെഡിന്റെ ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ചുള്ള 2010-11 മുതൽ 2017-18 വരെയുള്ള പ്രവർത്തനം (പദ്ധതികൾ / നൈപുണ്യ വികസന പരിപാടികൾ) അവലോകനം ചെയ്യുന്ന ചാർട്ട് ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ/ പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 14 | 534000 | 392 |
| 2 | 2011-12 | 29 | 1065000 | 588 |
| 3 | 2012-13 | 19 | 450000 | 373 |
| 4 | 2013-14 | 2 | 60000 | 39 |
| 5 | 2014-15 | 10 | 310000 | 200 |
| 6 | 2015-16 | - | - | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

**കൊല്ലം**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ/ പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 4 | 38500 | 60 |
| 2 | 2011-12 | 23 | 1048700 | 552 |
| 3 | 2012-13 | 30 | 522000 | 348 |
| 4 | 2013-14 | 12 | 590000 | 301 |
| 5 | 2014-15 | 2 | 140000 | 70 |
| 6 | 2015-16 | - | - | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

**പത്തനംതിട്ട**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 17 | 685750 | 412 |
| 2 | 2011-12 | 19 | 445500 | 412 |
| 3 | 2012-13 | 13 | 403000 | 351 |
| 4 | 2013-14 | 10 | 255000 | 205 |
| 5 | 2014-15 | 9 | 180000 | 180 |
| 6 | 2015-16 | 2 | 162000 | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

**ആലപ്പുഴ**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം(രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 11 | 400000 | 352 |
| 2 | 2011-12 | 35 | 867000 | 1494 |
| 3 | 2012-13 | 16 | 997306 | 336 |
| 4 | 2013-14 | 15 | 510000 | 300 |
| 5 | 2014-15 | 13 | 450000 | 270 |
| 6 | 2015-16 | 2 | 306000 | - |
| 7 | 2016-17 | 2 | 348000 | - |
| 8 | 2017-18 | - | - | - |

**കോട്ടയം**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം(രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 17 | 483750 | 396 |
| 2 | 2011-12 | 34 | 856900 | 890 |
| 3 | 2012-13 | 26 | 693150 | 921 |
| 4 | 2013-14 | 17 | 520000 | 350 |
| 5 | 2014-15 | 16 | 441500 | 335 |
| 6 | 2015-16 | 2 | 51000 | - |
| 7 | 2016-17 | 1 | 23000 | - |
| 8 | 2017-18 | - | - | - |

**ഇടുക്കി**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം(രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | വിവരങ്ങൾ ലഭ്യമല്ല | | |
| 2 | 2011-12 | വിവരങ്ങൾ ലഭ്യമല്ല | | |
| 3 | 2012-13 | 14 | 420000 | 280 |
| 4 | 2013-14 | - | - | - |
| 5 | 2014-15 | 1 | 193750 | 25 |
| 6 | 2015-16 | - | 1,70,000 | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

**എറണാകുളം**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം(രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 13 | 554280 | 232 |
| 2 | 2011-12 | 38 | 1984200 | 769 |
| 3 | 2012-13 | 23 | 690000 | 460 |
| 4 | 2013-14 | 20 | 600000 | 400 |
| 5 | 2014-15 | 21 | 630000 | 420 |
| 6 | 2015-16 | - | - | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

**തൃശ്ശൂർ**

| ക്രമ നമ്പര് | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 23 | 1084300 | 450 |
| 2 | 2011-12 | 59 | 1567850 | 1295 |
| 3 | 2012-13 | 34 | 1739750 | 771 |
| 4 | 2013-14 | 53 | 4070000 | 1529 |
| 5 | 2014-15 | 32 | 1401000 | ലഭ്യമല്ല |
| 6 | 2015-16 | - | 285000 | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

## പാലക്കാട്

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 8 | 395250 | 243 |
| 2 | 2011-12 | 38 | 1953790 | 964 |
| 3 | 2012-13 | 39 | 992250 | 641 |
| 4 | 2013-14 | 26 | 2936000 | 529 |
| 5 | 2014-15 | 25 | 1900000 | 577 |
| 6 | 2015-16 | 1 | 18000 | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

## മലപ്പുറം

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 2 | 42200 | 45 |
| 2 | 2011-12 | 26 | 1005500 | 565 |
| 3 | 2012-13 | 21 | 1260000 | 462 |
| 4 | 2013-14 | 15 | 690000 | 354 |
| 5 | 2014-15 | 11 | 524000 | 284 |
| 6 | 2015-16 | - | - | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

**കോഴിക്കോട്**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 31 | 344000 | 132 |
| 2 | 2011-12 | 49 | 942000 | 1397 |
| 3 | 2012-13 | 29 | 1068000 | 498 |
| 4 | 2013-14 | 29 | 1151724 | 784 |
| 5 | 2014-15 | 19 | 630496 | 382 |
| 6 | 2015-16 | 2 | 82000 | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | 126000 | - |

**വയനാട്**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 10 | 499285 | 508 |
| 2 | 2011-12 | 23 | 934150 | 730 |
| 3 | 2012-13 | 9 | 255000 | 170 |
| 4 | 2013-14 | 8 | 240000 | 160 |
| 5 | 2014-15 | 8 | 240000 | 160 |
| 6 | 2015-16 | - | - | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

**കണ്ണൂർ**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 20 | 1149500 | 368 |
| 2 | 2011-12 | 33 | 1088000 | 673 |
| 3 | 2012-13 | 15 | 570000 | 360 |
| 4 | 2013-14 | 23 | 3872200 | 771 |
| 5 | 2014-15 | 15 | 570000 | 360 |
| 6 | 2015-16 | പശ്ചിമഘട്ട പദ്ധതി 32,000,00 | | |
| 7 | 2016-17 | പശ്ചിമഘട്ട പദ്ധതി | | |
| 8 | 2017-18 | - | - | - |

**കാസർകോഡ്**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പദ്ധതികൾ / പരിശീലന പരിപാടികളുടെ എണ്ണം | ആർജ്ജിച്ച വരുമാനം (രൂപയിൽ) | ഗുണോഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2010-11 | 6 | 30000 | 207 |
| 2 | 2011-12 | 16 | 950000 | 560 |
| 3 | 2012-13 | 12 | 570500 | 273 |
| 4 | 2013-14 | 12 | 360000 | 240 |
| 5 | 2014-15 | 10 | 336600 | 197 |
| 6 | 2015-16 | 7 | 480000 | - |
| 7 | 2016-17 | - | - | - |
| 8 | 2017-18 | - | - | - |

ഇ സേവന, സാമൂഹ്യ നീതി വകുപ്പിന്റെ സ്ത്രീകൾക്കായുള്ള നൈപുണ്യ വികസന പദ്ധതി എന്നിവ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ജില്ലാതലത്തിൽ നടത്തപ്പെട്ടു. എന്നാൽ പ്രസ്തുത പദ്ധതികളുടെ ഫണ്ടിങ് ആസ്ഥാന ഓഫീസ് കേന്ദ്രീകരിച്ചായിരുന്നു.

## 7.2 2010-11 മുതൽ 2017-18 വരെയുള്ള ജില്ലാതല വരുമാനം (സംക്ഷിപ്തം)

| ക്രമ നമ്പർ | ജില്ല | വരുമാനം (2010-11 -2017-18) (രൂപയിൽ) | ജില്ലാ കോ -ഓർഡിനേറ്റർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 24,19,000 | സതീഷ് ബാബു.എം.വി |
| 2 | കൊല്ലം | 23,39,200 | വീണ.പി. |
| 3 | പത്തനംതിട്ട | 21,31,250 | ലക്ഷ്മിയമ്മ.ഡി.(i/c) |
| 4 | ആലപ്പുഴ | 38,78,306 | ദീപ്തി.എ.എസ്. |
| 5 | കോട്ടയം | 30,69,300 | ലക്ഷ്മിയമ്മ.ഡി. |
| 6 | ഇടുക്കി | 7,83,750 | പെൻ ജി ദാസ്(i/c) |
| 7 | എറണാകുളം | 44,58,480 | ഗോമതി സരോജം.എം. |
| 8 | തൃശ്ശൂർ | 1,01,47,900 | പ്രീതി. എസ് |
| 9 | പാലക്കാട് | 81,95,290 | പ്രീതി. എസ്(i/c) |
| 10 | മലപ്പുറം | 35,21,700 | മൈഥിലി.കെ(i/c) |
| 11 | കോഴിക്കോട് | 43,44,220 | ജാനകി. പി |
| 12 | വയനാട് | 21,68,435 | മൈഥിലി.കെ(i/c) |
| 13 | കണ്ണൂർ | 1,04,49700 | ജയൻ.കെ.എ |
| 14 | കാസർഗോഡ് | 27,27,100 | മൈഥിലി.കെ(i/c) |

## 7.3 2010-11 മുതൽ 2017-18 വരെയുള്ള പദ്ധതി വരുമാനം (ആസ്ഥാന ആഫീസ്)

| ക്രമ നമ്പർ | പദ്ധതി | പദ്ധതി തുക (രൂപയിൽ) | സി സ്റ്റെഡിന് ലഭിച്ച തുക | സ്പോൺസർ | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിങ് സ്കൂൾ ഫോർ വിമൺ (project of Social Justice Dept.) | ഘട്ടം 3- **48,78,300**<br>ഘട്ടം 4- **34,74,350**<br>ഘട്ടം 5- **54,59,400** | പദ്ധതി തുക മുഴുവൻ ലഭിച്ചു | സാമൂഹ്യ നീതി വകുപ്പ് | പദ്ധതി പൂർത്തിയാക്കി |
| 2 | സുനാമി പുനരധിവാസ | 56,22,500 | 22,49,000/- (ടി ആർ പി | റവന്യൂ വകുപ്പ് | പൂർത്തിയാക്കിയില്ല. |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി | | സെല്ലിന് ലഭിച്ചത്) 16,49,045/- (സിസ്റ്റെഡ് ചെലവാക്കിയത്) | | സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തി |
| 3 | ഹരിത സാങ്കേതിക വിദ്യാകേന്ദ്രം | 49,000,00 | 29,40,000 | ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ | പൂർത്തിയാക്കിയില്ല. 11,47,000/- രൂപ തിരിച്ചടച്ചു |
| 4 | റൂറൽ ടെക്നോളജി പ്രോഗ്രാം | 2,87,500 | 2,87,500 | ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ | പൂർത്തിയാക്കിയില്ല. 1,45,000/- രൂപ തിരിച്ചടച്ചു |
| 5 | ശാസ്ത്ര പ്രചരണ പദ്ധതി | 2,000,00 | 2,000,00 | ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ | പൂർത്തിയാക്കിയില്ല. 90,000/- രൂപ തിരിച്ചടച്ചു |
| 6 | ടെക്നോളജി ഡെവലപ്പ്മെന്റ് & അഡാപ്റ്റേഷൻ | 10,000,00 | 8,75,000 | ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ | പൂർത്തിയാക്കിയില്ല. 7,50,000/- രൂപ തിരിച്ചടച്ചു |
| 7 | ഇ സേവന | 23,000,00 | 23,000,00 | പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് | പൂർത്തിയാക്കി |

## 7.4 2010-11 മുതലുള്ള സി സ്റ്റെഡിന്റെ ആകെ വരുമാനം

| ക്രമ നമ്പർ | വർഷം | ആർജ്ജിത വരുമാനം (രൂപയിൽ) | | റിമാർക്സ് |
|---|---|---|---|---|
| | | ജില്ലാതല പദ്ധതികൾ | കേന്ദ്രതല പദ്ധതികൾ | |
| 1 | 2010-11 | 62,40,815 | 2,20,63,595/- (2010-11 മുതൽ 2017-18 വരെയുള്ള ആകെ വരുമാനം) | വിവിധ സർക്കാർ ഏജൻസികൾക്കായി സി സ്റ്റെഡ് നടത്തിവരുന്ന മനുഷ്യ വിഭവശേഷി റിക്രൂട്ടിംഗ് വഴി ലഭിച്ച വരുമാനം ആർജ്ജിത വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 2 | 2011-12 | 1,47,08,590 | | |
| 3 | 2012-13 | 1,06,30,956 | | |
| 4 | 2013-14 | 1,58,54,924 | | |
| 5 | 2014-15 | 79,47,346 | | |
| 6 | 2015-16 | 45,84,000 | | |
| 7 | 2016-17 | 23,000,00 | | |
| 8 | 2017-18 | 1,26,000 | | |
| | ആകെ | 6,23,92,631 | 2,20,63,595/- | |

## 7.5 2010-11 മുതൽ 2017-18 വരെയുള്ള 8 വർഷം ജില്ലാതലത്തിൽ ആർജ്ജിച്ച ആകെ വരുമാനത്തിന്റെ ശരാശരിയെ അടിസ്ഥാനമാക്കി സാങ്കേതിക വിഭാഗം ജീവനക്കാരുടെ പ്രകടനത്തെ തരംതിരിച്ചുകൊണ്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

**മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ച ജില്ലകൾ**

| ക്രമ നമ്പർ | ജില്ല | വരുമാനം (2010-11 മുതൽ 2017-18) | ശരാശരി വാർഷിക വരുമാനം | ജില്ലാ കോ - ഓർഡിനേറ്റർ |
|---|---|---|---|---|
| 1 | തൃശ്ശൂർ | 1,01,47,900 | 12,68,487 | പ്രീതി. എസ് |
| 2 | പാലക്കാട് | 81,95,290 | 10,24,411 | പ്രീതി. എസ്(i/c) |
| 3 | കണ്ണൂർ | 1,04,49,700 | 13,06,212 | ജയൻ.കെ.എ |

മാനദണ്ഡം - ശരാശരി വാർഷിക വരുമാനം 10 ലക്ഷവും അതിന് മുകളിലും ആർജ്ജിച്ചത്

**ശരാശരി പ്രകടനം കാഴ്ചവച്ച ജില്ലകൾ**

| ക്രമ നമ്പര് | ജില്ല | വരുമാനം (2010-11 -2017-18) | ശരാശരി വാർഷിക വരുമാനം | ജില്ലാ കോ - ഓർഡിനേറ്റർ |
|---|---|---|---|---|
| 1 | എറണാകുളം | 44,58,480 | 5,57,310 | ഗോമതി സരോജം.എം. |
| 2 | കോഴിക്കോട് | 43,44,220 | 5,43,027 | ജാനകി. പി |

മാനദണ്ഡം - ശരാശരി വാർഷിക വരുമാനം 5 ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയിൽ ആർജ്ജിച്ചത്

## ശരാശരിയിലും താഴെ പ്രകടനം കാഴ്ചവച്ച ജില്ലകൾ

| ക്രമ നമ്പര് | ജില്ല | വരുമാനം (2010-11 -2017-18) | ശരാശരി വാർഷിക വരുമാനം | ജില്ലാ കോ - ഓർഡിനേറ്റർ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 24,19,000 | 3,02,375 | സതീഷ് ബാബു.എം.വി |
| 2 | കൊല്ലം | 23,39,200 | 2,92,400 | വീണ.പി. |
| 3 | പത്തനംതിട്ട | 21,31,250 | 2,66,406 | ലക്ഷ്മിയമ്മ.ഡി. (i/c) |
| 4 | ആലപ്പുഴ | 38,78,306 | 4,84,788 | ദീപ്തി.എ.എസ്. |
| 5 | കോട്ടയം | 30,69,300 | 3,83,662 | ലക്ഷ്മിയമ്മ.ഡി. |
| 6 | ഇടുക്കി | 6,13,750 | 97,968 | പെൻ ജി ദാസ്(i/c) |
| 7 | മലപ്പുറം | 35,21,700 | 4,40,212 | മൈഥിലി. കെ(i/c) |
| 8 | വയനാട് | 21,68,435 | 2,71,054 | മൈഥിലി. കെ(i/c) |
| 9 | കാസർഗോഡ് | 27,27,100 | 3,40,887 | മൈഥിലി. കെ(i/c) |

മാനദണ്ഡം - ശരാശരി വാർഷിക വരുമാനം 5 ലക്ഷത്തിനും താഴെ ആർജ്ജിച്ചത്

# ഭാഗം 3

## ധനകാര്യം

## അദ്ധ്യായം 8

## ബാങ്ക് അക്കൗണ്ടുകളും പൊരുത്തക്കേടുകളും

**8.1** സി സ്റ്റെഡിന്റെ ധന മാനേജ്മന്റ് അവലോകനം ചെയ്യുന്ന അധ്യായമാണിത്. ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൻ പ്രകാരം ശ്രദ്ധയിൽപെട്ട പൊരുത്തക്കേടുകൾ ഇതിൽ വിവരിക്കുന്നു.

### സി സ്റ്റെഡിന്റെ ബാങ്ക് അക്കൗണ്ടുകൾ

**8.2** സി സ്റ്റെഡിന്റേതായി 3 ബാങ്ക് അക്കൗണ്ടുകളാണ് പഠന സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്തിയത്.

1. A/C No. 57023866889 - എസ് ബി ഐ , കോഴിക്കോട് മെയിൻ ബ്രാഞ്ച് (പൊതുവായ ചെലവുകൾ നിർവ്വഹിക്കുന്ന അക്കൗണ്ട് . പ്രധാന അക്കൗണ്ടായി കണക്കാക്കുന്നു)
2. A/C No. 67059723526 - എസ് ബി ഐ , കോഴിക്കോട് മെയിൻ ബ്രാഞ്ച് (ഇ പി എഫ്, ഇ എസ് ഐ അടവുകൾ നിർവ്വഹിക്കുന്ന അക്കൗണ്ട് )
3. A/C No. 40260111000283 - കേരള ഗ്രാമീൺ ബാങ്ക്, കല്ലായി (പ്രധാന പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അക്കൗണ്ടാണിത്)

### A/C No. 57023866889 - എസ് ബി ഐ , കോഴിക്കോട് മെയിൻ ബ്രാഞ്ച്

**8.3** സി സ്റ്റെഡിന്റെ ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്ന അക്കൗണ്ടാണിത്. 2016-17 മുതൽ ഉള്ള ധനവിനിമയം പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞ വസ്തുതകൾ ചുവടെ ചേർക്കുന്നു:

A) KSCSTE യുടെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ഹരിത സാങ്കേതിക വിദ്യ അടക്കമുള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേരള ഗ്രാമീൺ ബാങ്കിന്റെ കല്ലായി ശാഖയിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി എങ്കിലും ഇത്തരത്തിലുള്ള പല പദ്ധതികൾക്കും അനുവദിച്ച തുക നിക്ഷേപിച്ചിരിക്കുന്നത് എസ് ബി ഐ കോഴിക്കോട് മെയിൻ ബ്രാഞ്ചിലെ തലക്കെട്ടിൽ സൂചിപ്പിച്ചിരിക്കുന്ന അക്കൗണ്ടിലാണ്.

B) ഈ അക്കൗണ്ട് വഴി നടത്തിയിരിക്കുന്ന ചില പണമിടപാടുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

| തീയതി | സ്ഥാപനം | തുക (രൂപയിൽ) |
|---|---|---|
| 01/03/2016 | കമ്പ്യൂട്ടർ ആർക്കേഡ് | 21500 |
| 01/03/2016 | കമ്പ്യൂട്ടർ ആർക്കേഡ് | 68500 |
| 01/03/2016 | തയ്യിൽ ഏജൻസീസ് | 20000 |
| 01/03/2016 | തയ്യിൽ ഏജൻസീസ് | 10000 |
| 01/03/2016 | തയ്യിൽ ഏജൻസീസ് | 10000 |
| 01/03/2016 | തയ്യിൽ ഏജൻസീസ് | 20000 |

| | | |
|---|---|---|
| 01/03/2016 | തയ്യിൽ ഏജൻസീസ് | 20000 |
| 09/03/2016 | തയ്യിൽ ഏജൻസീസ് | 30000 |
| 09/03/2016 | തയ്യിൽ ഏജൻസീസ് | 40000 |
| 09/03/2016 | തയ്യിൽ ഏജൻസീസ് | 40000 |
| 14/03/2016 | തയ്യിൽ ഏജൻസീസ് | 50000 |
| 22/03/2016 | തയ്യിൽ ഏജൻസീസ് | 50000 |
| 30/03/16 | രാംകുമാർ അസോസിയേറ്റ്സ് | 50000 |

### A/C No. 67059723526 - എസ് ബി ഐ , കോഴിക്കോട് മെയിൻ ബ്രാഞ്ച്

**8.4** എസ്.ബി.ഐ കോഴിക്കോട് മെയിൻ ബ്രാഞ്ചിലെ ഈ അക്കൗണ്ടിനെക്കുറിച്ച് പഠന സംഘത്തോട് സി സ്റ്റെഡ് അധികൃതർ വെളിപ്പെടുത്തിയിരുന്നില്ല. വൺ ടൈം ഗ്രാന്റ് ഇനത്തിൽ 2016-17 ൽ ലഭിച്ച 75 ലക്ഷം രൂപയിൽ നിന്ന് 40 ലക്ഷം രൂപ പ്രധാന അക്കൗണ്ടിൽ (**A/C No. 57023866889)** നിന്ന് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് മുകളിലെ അക്കൗണ്ടിനെ സംബന്ധിച്ച് മനസ്സിലായത്. എസ്. ബി.ഐ യിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും 31/05/2015 മുതൽ 6/10/2017 വരെ 62,54,669 രൂപ നിക്ഷേപിക്കപ്പെട്ടതായി കാണാം. ഈ തുക പൂർണ്ണമായും പ്രധാന അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്തതാണ്.

**8.5** ഇ.പി.എഫ്/ഇ എസ് ഐ തുകകൾ അടക്കുന്നതിനുവേണ്ടി മാത്രമുള്ള അക്കൗണ്ടാണിത് എന്നാണ് അധികൃതരുടെ വിശദീകരണം. ഇ പി എഫിലേക്കുള്ള തുകകൾ ഇൻറർനെറ്റ് ബാങ്കിംഗ് വഴിയാണ് കൈമാറ്റം ചെയ്യുന്നത്. **എന്നാൽ ഈ അക്കൗണ്ടിൽ നിന്നും ഇ.പി.എഫ്/ഇ.എസ്.ഐ ലേക്ക് അല്ലാതെ ചെക്കുകൾ മുഖാന്തിരം തുകകൾ കൈമാറ്റം ചെയ്യപ്പെട്ടതായി കാണാം. 5/7/2017 മുതൽ 7/8/2017 വരെ ചെക്കു മുഖാന്തിരം നടന്ന ഇടപാടുകൾ പരിശോധിക്കപ്പെടേണ്ടതാണ്.** 31/7/2017 ൽ പരസ്യ ഏജൻസിയായ ഫ്രണ്ട് ലൈൻ കമ്മ്യൂണിക്കേഷന് നൽകിയ 51,636 രൂപയും ഇതിൽ ഉൾപ്പെടുന്നു. ഈ കാലയളവിൽ സി സ്റ്റെഡിന് പ്രൊജക്റ്റുകളൊന്നും നിലവിൽ ഇല്ലാതിരിക്കെ പരസ്യ ഏജൻസിക്ക് പണം നൽകിയത് പരിശോധിക്കപ്പെടേണ്ടതാണ്. **5,60,489/- രൂപയുടെ വിനിമയം ചെക്ക് വഴി നടത്തി.** പഠന സംഘത്തിന് നൽകിയ നോട്ട് ഫയലിൽ പ്രസ്തുത ചെക്കുകൾ അംഗീകരിക്കുന്നതിനായി ഉത്തരവുകൾ എടുത്തതായി കാണുന്നില്ല.

### A/C No. 40260111000283 - കേരള ഗ്രാമീൺ ബാങ്ക്, കല്ലായി

**8.6** കേരള ഗ്രാമീൺ ബാങ്ക് കല്ലായി ശാഖയിൽ അക്കൗണ്ട് ആരംഭിച്ചത് 28/12/2015 ലാണ്. KSCSTE സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചതും സി സ്റ്റെഡ് നിർവ്വഹണ ഏജൻസിയായതുമായ വിവിധ പദ്ധതികൾക്കായി KSCSTE യിൽ നിന്നും ലഭിച്ച ഫണ്ടുകളാണ് കെ.ജി.ബി യിൽ നിക്ഷേപിക്കാൻ തീരുമാനിച്ചിരുന്നത്. ഇത്തരത്തിൽ സി

സ്റ്റെഡ് നിർവ്വഹണ ഏജൻസിയായ പദ്ധതികളും KSCSTE അനുവദിച്ച തുകകളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | KSCSTE അനുവദിച്ച തുക | KSCSTE യിൽ നിന്നും ലഭിച്ച തുക |
|---|---|---|---|
| 1 | ഹരിത സാങ്കേതിക വിദ്യ | 49,000,00 | 29,40,000 |
| 2 | സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാം | 2,000,00 | 2,000,00 |
| 3 | ടെക്നോളജി ഡെവലപ്പ്മെന്റ് & അഡാപ്റ്റേഷൻ | 10,000,00 | 8,75,000 |
| 4 | റൂറൽ ടെക്നോളജി പ്രോഗ്രാം | 2,85,000 | 2,85,000 |

**8.7** കെ.ജി.ബിയിലെ സി സ്റ്റെഡ് അക്കൗണ്ടിൽ ആകെ എത്തിച്ചേർന്ന തുക 56,07,687/- രൂപയാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ലഭിച്ച തുക |
|---|---|
| 28/12/2015 | 24,07,687/-(ഹരിത സാങ്കേതിക വിദ്യ) |
| 12/02/2016 | 8,75,000/- (ടെക്നോളജി ഡെവലപ്പ്മെന്റ് & അഡാപ്റ്റേഷൻ) |
| 22/03/2016 | 23,000,00/- (ഇ സേവന) |
| 31/03/2016 | 10,000/- (വിവരങ്ങൾ ലഭ്യമല്ല) |

**8.8** കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിൽ എത്തിച്ചേർന്ന തുകകളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പഠന സംഘത്തിന് ലഭ്യമായില്ല. ഇതിനു കാരണം സി സ്റ്റെഡിൽ കുറ്റമറ്റ ഫയൽ സംവിധാനം ഇല്ല എന്നുള്ളതാണ്. മാത്രമല്ല കൃത്യമായ വിവരങ്ങൾ വെളിപ്പെടുത്താൻ അധികൃതർ തയ്യാറല്ലായിരുന്നു. അതുകൊണ്ടുതന്നെ അക്കൗണ്ട്സ് സംബന്ധമായ പല സംശയങ്ങളും ദുരീകരിക്കാനാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഗ്രാമീൺ ബാങ്കിൽ എത്തിച്ചേരുന്ന ഫണ്ടുകൾ ആവശ്യം അനുസരിച്ച് എസ്.ബി.ഐ അക്കൗണ്ടിലേക്ക് മാറ്റിയാണ് പദ്ധതി ചെലവുകൾ നിർവഹിച്ചിരുന്നത് എന്നാണ് സി സ്റ്റെഡ് അധികൃതരുടെ ഭാഷ്യം. **എന്നാൽ ഗ്രാമീണ ഗവേഷക സംഗമവുമായി ബന്ധപ്പെട്ട ചെലവുകൾ ഈ അക്കൗണ്ടിൽ നിന്നും നിർവ്വഹിച്ചതായി കാണാം. അതായത് 15/3/2016 മുതൽ 22/3/2016 വരെ ഈ അക്കൗണ്ടിൽ നിന്ന് വിനിമയം ചെയ്യപ്പെട്ടത് റൂറൽ ഇന്നവേഷൻ മീറ്റിലെ വിജയികൾക്കുള്ള സമ്മാനത്തുകകളായിരുന്നു. ഗ്രാമീണ ഗവേഷക സംഗമത്തിനായി ലഭിച്ച 15 ലക്ഷം രൂപ എസ്.ബി.ഐ അക്കൗണ്ടിലാണ് (A/C No. 57023866889) നിക്ഷേപിച്ചിരുന്നത് എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഈ**

**സാഹചര്യത്തിൽ കെ.ജി ബി കല്ലായി ശാഖയിൽ 8/9/2015 ൽ ആരംഭിച്ച 31,03,700 രൂപയുടെ സ്ഥിര നിക്ഷേപം മറ്റ് വിനിമയങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടത് അനിവാര്യമാണ്.**

**ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ നിന്നും വിശദമായ പരിശോധനക്ക് വിധേയമാക്കേണ്ട മറ്റു വിനിമയങ്ങൾ**

**8.9 ഇ പി എഫ്/ ഇ എസ് ഐ അടവുകൾ**

75 ലക്ഷം രൂപ സർക്കാർ ഗ്രാന്റ് ലഭിച്ചതിനുശേഷം ഇ.പി.എഫ്/ഇ.എസ്.ഐ ഇനത്തിൽ അടച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. എസ്.ബി.ഐ അക്കൗണ്ട് നം.67059723526 - 56,10,180/-
2. എസ്.ബി.ഐ അക്കൗണ്ട് നം.57023866889 - 12,39,233/-

ഇ.പി.എഫ്/ഇ.എസ്.ഐ തുകകൾ അടക്കുന്നതിന് മാത്രമായുള്ള അക്കൗണ്ടാണ് കോഴിക്കോട് മെയിൻ ബ്രാഞ്ചിലെ A/C No. 67059723526. എന്നാൽ ഇതു കൂടാതെ A/C No.57023866889 നിന്നും ഈ ഇനത്തിൽ 12,39,233/- രൂപ അടച്ചതായി കാണാം. ഇ.പി.എഫ്/ഇ.എസ്.ഐ അടവുകൾ സംബന്ധിച്ച റെക്കോർഡുകൾ ഒന്നും തന്നെ അധികൃതർ ലഭ്യമാക്കിയിരുന്നില്ല.

**8.10** സി-സ്റ്റെഡിൽ ജോലി ചെയ്യുന്ന ആകെ 55 ജീവനക്കാരിൽ 14 പേർ മാത്രമാണ് പേസ്കെയിലിൽ ശമ്പളം കൈപറ്റുന്നത്. 15 പേർ പാർട്ട്ടൈം സ്വീപ്പർമാരും ബാക്കിയുള്ളവർ ദിവസക്കൂലിക്കാരുമാണ്. പേസ്കെയിൽ അനുവദിച്ചിട്ടുള്ള 14 പേരുടെയും ഇ പി. എഫ് അടവ് 1800 രൂപയാണ്. ദിവസക്കൂലിക്കാരുടെ ഏറ്റവും കൂടിയ അടവ് 1200 രൂപയാണ്. ഈ സാഹചര്യത്തിൽ കുറഞ്ഞകാലയളവിൽ വലിയൊരു തുക ഇ.പി.എഫ്/ഇ.എസ്.ഐ അടവിനായി മാറ്റി വെയ്ക്കേണ്ടിവന്നു എന്നത് സംബന്ധിച്ച് ശാസ്ത്രസാങ്കേതിക വകുപ്പ് അന്വേഷണം നടത്തേണ്ടതാണ്. EPF അടവ് സംബന്ധിച്ച് EPF റീജിയണൽ ഓഫീസ്, കോഴിക്കോട് നിന്നും ഒരു ജീവനക്കാരിക്ക് 06.01.2017 ൽ വിവരാവകാശ നിയമ പ്രകാരം അനുസരിച്ച് ലഭിച്ച മറുപടിയിൽ വിശദമാക്കുന്നത് ഡാമേജും പലിശയും അടക്കം 4/2008 മുതൽ 01/2016 വരെ 5,69,045/- രൂപ ഈടാക്കിയിട്ടുണ്ടെന്നാണ്.

**ആഡിറ്റ് ചാർജ്ജ്**

**8.11** ACRS കമ്പനി, AJM അസ്സോസിയേറ്റ്സ് എന്നീ ചാർട്ടേർഡ് അക്കൗണ്ടിങ് ഏജൻസികളാണ് സി സ്റ്റെഡ് അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്തിരിക്കുന്നത്. ഓഡിറ്റ് ഫീ ഇനത്തിൽ താഴെ പട്ടികയിൽ പറയുന്ന തുകകൾ 2016 ലും, 2017 ലും എസ്.ബി.ഐ അക്കൗണ്ട് നം.57023866889 വഴി അടച്ചു.

| ക്രമ നമ്പർ | ചെക്ക് നമ്പർ, തീയതി | തുക (രൂപയിൽ) | ചാർട്ടേർഡ് അക്കൗണ്ടിങ് ഏജൻസി |
|---|---|---|---|
| 1 | 266079 - 4/06/2016 | 74,000/- | ACRS കമ്പനി |

| | | | |
|---|---|---|---|
| 2 | 266091 - 22/06/2016 | 18,000/- | AJM അസ്സോസിയേറ്റ്സ് |
| 3 | 266092 - 22/06/2016 | 18,000/- | AJM അസ്സോസിയേറ്റ്സ് |
| 4 | 266093 - 22/06/2016 | 18,000/- | AJM അസ്സോസിയേറ്റ്സ് |
| 5 | 843205 - 16/05/2017 | 74,000/- | AJM അസ്സോസിയേറ്റ്സ് |
| 6 | 843206 - 18/05/2017 | 74,000/- | AJM അസ്സോസിയേറ്റ്സ് |

**8.12** കൂടാതെ ഹരിത സാങ്കേതിക വിദ്യാ കേന്ദ്രം പദ്ധതി ഓഡിറ്റ് ചെയ്ത വകയിൽ AJM അസ്സോസിയേറ്റ്സിന് 31/05/2016 ൽ 12500 രൂപ നൽകി. ധന ദുരുപയോഗം പ്രഥമദൃഷ്ട്യാ മനസ്സിലാക്കാൻ കഴിഞ്ഞ പദ്ധതിയാണിത്. തീയതി പോലും വയ്ക്കാതെയാണ് AJM അസ്സോസിയേറ്റ്സ് ചെലവ് പത്രിക തയ്യാറാക്കിയിരിക്കുന്നത്. മാത്രമല്ല 2015-16 ലെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്തിരിക്കുന്ന തീയതി 06/09/2017 ആണ്. എന്നാൽ ആഡിറ്റ് ഫീ ആയി 1,48,000 രൂപ നൽകിയിരിക്കുന്നത് 16/05/2017,18/05/2017 എന്നീ തീയതികളിലും.

**8.13** <u>ഫ്രണ്ട് ലൈൻ കമ്മ്യൂണിക്കേഷൻ എന്ന പരസ്യ ഏജൻസിക്ക് നൽകിയ തുകകൾ</u>

| ക്രമ നമ്പർ | ബാങ്ക് ഇടപാട് തീയതി | തുക (രൂപയിൽ) | അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | 01/07/2015 | 56427/- | 57023866889 |
| 2 | 10/09/2015 | 118477/- | ,, |
| 3 | 21/01/2016 | 33023/- | ,, |
| 4 | 04/10/2016 | 49512/- | ,, |
| 5 | 25/10/2016 | 57117/- | ,, |
| 6 | 02/11/2016 | 124745/- | ,, |
| 7 | 15/05/2017 | 34898/- | ,, |
| 8 | 31/07/2017 | 51636/- | 67059723526 |
| 9 | 04/08/2017 | 11779/- | 57023866889 |

**8.14** കൂടാതെ ജീവനക്കാർ ഫയൽ ചെയ്ത വിവിധ റിട്ട് പെറ്റീഷനുകൾ കൗണ്ടർ ചെയ്യുന്നതിനായി നിയമസഹായം തേടിയ വകയിൽ ചെലവഴിച്ച തുകകൾ പരിശോധിക്കേണ്ടതാണ്.

## അദ്ധ്യായം 9
## സർക്കാർ ഗ്രാന്റുകളും വിനിയോഗവും

**9.1** സാമ്പത്തിക പ്രതിസന്ധി മറി കടക്കുന്നതിനായി ശാസ്ത്രാ സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നിന്നും 30 ലക്ഷം രൂപയും ശാസ്ത്രാ സാങ്കേതിക വകുപ്പിൽ നിന്നും 45 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ സി സ്റ്റെഡിന് സാമ്പത്തിക സഹായം അനുവദിച്ചു. ഇങ്ങനെ ലഭിച്ച തുക ചെലവഴിച്ച രീതികളെക്കുറിച്ച് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

**9.2** ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ 3/5/2016 തീയതിയിലെ ഉത്തരവ് (പി) നം. 144/16/KSCSTE പ്രകാരം One time Grant in Aid ആയി 30 ലക്ഷം രൂപ സി സ്റ്റെഡിന് അനുവദിച്ചു. 4/5/2016 ലെ ചെക്ക് നമ്പർ 494559 വഴി തുക സി സ്റ്റെഡിന് കൈമാറി. One time Grant in Aid വിനിയോഗിച്ച് താഴെ പറയുന്ന ചെലവുകൾ നടത്താൻ സി സ്റ്റെഡ് തീരുമാനിച്ചു.

| | | |
|---|---|---|
| ഇ.പി.എഫ് | | - Rs. 1453000/- |
| ഇ.എസ്.ഐ | | - Rs. 232000/- |
| ഫെസ്റ്റിവൽ അലവൻസ് | | - Rs. 167000/- |
| കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും | (ഹെഡ് ഓഫീസ്) | - Rs. 300000/- |
| കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും | (ജില്ലാ ഓഫീസ്) | - Rs. 300000/- |
| ശമ്പളം (മോഹനൻ മണലിൽ, മുൻ ഡയറക്ടർ) | | - Rs. 127000/- |
| എൽ.എസ്.ജി.ഡി യുടെ ബ്രോഷറുകൾ പ്രിന്റ് ചെയ്യുന്നതിന് | | - Rs. 155000/- |
| ഇൻക്രിമെന്റ് അരിയർ | | - Rs. 54000/- |

**9.3** 20/9/2016 ൽ ശാസ്ത്ര സാങ്കേതിക കൗൺസിലിന് സി സ്റ്റെഡ് സമർപ്പിച്ച ധനവിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവുകൾ ഇപ്രകാരമാണ്.

| | |
|---|---|
| ഹെഡ് ഓഫീസ്/ജില്ലാ ഓഫീസുകളുടെ അധിക ചിലവുകൾ | - Rs. 150000/- |
| ടെലിഫോൺ/വൈദ്യുതി ചാർജ്ജുകൾ | - Rs. 24161/- |
| റെന്റ് | - Rs. 358803/- |
| ഇ.പി.എഫ് | - Rs.1711121 /- |
| ഇ.എസ്.ഐ | - Rs. 164997/- |
| ട്രെയ്നിംഗ് | - Rs. 601795/- |

**9.4 30 ലക്ഷം രൂപ ഗ്രാന്റ് ചെലവഴിച്ച 9/5/2016 മുതൽ 30.09.2016 വരെയുള്ള കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൻ പ്രകാരമുള്ള വസ്തുതകൾ**

ഗ്രാന്റ് വിനിമയം ചെയ്യപ്പെട്ട സി സ്റ്റെഡ് അക്കൗണ്ടുകൾ

1. A/C No. 57023866889 - എസ് ബി ഐ , കോഴിക്കോട് മെയിൻ ബ്രാഞ്ച് (പൊതുവായ ചെലവുകൾ നിർവ്വഹിക്കുന്ന അക്കൗണ്ട്. പ്രധാന അക്കൗണ്ടായി കണക്കാക്കുന്നു)
2. A/C No. 67059723526 - എസ് ബി ഐ , കോഴിക്കോട് മെയിൻ ബ്രാഞ്ച് (ഇ പി എഫ് ഇ എസ് ഐ അടവുകൾ നിർവ്വഹിക്കുന്ന അക്കൗണ്ട് )

**9.5** ശാസ്ത്ര സാങ്കേതിക കൗൺസിലിൽ നിന്നും ഒറ്റത്തവണ ഗ്രാന്റായി ലഭിച്ച 30 ലക്ഷം രൂപ **ശമ്പളം, ഇ പി എഫ്, വാടക** എന്നീ ഇനങ്ങളിലാണ് ചെലവഴിച്ചത്. ഗ്രാന്റ് ലഭിച്ചതിനു ശേഷം മൂന്നു തവണ ശമ്പളം നൽകിയെങ്കിലും മൂന്നു തവണയും ശമ്പളം ഭാഗീകമായാണ് നൽകിയിരിക്കുന്നത്. ജീവനക്കാർക്ക് ശമ്പള സ്റ്റേറ്റ്മെന്റ് നൽകിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു

| ക്രമ നമ്പർ | ശമ്പളത്തിനായി ചെലവിട്ട തുക (രൂപയിൽ) | ചെക്ക് നമ്പരും തീയതിയും |
|---|---|---|
| 1 | 2,76,261/- | 266096 - 20.06.2016 |
| 2 | 2,59,157/- | 319564 -29.07.2016 |
| 3 | 3,35,245/- | 319568 - 30.07.2016 |
| 4 | 5,81,000/- | 319598 - 22.09.2016 |

**9.6** ഗ്രാന്റിൽ 22 ലക്ഷം രൂപയും ഇ പി എഫ്/ ഇ എസ് ഐ അടവിനായി മാത്രമുള്ള സി സ്റ്റെഡിന്റെ എസ് ബി ഐ മെയിൻ ബ്രാഞ്ചിലെ 67059723526 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചതോടൊപ്പം തന്നെ പ്രധാന അക്കൗണ്ടായ 570238668 നിന്നും ഇ പി എഫ് അടവിനത്തിൽ 10.06.2016 തീയതിയിലെ 266087 നമ്പർ ചെക്ക് പ്രകാരം **2,86,836 രൂപയും,** 28.09.2016 ലെ 319607 നമ്പർ ചെക്ക് പ്രകാരം **1,41,437/- രൂപയും (പലിശ)** വിനിയോഗിച്ചു.

**9.7 24/10/2016 തീയതിയിലെ സ.ഉ(സാധാ) നം.86/2016/S&TD പ്രകാരം 45 ലക്ഷം രൂപ വൺ ടൈം ഗ്രാന്റ് ആയി 2016-17 ലെ ബജറ്റ് വിഹിതത്തിൽ നിന്നും സി സ്റ്റെഡിന് അനുവദിച്ചു.** ആവശ്യകതാ പത്രിക ചുവടെ ചേർക്കുന്നു.

Estimate of Requirement

1. Purchase of Scanner & Computer - Rs. 3,75,000/-
2. Salary to the staff for 4 months - Rs. 26,00,000/-
3. EPF/ESI/Audit fee - Rs. 6,00,000 /-
4. Workshop/Training - Rs. 2,25,000/-

| | | | |
|---|---|---|---|
| 5. | Brochure,CDS for LSGDs | - | Rs. 2,80,000/- |
| 6. | Biometric Attendance Mechanism | - | Rs. 1,40,000/- |
| 7. | അധിക ചെലവുകൾ | - | Rs. 1,40,000/- |
| | | | -------------------- |
| | ആകെ | - | Rs. 45,00,000/- |

**9.8** 7/01/2017 തീയതിയിലെ സ.ഉ.(സാധാ)നം.134/2017/ധന പ്രകാരം സി സ്റ്റെഡിനായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (TSB No.799011400000297) കോഴിക്കോട് ജില്ലാ ട്രഷറിയിൽ ആരംഭിച്ചു. തുടർന്ന് ആദ്യഗഡുവായി 25 ലക്ഷം രൂപ 07/02/2017 ൽ ട്രഷറി അക്കൗണ്ടിൽ വരവ് ചെയ്യപ്പെട്ടു. 23.02.2017 ൽ 21,37,137 രൂപയും 03.03.2017 ൽ 3,60,000 രൂപയും ട്രഷറി അക്കൗണ്ടിൽ നിന്നും സിസ്റ്റെഡിന്റെ എസ് ബി ഐയിലെ പ്രധാന അക്കൗണ്ടിലേക്ക് മാറ്റി. ആദ്യഗഡുവായ 25 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 02.03.2017 ൽ സി സ്റ്റെഡ് ഗവൺമെന്റിന് സമർപ്പിച്ചു. 25 ലക്ഷം രൂപയും ചെലവഴിച്ചു എന്ന സ്റ്റേറ്റ്മെന്റ് ആണ് നൽകിയത്. **ഇനം തിരിച്ചുള്ള ചെലവ് പത്രിക ലഭ്യമാക്കിയില്ല.**

**9.9** 45 ലക്ഷം രൂപ ഗ്രാന്റ് ഇൻ എയ്ഡിലെ രണ്ടാം ഗഡുവായ 20 ലക്ഷം രൂപ 08.05.2017 ൽ ടി.എസ്.ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടു.

പഠന സംഘത്തിന് ലഭ്യമാക്കിയ 20 ലക്ഷം രൂപയുടെ ധനവിനിയോഗ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ശമ്പളം | - | Rs. 7,75,066/- |
| ഇ.എസ്.ഐ | - | Rs. 80,632/- |
| ഇ.പി.എഫ് | - | Rs. 3,54,620/- & Rs. 787960/- |
| | | ------------------------------------------ |
| ആകെ | - | Rs. 19,98,278/- |

**9.10** 45 ലക്ഷം രൂപ ഗ്രാന്റ് ഇൻ എയ്ഡ് ലഭിച്ചതിനുശേഷം ശമ്പള ഇനത്തിൽ ചെലവഴിച്ച തുകകൾ താഴെപറയുന്നു.

| ക്രമ നമ്പർ | ശമ്പളത്തിനായി ചെലവിട്ട തുക | ചെക്ക് നമ്പരും തീയതിയും |
|---|---|---|
| 1 | 14,31,137 | 524085 - 23.02.2017 |
| 2 | 7,78,922 | 843179 - 05.04.2017 |

ഇ.പി.എഫ്/ ഇ എസ് ഐ അടവുകൾക്ക് മാത്രമായുള്ള അക്കൗണ്ടിലേക്ക് (A/C No.67059723526) 18 ലക്ഷം രൂപ മാറ്റപ്പെട്ടു. കൂടാതെ പ്രധാന അക്കൗണ്ടിൽ നിന്നും 02.11.2017 ൽ ഇ.പി.എഫ് അടവിലേക്കായി **8,10,960/- രൂപ** വിനിയോഗിച്ചു.

## 9.11 75 ലക്ഷം രൂപ ഗ്രാന്റ് ലഭിച്ച പീരീയഡിലെ പ്രധാന ചെലവുകൾ (സംക്ഷിപ്തം)

| ശമ്പളം (മെയ് 2016 മുതൽ ഒക്ടോബർ 2016 വരെ) | ഇ.പി.എഫ്/ ഇ എസ് ഐ | | വാടക | ജില്ലാ ഓഫീസുകൾ |
|---|---|---|---|---|
| | A/C No. 57023866889 വഴി | A/C No. 67059723526 വഴി | | |
| 36,61,722 | 12,39,233/- | 40,00,000/- | 8,26,707/- | 4,30,000/- |

**9.12 ഒറ്റത്തവണ ഗ്രാന്റ് കൂടാതെ 2016-17 ൽ, ഇ സേവന പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ സി സ്റ്റെഡിന് 10.02.2016 ലെ സ ഉ (സാധാ) നം. 263/16/ SCSTDD പ്രകാരം 23 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ 2016-17 ൽ റിക്രൂട്ട്മെന്റ് ഇനത്തിൽ 30 ലക്ഷത്തോളം രൂപ വരുമാനം ലഭിച്ചതായി അധികൃതർ വ്യക്തമാക്കുന്നു.**

**9.13** 2016-17 കാലയളവിൽ സർക്കാരിൽ നിന്നും, ശാസ്ത്ര സാങ്കേതിക കൗൺസിലിൽ നിന്നും ഗ്രാന്റായി ലഭിച്ച 75 ലക്ഷം രൂപയ്ക്കായി സമർപ്പിച്ച ആവശ്യകതാ പത്രികയിൽ നിന്നും വിഭിന്നമായാണ് ചെലവുകൾ നടത്തിയിരിക്കുന്നത്.2016 മെയ് മുതൽ ഒക്ടോബർ വരെയുള്ള പീരീഡിലെ ശമ്പളം, ഇ പി എഫ്/ ഇ എസ് ഐ, വാടക എന്നീ ഇനങ്ങൾക്ക് മാത്രമായാണ് ഗ്രാന്റ് വിനിയോഗിച്ചിരിക്കുന്നത്. ആവശ്യകതാ പത്രികയിൽ സൂചിപ്പിക്കുന്ന ബയോ മെട്രിക് പഞ്ചിങ് സംവിധാനങ്ങളോ, കമ്പ്യൂട്ടറുകളോ വാങ്ങിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾക്കോ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോ ഈ തുക വിനിയോഗിച്ചില്ല.

**9.14 സർക്കാർ ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കപ്പെടാതെ പോയതിന്റെ കാരണം**

അധ്യായം 11 ൽ പ്രതിപാദിക്കുന്ന കാരണങ്ങൾ നിമിത്തം 2016-17 മുതൽ സി സ്റ്റെഡ് ഏറെക്കുറെ നിശ്ചലാവസ്ഥയിലായിരുന്നു (പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് സ്പോൺസർ ചെയ്ത ഇ സേവന പദ്ധതി മാത്രമായിരുന്നു 2016-17 ലെ ഒരേ ഒരു പദ്ധതി). ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നല്കാത്തതും, സാമ്പത്തിക അച്ചടക്കരാഹിത്യവുമാണ് ഇവയിൽ പ്രധാന കാരണങ്ങൾ. ഇത്തരം ഒരു സ്ഥിതി വിശേഷം നിലനിൽക്കവെയാണ് സി സ്റ്റെഡിന് സർക്കാരിൽനിന്നും കൗൺസിലിൽ നിന്നും ധനസഹായം ലഭിക്കുന്നത്. ഗ്രാന്റ് ലഭിച്ച സമയത്തു ഫുൾ ടൈം ഡയറക്ടർ ഇല്ലാതിരുന്നതും ഗ്രാന്റ് വിനിയോഗിക്കുന്നതിൽ ഉയർന്ന തലത്തിൽ മേൽനോട്ടം ഇല്ലാതിരുന്നതും ഗ്രാന്റിന്റെ ദുർവ്യയത്തിന് കാരണമായി. സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് മാനദണ്ഡങ്ങൾ പാലിച്ചല്ല എന്ന് നിരവധി തവണ സാങ്കേതിക ജീവനക്കാർ ആക്ഷേപം ഉന്നയിച്ചിരുന്നു (ഉദാ. ഹരിത സാങ്കേതിക വിദ്യാകേന്ദ്രം പദ്ധതി). എന്നാൽ ഇത് സംബന്ധിച്ച് അന്വേഷണങ്ങൾ ഒന്നും

നടത്താതിരുന്നത് സാങ്കേതിക ജീവനക്കാർക്കിടയിൽ അസംതൃപ്തി വർദ്ധിപ്പിക്കുകയും തൻമൂലം അവർ ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നതിനു കാരണമായി. കൂടാതെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതികൾ പൂർണ്ണതയിലെത്തുന്നതിനു മുന്നേ അവസാനിപ്പിക്കാൻ കൗൺസിൽ തീരുമാനിച്ചത് സാങ്കേതിക വിഭാഗം ജീവനക്കാരിൽ അസഹിഷ്ണുത വളർത്തി. ഗ്രാന്റ് കിട്ടിയവേളയിൽപ്പോലും ജീവനക്കാരെ ഗൈഡ് ചെയ്യുന്നതിനോ, കർമ്മനിരതരാക്കാനോ നേതൃത്വത്തിന്റെ അഭാവം മൂലം കഴിഞ്ഞില്ല. ഈ കാരണങ്ങളാലാണ് സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാതെ പോയത്.

## അദ്ധ്യായം 10

## റിക്രൂട്ടിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതു വഴിയുള്ള ക്രമക്കേടുകൾ

**10.1** 2010 മുതൽ സർക്കാർ ഏജൻസികൾക്ക് മനുഷ്യവിഭവശേഷി കരാർ അടിസ്ഥാനത്തിലും ദിവസക്കൂലിക്കും ലഭ്യമാക്കുന്ന ഒരു റിക്രൂട്ടിംഗ് ഏജൻസി ആയി സി സ്റ്റെഡ് പ്രവർത്തിക്കാൻ തുടങ്ങി. സംരംഭകത്വം പരിപോഷിപ്പിക്കുന്നതിനായി ചട്ട പ്രകാരം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ട സിസ്റ്റെഡ് സ്ഥാപനത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടാണ് ഇത്തരത്തിൽ ഒരു പ്രവർത്തന മേഖലയിലേക്ക് തിരിഞ്ഞത്. സി സ്റ്റെഡിന്റെ ചട്ടങ്ങളും, നിയന്ത്രണങ്ങളും അനുശാസിക്കുന്ന പ്രവർത്തനമേഖലയല്ലിത്.

**10.2** റിക്രൂട്ട്മെന്റിനത്തിൽ വരുമാനമായി 2016 ൽ 29,42,603 രൂപയും 2017 ൽ 25,85,039 രൂപയും ലഭിച്ചു എന്ന് അധികൃതർ വ്യക്തമാക്കുന്നു. എന്നാൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച് താഴെപറയുന്ന ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു.

1) റിക്രൂട്ട്മെന്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് പിന്തുടരേണ്ട മാനദണ്ഡങ്ങളോ, പാലിക്കേണ്ട വ്യവസ്ഥകളോ ഒന്നും തന്നെ നിലവിലില്ല.

2) ഓരോ തസ്തികയിലേക്കുമുള്ള റിക്രൂട്ട്മെന്റിന് പ്രത്യേക ഫയൽ സൂക്ഷിച്ചിട്ടില്ല. ആരംഭിച്ച ഫയലുകൾക്കൊന്നും നോട്ട് ഫയലില്ല. ഏറ്റവും ആശ്ചര്യകരമായ കാര്യം പല ഫയലുകളും ഡയറക്ടർ കാണുന്നില്ല എന്നുള്ളതാണ്.

3) റിക്രൂട്ട്മെന്റ് ഫയലുകൾ അപൂർണ്ണവും അവ്യക്തവും ആയതിനാൽ സി സ്റ്റെഡിന് റിക്രൂട്ട്മെന്റ് ഫീ ഇനത്തിൽ കിട്ടിയ വരുമാനത്തിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്.

4) ഇന്റർവ്യൂ ബോർഡിലേക്ക് അംഗങ്ങളെ നിശ്ചയിക്കുന്ന മാനദണ്ഡമോ അംഗങ്ങളെ നിശ്ചയിക്കുന്ന അതോറിറ്റി ആരാണെന്നോ എന്നതിനെ സംബന്ധിച്ച് ഒരു രൂപവും ഫയലുകളിൽ നിന്ന് വ്യക്തമല്ല.

5) ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവയ്ക്ക് തത്വദീക്ഷക്ക് നിരക്കാത്ത രീതിയിലാണ് മാർക്ക് നൽകിയിരിക്കുന്നത്.

മേൽ പ്രസ്താവിച്ച വസ്തുതകളുടെ വെളിച്ചത്തിൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഉദ്യോഗാർത്ഥികളെ കോമാളികളാക്കുംവിധം റിക്രൂട്ട്മെന്റ് നടത്തിയതിന് നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും. ഒരുദാഹരണം ചുവടെ ചേർക്കുന്നു.

### 10.3 കേരള കോ - ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ ഷിഫ്റ്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിൽ 17/10/2015 ൽ നടന്ന റിക്രൂട്ട്മെന്റ്

17/10/2015 ൽ സി സ്റ്റെഡിന്റെ എറണാകുളം ജില്ലാ ഓഫീസിൽ വച്ച് ഇന്റർവ്യൂ നടന്നു. ആകെ അപേക്ഷകരുടെ എണ്ണം 36. ഇന്റർവ്യൂ ബോർഡിൽ താഴെപറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

Dr.R.Raveendran Nair, former Dean, NIT Calicut

C.R Sreeraman, A.M, P&A, CFP, MILMA Malampuzha

Gomathy Sarojam, DCO, CSTED, Ernakulam.

10.4 <u>പൊരുത്തക്കേടുകൾ</u>

- അഭിരുചിപ്പരീക്ഷ, ഇന്റർവ്യൂ എന്നിവയ്ക്ക് നിശ്ചയിച്ചിരിക്കുന്ന മാർക്കിനെ സംബന്ധിച്ച് വ്യക്തതയില്ല.
- മൂന്ന് ബോർഡ് അംഗങ്ങളും ഉദ്യോഗാർത്ഥികൾക്ക് ഒരേ മാർക്കാണ് നൽകിയിരിക്കുന്നത്.
- ബോർഡ് അംഗങ്ങൾ നൽകിയിരിക്കുന്ന മാർക്കല്ല അന്തിമ ലിസ്റ്റിൽ ചേർത്തിരിക്കുന്നത്. ബോർഡ് അംഗങ്ങൾ നൽകിയിരിക്കുന്ന കൂടിയ മാർക്ക് 35 ഉം, കുറഞ്ഞ മാർക്ക് 2 ഉം ആണ്.
- അഭിരുചിപ്പരീക്ഷ, ഇന്റർവ്യൂ എന്നിവയിൽ പങ്കെടുത്ത എല്ലാ ഉദ്യോഗാർത്ഥികളെയും അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

# ഭാഗം 4

# കണ്ടെത്തലുകൾ

## അദ്ധ്യായം 11

## സി സ്റ്റെഡ് - സാമ്പത്തിക തകർച്ചയ്ക്ക് നിദാനമായ ഘടകങ്ങൾ

**11.1** സി സ്റ്റെഡിന്റെ സാമ്പത്തിക തകർച്ചക്ക് നിദാനമായ ഘടകങ്ങൾ അവലോകനം ചെയ്യുന്ന അദ്ധ്യായമാണിത്. അതിന്റെ ഭാഗമായി ജീവനക്കാരെ സംബന്ധിച്ച് സി സ്റ്റെഡിന്റെ മുൻ ഡയറക്ടർമാരുടെ റിപ്പോർട്ടുകളും, ജീവനക്കാരുടെ അഭിപ്രായങ്ങളും വിശകലനം ചെയ്യുകയുണ്ടായി.

**സാങ്കേതിക വിഭാഗം ജീവനക്കാർക്കെതിരെയുള്ള ആക്ഷേപങ്ങൾ**

**11.2** 17/5/2016 ൽ സി സ്റ്റെഡിന്റെ പ്രവർത്തനം സംബന്ധിച്ച് ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിൽ സി സ്റ്റെഡിന്റെ പ്രൊജക്ട് ഡയറക്ടർ (11/05/2015 - 18/07/2016 അധിക ചുമതല) ആയിരുന്ന ഡോ. അജിത് പ്രഭു സമർപ്പിച്ച റിപ്പോർട്ടിൽ ജീവനക്കാരെ സംബന്ധിച്ച് ഇപ്രകാരം അഭിപ്രായപ്പെടുന്നു.

"All staff at present are either on contract or on daily wages. But most of the Project Engineers and District Co- ordinators have crossed 50 years and they are panicky and demand regularisation and high salary at par with other government officials in the same grade, even though they are incompetent and inefficient as they have entered in to service not through a transparent and proper selection process. They are frustrated, demoralised, do not perform any work, are found having no committment and hence the whole system gets paralysed and dysfunctional. They do not attend any meetings and are getting agitated in meetings and do not allow to transact the business, even if the Principal Secretary is chairing. Their frustration guides them to indiscipline and misbehaviour".

**11.3** സാങ്കേതിക വിഭാഗം ജീവനക്കാർ ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നം. 25295/2013 ലെ വിധിന്യായം പാലിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ സി സ്റ്റെഡിനെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു.

> " CSTED has no future as an independent organisation because it is not covering any meaningful area of work under the Science & Technology Dept. The quality of the employees is also an important issue".

**11.4** മത്സരപ്പരീക്ഷയുടെ അടിസ്ഥാനത്തിലോ, സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയോ നിയമിതരായവരല്ല സി സ്റ്റെഡിന്റെ നട്ടെല്ലായ ടെക്നിക്കൽ വിഭാഗം ജീവനക്കാർ എന്നും എൻട്രപ്രണർഷിപ്പ്മായി ബന്ധപ്പെട്ട പദ്ധതികൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുന്നു എന്നതുമാണ് സാങ്കേതിക വിഭാഗം ജീവനക്കാരെക്കുറിച്ച് പ്രധാനമായും ചൂണ്ടിക്കാട്ടുന്നത്. **എന്നാൽ താഴെപ്പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ ആരോപണത്തോട് പൂർണ്ണമായും യോജിക്കാൻ കഴിയില്ല.**

a) 1985 -ൽ പ്രവർത്തനം ആരംഭിച്ച സി സ്റ്റെഡ് 2009-10 വരെ സാമ്പത്തികമായി വളരെ നല്ല നിലയിലായിരുന്നു എന്നത് വിസ്മരിക്കാവുന്നതല്ല.

b) സാങ്കേതിക വിഭാഗം ജീവനക്കാരിൽ ഏറിയ പങ്കം എഞ്ചിനീയറിംഗ് ബിരുദധാരികൾ ആണ്. ഭൂരിഭാഗം പേരും പ്രൊഫഷണൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവരാണ്.

**11.5** സി സ്റ്റെഡിന്റെ പ്രവർത്തനം 2010 ന് ശേഷം മന്ദീഭവിക്കാൻ ഉള്ള കാരണങ്ങളെക്കുറിച്ച് ജീവനക്കാരുടെ അഭിപ്രായം താഴെപ്പറയുന്നവയാണ്.

1. 2010 മുതൽ നിയമിതരായ ഡയറക്ടർമാരിൽ ഡോ. അജിത് പ്രഭു ഒഴിച്ചാൽ ബാക്കി എല്ലാം തന്നെ ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള സയന്റിസ്റ്റമാരാണ്. സംരംഭകത്വവികസനവുമായി ബന്ധപ്പെട്ട മേഖലയിൽനിന്നുള്ളവരല്ല ഇവരാരും.

2. എഞ്ചിനീയറിംഗ് ഗ്രാജ്വേറ്റ്സ് ആയിരുന്നിട്ടും സമാന യോഗ്യതകൾ ഉള്ള പൊതുമരാമത്ത്, ജലവിഭവ വകുപ്പ് എന്നീ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളവുമായി താരതമ്യം ചെയ്യുമ്പോൾ പരിമിതമായ ശമ്പളം മാത്രമാണ് തങ്ങൾക്ക് ലഭിക്കുന്നത്. സി സ്റ്റെഡിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പളം താഴെചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | ശമ്പളം | സി.സ്റ്റെഡിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|
| 1 | ലതിക ജി | പ്രൊജക്ട് എഞ്ചിനീയർ | 31492 | 21/01/1999 |
| 2 | ശൈലജ.കെ.വി | പ്രൊജക്ട് എഞ്ചിനീയർ | 31492 | 16/02/1995 |
| 3 | മൈഥിലി.കെ | പ്രൊജക്ട് എഞ്ചിനീയർ | 30025 | 15/12/1999 |
| 4 | ജാനകി. പി | ജില്ലാ കോ ഓർഡിനേറ്റർ | 25204 | 17/12/1995 |
| 5 | ലക്ഷ്മിയമ്മ.ഡി. | ജില്ലാ കോ ഓർഡിനേറ്റർ | 25204 | 13/06/1995 |
| 6 | ഗോമതി സരോജം.എം. | ജില്ലാ കോ ഓർഡിനേറ്റർ | 25204 | 20/01/1999 |
| 7 | വീണ.പി. | ജില്ലാ കോ ഓർഡിനേറ്റർ | 25204 | 20/01/1999 |
| 8 | ദീപ്തി.എ.എസ്. | ജില്ലാ കോ ഓർഡിനേറ്റർ | 25204 | 20/01/1999 |
| 9 | ജയൻ.കെ.എ | ജില്ലാ കോ | 25204 | 17/03/199 |

| | | | | |
|---|---|---|---|---|
| | | ഓർഡിനേറ്റർ | | |
| 10 | പ്രീതി. എസ് | ജില്ലാ കോ ഓർഡിനേറ്റർ | 25204 | 08/04/1999 |
| 11 | സതീഷ് ബാബു.എം.വി | ജില്ലാ കോ ഓർഡിനേറ്റർ | 21719 | 06/102003 |
| 12 | പെൻ.ജി.ദാസ് | കോഴ്സ് കോ ഓർഡിനേറ്റർ | 21719 | 14/101997 |

സീരിയൽ നമ്പർ 4,12 ഒഴികെയുള്ളവർ എഞ്ചിനീയറിംഗ് ബിരുദധാരികളാണ്.

3. 2011 ലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് സമാനമായി സി സ്റ്റെഡിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കിച്ചിട്ടില്ല.

4. 2011 മുതൽ പല പ്രോജക്ടുകളും ഏറ്റെടുക്കുന്നതിൽ ഡയറക്ടർക്ക് ഉണ്ടായിരുന്ന വൈമുഖ്യം പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു.

5. വളരെ നാളുകളായി ധനകാര്യ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് വ്യവസ്ഥാപിത മാനദണ്ഡങ്ങൾ അനുസരിച്ചല്ല.

6. 2014 ന് ശേഷം ഒരു മുഴുവൻ സമയ ഡയറക്ടറെ നിയമിച്ചിട്ടില്ല.

## 11.6 സി സ്റ്റെഡിന്റെ സാമ്പത്തിക തകർച്ചക്ക് ആധാരമായ ഘടകങ്ങൾ - പഠന സംഘത്തിന്റെ കണ്ടെത്തലുകൾ

1. 2011 - ലെ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് സമാനമായി സി സ്റ്റെഡിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തത് മൂലം ജീവനക്കാർ വലിയതോതിൽ അസംതൃപ്തരായിരുന്നു. തൻമൂലം കർത്തവ്യ നിർവഹണത്തിൽ ജീവനക്കാർ പൂർണ്ണമായും ആത്മാർത്ഥത പുലർത്തിയിരുന്നില്ല. (ഈ സമയത്തും വളരെ നല്ല രീതിയിൽ പ്രവർത്തിച്ച് വരുമാനം സൃഷ്ടിക്കുന്നതിൽ തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിലെ ജില്ലാ കോർഡിനേറ്റർമാർക്ക് കഴിഞ്ഞു എന്നത് പ്രശംസനീയമാണ്).

2. എഞ്ചിനീയറിംഗ് ബിരുദം കരസ്ഥമാക്കിയവരും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവരുമാണ് ഭൂരിഭാഗം സാങ്കേതിക വിഭാഗം ജീവനക്കാരും. എന്നാൽ എൻട്രപ്രണർഷിപ്പിൽ ബിരുദമോ, സമാന യോഗ്യതകളോ നേടിയിട്ടുള്ളവരല്ല ഇവരാരും. സംരംഭകത്വം എന്ന വിഷയത്തിൽ കോഴ്സുകൾ പൂർത്തിയാക്കി യോഗ്യതകൾ നേടിയവർ ആയിരുന്നുവെങ്കിൽ കൂടുതൽ ഫലപ്രദമായി സംരംഭകത്വ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് വിജയിപ്പിക്കുന്നതിനും, നൈപുണ്യ വികസനം ലക്ഷ്യമാക്കിയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സി സ്റ്റെഡിന് കഴിയുമായിരുന്നു.

3. 2009-10 വരെ സാമ്പത്തിക പരാധീനതകൾ ഇല്ലാതെ സ്വന്തം നിലയിൽ വരുമാനം ആർജ്ജിച്ച സ്ഥാപനമാണ് സി സ്റ്റെഡ്. സംരംഭകത്വ വികസനവുമായി ബന്ധമില്ലാത്തവരെ

ഡയറക്ടർമാർ ആയി നിയമിച്ചത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു.

4. മുഴുവൻ സമയ ഡയറക്ടറുടെ അഭാവം - സിസ്റ്റെഡ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങിയത് മുഴുവൻ സമയ ഡയറക്ടറുടെ അഭാവത്താലായിരുന്നു എന്നത് തികച്ചും വസ്തുതാപരമായ കാര്യമാണ്. മുഴുവൻ സമയ ഡയറക്ടറുടെ അഭാവത്തിലായിരുന്നു സാമ്പത്തിക വിഷയങ്ങളിൽ അലംഭാവം ഉണ്ടായത്. മുഴുവൻ സമയ ഡയറക്ടറുടെ അഭാവം സ്ഥാപനത്തിന്റെ ഏകോപനം അവതാളത്തിലാക്കി. 2016 ന്റെ തുടക്കം മുതൽ സിസ്റ്റെഡിന്റെ പ്രവർത്തനം പൂർണമായും നിലച്ചു. പുതിയ ട്രെയിനിങ് പ്രോഗ്രാമുകൾ ഒന്നും തന്നെ ഏറ്റെടുക്കാതെ സാങ്കേതിക വിഭാഗം ജീവനക്കാർ ജോലിയോടു തികഞ്ഞ നിസ്സംഗതയും നിസ്സഹകരണവും പുലർത്തി. സർക്കാരിൽ നിന്നും 2016 ൽ 75 ലക്ഷം രൂപയുടെ ഗ്രാന്റ് ലഭിച്ചിരുന്നു. പ്രതിസന്ധി മറികടക്കാനുള്ള ഒരു പ്രവർത്തനവും നടത്താതെ 75 ലക്ഷം രൂപയുടെ ഗ്രാന്റ് ആവശ്യകതാ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യത്യസ്തമായി ശമ്പളത്തിനും ഇ പി ഫ് / ഇ സ് ഐ എന്നിവയ്ക്ക് മാത്രമായി ചെലവഴിക്കുകയായിരുന്നു.

5. സാമൂഹ്യക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് വ്യവസായ വകുപ്പ് വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളും, കുടുംബശ്രീ, ഐ.സി.ഡി.എസ് തുടങ്ങിയ സർക്കാർ ഏജൻസികളും സ്പോൺസർ ചെയ്യുന്ന പരിശീലന പരിപാടികളാണ് പ്രധാനമായും സി സ്റ്റെഡ് നടത്തുന്നത്. ഉദാഹരണം വസ്ത്ര നിർമാമാണം, കൃത്രിമ ആഭരണ നിർമ്മാണം, അവൽ നിർമ്മാണം, ബ്യൂട്ടി പാർലർ നടത്തിപ്പ്, ഡസ്ക് ടോപ്പ് പബ്ലിഷിംഗ്, ഡാറ്റ എൻട്രി, കുട നിർമ്മാണം, കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് തുടങ്ങിയവ. പല ട്രെയിനിങ് പ്രോഗ്രാമുകൾക്കും പുറമെ നിന്ന് ഫാക്കൽറ്റികളെ ദത്തെടുക്കേണ്ടി വരുന്നത് ചെലവ് വർധിപ്പിക്കുന്നതായി കാണുന്നു.

6. മേൽ നോട്ടത്തിലെ അപാകതകൾ

സി സ്റ്റെഡിന്റെ പ്രവർത്തനം ക്രമീകരിക്കുന്ന റൂൾസ് & റഗുലേഷൻസ് ഐറ്റം നം. 10 ഗവേണിംഗ് കൗൺസിലിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ഇതു പ്രകാരം സി സ്റ്റെഡിന്റെ ഭരണവും, നിയന്ത്രണവും 23 അംഗ ഗവേണിംഗ് കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നു. ഗവേണിംഗ് കൗൺസിൽ വർഷത്തിൽ ഏറ്റവും കുറഞ്ഞത് 2 തവണയെങ്കിലും കൂടേണ്ടതാണ്. സി സ്റ്റെഡിന്റെ ഭരണവും മേൽനോട്ടവുമായി ബന്ധപ്പെട്ട റൂൾസ് & റഗുലേഷൻസിലെ പ്രധാന ഐറ്റങ്ങൾ ചുവടെ വിവരിക്കുന്നു.

ഐറ്റം നം. 15 (3) - അക്കൗണ്ട്, ക്യാഷ് മുതലായ ഡയറക്ടറുടെ മേൽ നോട്ടത്തിലും, നിയന്ത്രണത്തിലുമായിരിക്കും. സി സ്റ്റെഡിന്റെ ഓഫീസ് തലവനായ ഡയറക്ടർ ഓഫീസിന്റെ നടത്തിപ്പും, ജീവനക്കാരുടെ കർത്തവ്യ നിർവഹണം, പെരുമാറ്റം തുടങ്ങിയവക്ക് മേൽ നോട്ടം വഹിക്കുന്നു.

ഐറ്റം 11 - സി സ്റ്റെഡ് അക്കൗണ്ടുകൾ കൃത്യമായി ഓഡിറ്റ് ചെയ്ത് കിട്ടുന്നതിനുള്ള ഉത്തരവാദിത്തം ഗവേണിംഗ് കൗൺസിലിനാണ്.

ഐറ്റം 16 (എക്സിക്യൂട്ടീവ് കമ്മിറ്റി) - ഗവേണിംഗ് കൗൺസിലിൽ നിന്ന് നോമിനേറ്റ്

ചെയ്യപ്പെടുന്ന 7-9 അംഗങ്ങൾ അടങ്ങിയ കമ്മിറ്റി കുറഞ്ഞത് മൂന്നു മാസത്തിൽ ഒരു തവണയെങ്കിലും കൂടിയിരിക്കണം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ പ്രിൻസിപ്പൽ സെക്രട്ടറി, സയൻസ് & ടെക്നോളജി വകുപ്പ് ആയിരിക്കും.

ഐറ്റം നം. 19 - ഓഡിറ്റർമാരെ നിയമിക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റി ആയിരിക്കും.

ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ കൂടിയതിന്റെ വിവരങ്ങൾ

| | | | |
|---|---|---|---|
| 1st ഗവേണിംഗ് കൗൺസിൽ | 25/02/10 | 1st എക്സിക്യൂട്ടീവ് കമ്മിറ്റി | 26/07/10 |
| 2nd ഗവേണിംഗ് കൗൺസിൽ | 18/10/12 | 2nd എക്സിക്യൂട്ടീവ് കമ്മിറ്റി | 19/02/14 |
| 3rd ഗവേണിംഗ് കൗൺസിൽ | 19/08/13 | - | - |

ഗവേണിംഗ് കൗൺസിൽ 2013 ന് ശേഷം കൂടിയിട്ടില്ല. എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിരിക്കുന്നത് 2 തവണ മാത്രമാണ്. പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ് അദ്ധ്യക്ഷനായ എക്സ്പെൻഡിച്ചർ കമ്മിറ്റി വിളിച്ചു ചേർത്തിട്ടില്ല. സ്വകാര്യ ഏജൻസികളെ ഏൽപിച്ചുകൊണ്ട് ആഡിറ്റ് നടത്തിയതായി കാണുന്നുണ്ടെങ്കിലും, ചട്ടപ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അറിവോടെയല്ല ആഡിറ്റ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് നടത്തിയതിൽ തന്നെ ക്രമക്കേടുകൾ ബോധ്യപ്പെടുകയുണ്ടായി. ഒരു മുഴുവൻ സമയ ഡയറക്ടർ ഇല്ലാതിരുന്ന സന്ദർഭത്തിലാണ് അക്കൗണ്ട്സ്, ക്യാഷ് എന്നിവയിൽ ശരിയായ രീതിയിലുള്ള മോണിറ്ററിംഗ് ഇല്ലാതെ പോയത് (അക്കൗണ്ട്സ്, ക്യാഷ് എന്നിവയെ സംബന്ധിച്ച് വിശദമായി ഭാഗം 3 ധനകാര്യത്തിൽ പ്രദിപാദിക്കുന്നു). സാങ്കേതിക വിഭാഗം ജീവനക്കാരുടെ കരാറുകൾ സമയാസമയങ്ങളിൽ പുതുക്കി നൽകുകയോ, ജീവനക്കാരുടെ കർത്തവ്യ നിർവ്വഹണം വിലയിരുത്തുകയോ തുടങ്ങിയ ആവശ്യം നടപടികൾപോലും സ്വീകരിച്ചിട്ടില്ലാത്ത സ്ഥാപനമാണ് സി സ്റ്റെഡ്.

7) മോശം ഭൗതിക സാഹചര്യങ്ങൾ

വളരെ പഴക്കം ചെന്ന ഒരു സർക്കാർ കെട്ടിടത്തിലാണ് സി.സ്റ്റെഡ് കേന്ദ്ര ആഫീസ് പ്രവർത്തിക്കുന്നത്. പൊടിപിടിച്ച മുറികളും വൃത്തിഹീനമായ ശുചിമുറികളും ചേർന്ന ഭൗതിക സാഹചര്യം സി സ്റ്റെഡിന്റെ പ്രവർത്തനത്തിന് അനുയോജ്യമായ അന്തരീക്ഷം പ്രധാനം ചെയ്യുന്നില്ല.

8) പ്രവർത്തന മാനുവലിന്റെ അഭാവം

ജീവനക്കാരുടെ കടമകളും, ചുമതലകളും നിർവചിക്കുന്ന ഓഫീസ് മാനുവലിന്റെ അഭാവം സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

9) അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിലെ വീഴ്ചകൾ

ആഡിറ്റിംഗ് ദുഷ്കരമാക്കുംവിധമാണ് നിലവിൽ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരിക്കുന്നത്. പ്രധാനമായും കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

i. കൃത്യമായ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കാതെ ലാഘവത്തോടെയാണ് അക്കൗണ്ട്സ് കൈകാര്യം ചെയ്തിരിക്കുന്നത്.

ii. ഒരോ ഫയലിനും പ്രത്യേകം നോട്ട് ഫയൽ ഇല്ല. എല്ലാ ഫയലുകൾക്കും കൂടി ഒറ്റ നോട്ട് ഫയൽ ആണുള്ളത്. ചെക്ക് അംഗീകരിക്കുന്നതിന് മാത്രമായാണ് നോട്ട് ഫയൽ സൂക്ഷിക്കുന്നത്. 2017-18 ലെ ചെക്ക് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട പല കുറിപ്പുകളും ഡയറക്ടർ കണ്ടിട്ടില്ല. ബിൽഡിംഗ് റെന്റ്, പർച്ചേസ് (സ്റ്റേഷനറി, ഇലക്ട്രോണിക് ഐറ്റങ്ങൾ) വാഹനം, വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കൊന്നും തന്നെ ഫയലുകൾ ആരംഭിച്ചിട്ടില്ല.

iii. വരവ് ചെലവ് കണക്കുകൾക്കൊന്നും കൃത്യതയില്ല. വരവ് ചെലവ് കണക്കുകൾ ടാലി ചെയ്യാൻ പറ്റുന്ന രീതിയിൽ പൊതുവായി അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ ഒന്നും തന്നെ ഇവിടെ പാലിച്ചിട്ടില്ല. പ്രതിമാസ വാർഷിക അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളിൽ ഓപ്പണിങ് ബാലൻസ്, ക്ലോസിങ് ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

iv. 2010 മുതൽ സർക്കാർ സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും മനുഷ്യ വിഭവ ശേഷി പ്രദാനം ചെയ്യുന്ന റിക്രൂട്ടിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നു. ഇതിൽ നിന്നുള്ള വരവ് കൃത്യമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## അദ്ധ്യായം 12

## കണ്ടെത്തലുകളും ശുപാർശകളും

**12.1** സി സ്റ്റെഡിൽ 2011 ലെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകിയിട്ടില്ല. ക്ഷാമബത്ത കുടിശ്ശിക നൽകാനുണ്ട്. വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാനുണ്ട്. സി സ്റ്റെഡിന്റെ ജില്ലാ ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സാമ്പത്തിക പ്രതിസന്ധി മൂലം ജില്ലാ ഓഫീസുകളുടെ വാടക കുടിശ്ശിക കൊടുത്ത് തീർക്കാനുണ്ട്. നിലവിലെ ജീവനക്കാർക്ക് 2016 നവംബർ മാസം മുതലുള്ള ശമ്പളം നൽകാനുണ്ട്. ഓഫീസുകളിലെ കറണ്ട് ചാർജ്ജ് ഉൾപ്പടെയുള്ള മറ്റ് ആവർത്തന ചെലവുകൾ കുടിശ്ശികയായിട്ടുണ്ട്. സ്വയം വരുമാനം ആർജ്ജിച്ച് പ്രവർത്തിക്കേണ്ട സ്ഥാപനം എന്ന നിലയിൽ സി സ്റ്റെഡിന്റെ പ്രവർത്തനം ഇപ്പോൾ നിശ്ചലമാണ്. പ്രധാന സാമ്പത്തിക സ്രോതസ്സുകളായ പ്രോജക്ട് കൺസൾട്ടൻസി, പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കൽ, പ്രോജക്ട് മാനേജ്മെന്റ്, ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ട കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർ 2016-17 മുതൽ കർത്തവ്യനിർവ്വഹണത്തിൽ നിന്നും വിട്ടുനിൽക്കുന്നു.

**12.2** 2013 ൽ സാങ്കേതിക വിഭാഗം ജീവനക്കാർ ഹൈക്കോടതി മുമ്പാകെ രണ്ടു റിട്ടുകൾ ഫയൽ ചെയ്തു (WP(c) No.25295/13 & 26006/13). കരാർ അടിസ്ഥാനത്തിൽ നിയമിതരായ തങ്ങളെ റഗുലറൈസ് ചെയ്യണം എന്നതാണ് സാങ്കേതിക വിഭാഗം ജീവനക്കാരുടെ അപേക്ഷ. 14/7/2016 ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി ഈ രണ്ടു റിട്ടുകളിലും തീർപ്പു കൽപ്പിച്ചു. സ്റ്റെഡ് പ്രോജക്ടിനെ സർക്കാർ ഏറ്റെടുത്തപ്പോൾ രൂപീകൃതമായ സി സ്റ്റെഡ് എന്ന റഗുലർ എസ്റ്റാബ്ലിഷ്മെന്റിലെ ജീവനക്കാരായതിനാൽ ഈ ജീവനക്കാർ റഗുലർ എംപ്ലോയീസ് ആണെന്ന് കോടതി നിരീക്ഷിച്ചു. റഗുലർ ജീവനക്കാർ എന്ന നിലയിൽ മുടങ്ങിയ ശമ്പളത്തിന് ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കും എന്നും കോടതി വ്യക്തമാക്കി.

**12.3** കോടതി ഉത്തരവിനെ തുടർന്ന് ശാസ്ത്ര സാങ്കേതിക വകുപ്പ് 20/6/2017 തീയതിയിൽ ജി.ഒ (എം.എസ്) നം.4/2017/S&TD പുറപ്പെടുവിച്ചു. ഇത് പ്രകാരം സാങ്കേതിക വിഭാഗം ജീവനക്കാരെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലേക്ക് വ്യവസ്ഥകൾക്ക് വിധേയമായി ആഗിരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചു. ടി ഉത്തരവിൽ സി സ്റ്റെഡിന് ഭാവിയില്ല എന്ന് സർക്കാർ നിരീക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ ഒരു നിരീക്ഷണത്തിനു അടിസ്ഥാനമായി ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾ താഴെ പറയുന്നു.

1. ജീവനക്കാരുടെ കാര്യക്ഷമത
2. സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താത്തത്

സർക്കാർ ഉത്തരവ് നടപ്പിലാക്കിയില്ല എന്നാരോപിച്ച് ജീവനക്കാർ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് ഇപ്പോഴും നിലനിൽക്കുകയാണ്.

## 12.4 സി സ്റ്റെഡിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നില്ക്കുന്ന/ അതിജീവിക്കേണ്ട ഘടകങ്ങൾ

### A) ജീവനക്കാരുടെ പ്രവർത്തന മികവ്

സി സ്റ്റെഡിന്റെ പ്രവർത്തനം പൂർണമായും സാങ്കേതിക വിഭാഗം ജീവനക്കാരെ ആശ്രയിച്ചിരിക്കുന്നു. നൂതനമായ ശാസ്ത്ര സാങ്കേതിക വിദ്യകളുപയോഗിച്ച് സംരംഭകത്വ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ സ്ഥാപനത്തിന്റെ മുഖ്യ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രവർത്തികമാക്കുന്നതിനും ഒരു സ്വയം ധനാർജ്ജിത സ്ഥാപനം എന്ന നിലയിൽ സ്ഥാപനത്തിന്റെ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിനും പങ്ക് വഹിക്കുന്നത് സി സ്റ്റെഡിലെ സാങ്കേതിക വിഭാഗം ജീവനക്കാരാണ്. സാങ്കേതിക വിഭാഗം ജീവനക്കാരായ പ്രോജക്ട് എഞ്ചിനിയർമാരുടെയും ഡിസ്ട്രിക്ട് കോ - ഓർഡിനേറ്റർമാരുടെയും 2010-11 മുതൽ 2017-18 വരെ യുള്ള 8 വർഷക്കാലത്തെ പദ്ധതി നിർവ്വഹണത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന മികവ് വിലയിരുത്തുന്ന ചാർട്ട് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ശരാശരി വാർഷിക വരുമാനം (2010-11 മുതൽ 2017-18 വരെ) | പ്രവർത്തന നിലവാരം |
|---|---|---|---|
| 1 | തിരുവനന്തപുരം | 302375 | ശരാശരിയിൽ താഴെ |
| 2 | കൊല്ലം | 292400 | ശരാശരിയിൽ താഴെ |
| 3 | പത്തനംതിട്ട | 266406 | ശരാശരിയിൽ താഴെ |
| 4 | ആലപ്പുഴ | 484788 | ശരാശരിയിൽ താഴെ |
| 5 | കോട്ടയം | 383662 | ശരാശരിയിൽ താഴെ |
| 6 | ഇടുക്കി | 76718 | ശരാശരിയിൽ താഴെ |
| 7 | എറണാകുളം | 557310 | ശരാശരി |
| 8 | തൃശ്ശൂർ | 1268487 | മികച്ചത് |
| 9 | പാലക്കാട് | 1024411 | മികച്ചത് |
| 10 | മലപ്പുറം | 440212 | ശരാശരിയിൽ താഴെ |
| 11 | കോഴിക്കോട് | 543027 | ശരാശരി |
| 12 | വയനാട് | 271054 | ശരാശരിയിൽ താഴെ |
| 13 | കണ്ണൂർ | 1306212 | മികച്ചത് |
| 14 | കാസർകോഡ് | 340887 | ശരാശരിയിൽ താഴെ |

മികച്ചത് - 10 ലക്ഷവും അതിന് മുകളിലും വരുമാനം ആർജ്ജിച്ചത്

ശരാശരി - 5 ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയിൽ വരുമാനം ആർജ്ജിച്ചത്

ശരാശരിയിൽ താഴെ - 5 ലക്ഷത്തിനും താഴെ വരുമാനം ആർജ്ജിച്ചത്

കേന്ദ്ര ഓഫീസിൽ ലഭിച്ച വരുമാനം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
തൃശ്ശൂർ, പാലക്കട്, കണ്ണൂർ എന്നീ ജില്ലകൾ ഒഴിച്ചാൽ മറ്റ് ജില്ലകളുടെയെല്ലാം പ്രവർത്തനം ശരാശരിയോ അതിൽ താഴെയോ ആണ്. 2009-10 വരെ ജീവനക്കാരുടെ പ്രവർത്തനം മികവുറ്റതായിരുന്നു. 2010-11 മുതൽ പ്രവർത്തനം തൃപ്തികരമല്ല. ഇതിന്റെ പ്രധാന കാരണങ്ങൾ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകാത്തതും, കേന്ദ്ര ഓഫീസിലെ ധന മാനേജ്മെന്റിലെ പോരായ്മകളുമാണ്. പ്രതീക്ഷ നഷ്ടപ്പെട്ട, മാനസികമായി തളർന്ന അവസ്ഥയിലാണ് സാങ്കേതിക വിഭാഗം ജീവനക്കാർ എന്ന് വിശേഷിപ്പിക്കാം. സാങ്കേതിക വിഭാഗം ജീവനക്കാരിൽ രണ്ടു പേരൊഴികെ ബാക്കിയെല്ലാവരും 50 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. 2016 -17 മുതൽ പുതിയ പ്രോജക്ടുകൾ എറ്റെടുക്കാതെ സാങ്കേതിക വിഭാഗം ജീവനക്കാർ ചുമതലകളിൽ നിന്നും വിട്ടുനിൽക്കുകയാണ്. അതിന്റെ ഫലമായി സ്ഥാപനം സാമ്പത്തിക പ്രതിസന്ധിയിലായി. വാടക കുടിശ്ശിക മൂലം പല ഓഫീസുകളും ഒഴിയേണ്ട അവസ്ഥയാണ്. പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലാ ഓഫീസുകൾ ഇതിനോടകം തന്നെ അടച്ചു പൂട്ടി. സേവന കാലത്തിന്റെ അവസാന ഘട്ടത്തിലെത്തിക്കഴിഞ്ഞ ഇവർക്ക് സി സ്റ്റെഡിന്റെ പുനരുദ്ധാരണത്തിന് പര്യാപ്തമാം വിധം പ്രവർത്തനങ്ങൾ നടത്താൻ കഴിയുമോ എന്ന കാര്യം സംശയകരമാണ്.

**B) പ്രവർത്തന ചെലവുകൾ**

സി സ്റ്റെഡിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രതിമാസ ആവർത്തന ചെലവുകളും പ്രോജക്ട് ചെലവുകളും അടക്കം 2 കോടി രൂപ വാർഷിക വരുമാനം ആവശ്യമാണ്. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

**I. പ്രതിമാസ ആവർത്തന ചെലവുകൾ**

| ക്രമ നമ്പർ | ഇനം | തുക (രൂപയിൽ) |
|---|---|---|
| 1 | ശമ്പളം | 6.5 ലക്ഷം |
| 2 | വാടക | 1 ലക്ഷം |
| 3 | യാത്രാപ്പടി | 25000 |
| 4 | വെള്ളം,വൈദ്യുതി, ടെലിഫോൺ | 75000 |
| 5 | മറ്റു ചെലവുകൾ | 25000 |

**II. പ്രോജക്ട് ചെലവുകൾ** - ഒരോ പ്രോജക്ടുകളുടെയും 30-40% (ഫാക്കൽറ്റി ഫീ, പ്രോജക്ട് അനുബന്ധമായ സാധന സാമഗ്രികളുടെ പർച്ചേസ് തുടങ്ങിയവ)

2010-11 മുതൽ 2017-18 വരെയുള്ള വരുമാനം പട്ടികയിൽ ചേർക്കുന്നു.

| ജില്ലാ തലം | കേന്ദ്ര തലം | ആകെ വരുമാനം | ശരാശരിവാർഷിക വരുമാനം |
|---|---|---|---|
| **6,23,92,631/- രൂപ** | **2,20,63,595/- രൂപ** | **8,44,56,226/- രൂപ** | **1,05,57,028/- രൂപ** |

കവിഞ്ഞ 8 സാമ്പത്തിക വർഷങ്ങളിലെ ശരാശരി വാർഷിക വരുമാനം 1,05,57,028/- രൂപ ആയതിനാൽ നിലവിലെ സാഹചര്യത്തിൽ 2 കോടി രൂപ വാർഷിക വരുമാനം ആർജ്ജിക്കാൻ കഴിയുമോ എന്നുള്ള കാര്യം സംശയമാണ്.

**C) നിലവിലെ സാമ്പത്തിക ബാധ്യത**

2016 നവംബർ മുതലുള്ള ശമ്പള കുടിശ്ശിക , ഇ പി എഫ്/ ഇ സ് ഐ അടവുകൾ, വാടക തുടങ്ങിയ ഇനങ്ങളിൽ 2 കോടി രൂപ നിലവിൽ സാമ്പത്തിക ബാധ്യതയുണ്ട്.

**D) സമാന മേഖലകളിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുടെ കടന്നു വരവ്**

മുൻ അദ്ധ്യായങ്ങളിൽ സൂചിപ്പിച്ച പോലെ കുടുംബശ്രീ, ഐ.സി.ഡി.എസ് തുടങ്ങിയ ഏജൻസികൾ വിഭാവനം ചെയ്യുന്ന നൈപുണ്യ വികസന പരിശീലന പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതുവഴി ലഭിക്കുന്ന ഫണ്ടുകളാണ് സി-സ്റ്റെഡിന്റെ പ്രധാന വരുമാന മാർഗ്ഗം. സംരംഭകത്വ വികസനവും, നൈപുണ്യ വികസനവും ലക്ഷ്യമാക്കിയുള്ള പ്രവത്തനങ്ങൾ നടത്തുന്ന സി ഡിറ്റ്, ASAP എന്നീ സ്ഥാപനങ്ങളുടെ കടന്നുവരവ് ഈ മേഖലയിൽ മത്സരം സൃഷ്ടിച്ചിട്ടുണ്ട്.

**12.5** സെന്റർ ഫോർ സയൻസ് & ടെക്നോളജി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റിലെ മേൽ വിവരിച്ച പ്രതിസന്ധികളെ അതിജീവിക്കുന്നതിന് പഠനസംഘം പരിശോധിച്ച സാധ്യമായ മാർഗ്ഗങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | സാധ്യമായ മാർഗ്ഗങ്ങൾ | പ്രതികൂല ഘടകങ്ങൾ |
|---|---|---|
| 1 | ഒരു നിശ്ചിത കാലഘട്ടത്തിലേക്ക് സി സ്റ്റെഡ് സ്വയം പര്യാപ്തതയിലേക്കെത്തുന്നതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഗ്രാന്റ് നൽകുക | 2016 - ൽ 75 ലക്ഷം രൂപ ഗ്രാന്റ് നൽകിയിട്ടും സാമ്പത്തിക ഉത്തേജനത്തിന് ആക്കം കൂട്ടുന്ന യാതൊരു പ്രവർത്തനവും സി സ്റ്റെഡിന്റെ ഭാഗത്ത് നിന്നും ഉണ്ടായില്ല എന്ന വസ്തുത ശ്രദ്ധിക്കപ്പെടേണ്ടതാണ്. നിലവിൽ വാർഷിക പ്രവർത്തന മൂലധനമായി നിജപ്പെടുത്തിയിരിക്കുന്നത് 2 കോടി രൂപയാണ്. ഇതിൽ 1 കോടി രൂപയെങ്കിലും ഗ്രാന്റായി നൽകേണ്ടതുണ്ട്. വലിയ തുക ഗ്രാന്റായി നൽകാൻ കൗൺസിലിന് കഴിയുമോ എന്ന കാര്യത്തിൽ സംശയമുണ്ട്. |
| 2 | സംരംഭകത്വ വികസന രംഗത്ത് പ്രാവീണ്യം നേടിയ ഒരു വിദഗ്ധനെ മുഴുവൻ സമയ ഡയറക്ടറായി നിയമിക്കുക. | മുഴുവൻ സമയ ഡയറക്ടറുടെ അഭാവം സാമ്പത്തിക പ്രതിസന്ധി മൂർച്ഛിപ്പിച്ചു എന്നത് വസ്തുതയാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ മുഴുവൻ സമയ |

| | | |
|---|---|---|
| | | ഡയറക്ടറുടെ സാന്നിധ്യം പോലും പ്രതിസന്ധി മറികടയ്ക്കാൻ പര്യാപ്തമാണോ എന്ന സംശയമുണ്ട്. 2013 ലും മുഴുവൻ സമയ ഡയറക്ടറെ നിയമിക്കണമെന്ന ആവശ്യം ഉയർന്നു വന്നിരുന്നു. ആയതു സംബന്ധിച്ച് സർക്കാർ ഇപ്രകാരം നിരീക്ഷണം നടത്തിയിരുന്നു.<br>" ഒരു ഭിന്ന സ്ഥാപനമായി ഇതേ നിലയിൽ തുടരണമോ അതോ മറ്റേതെങ്കിലും സാധ്യമായ സ്ഥാപനവുമായി ലയിപ്പിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ വസ്തുനിഷ്ഠമായ ഒരു തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളുന്നതിനു മുൻപ് മുഴുവൻസമയ ഡയറക്ടറെ നിയമിക്കുന്നത് യുക്തമല്ല". |
| 3 | സി സ്റ്റെഡിന്റെ ജില്ലാ ഓഫീസുകൾ നിർത്തലാക്കിക്കൊണ്ട് പ്രവർത്തനം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ ഓഫീസുകളിലേക്കായി പരിമിതപ്പെടുത്തുക. | ജീവനക്കാർക്കുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ |
| 4 | ജീവനക്കാരുടെ ആത്മവീര്യം ഉയർത്തുന്നതിനായി 2011 ലെ ശമ്പള പരിഷ്കരണ ഉത്തരവിന് സമാനമായി ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുക. | വാർഷിക പ്രവർത്തന മൂലധനമായി നിലവിൽ ആർജ്ജിക്കേണ്ടത് 2 കോടി രൂപയാണ് . ഈ തുകയിൽ വർദ്ധനവുണ്ടാകും. |
| 5 | സ്ഥാപനത്തിന്റെ പ്രൊഡക്ടിവിറ്റി മെച്ചപ്പെടുത്താനുതകും വിധം അംഗീകൃത തസ്തികകളിലെ യോഗ്യതകൾ പുനർനിശ്ചയിക്കുക. ഉദാ. പ്രോഗ്രാം / പ്രോജക്ട് അസിസ്റ്റന്റ് തസ്സ്തികയിലേക്കുള്ള നിയമനത്തിന് ഐ ടി ഐ യോഗ്യകയായി നിശ്ചയിച്ചിരുന്നുവെങ്കിൽ അത് സ്ഥാപനത്തിന്റെ | കാലതാമസം ഉണ്ടാകാനിടയുണ്ട്. |

| | | |
|---|---|---|
| | പ്രവത്തർനത്തിനു മുതൽക്കൂട്ടാവുമായിരുന്നു. ഒഴിവുള്ള ഡിസ്ട്രിക്ട് കോ ഓർഡിനേറ്റർ തസ്തികകളിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകുക. സി സ്റ്റെഡിന്റെ കാര്യക്ഷമതയെ സ്വാധീനിക്കാൻ ഇത്തരം മാറ്റങ്ങൾക്ക് കഴിയും. | |
| 6 | മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ നിഷ്കർഷിക്കുന്നതിൻ പ്രകാരം പ്രവർത്തനം വിലയിരുത്തുന്നതിനായി ഗവേണിങ് കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ യഥാസമയം കൂടുക. | മുഴുവൻ സമയ ഡയറക്ടറെ നിയമിച്ചാൽ മാത്രമെ ഗവേണിങ് കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ കൃത്യമായി ചേരാൻ കഴിയുകയുള്ളൂ. |
| 7 | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പൂർണ്ണമായ മേൽനോട്ടത്തിൽ സി സ്റ്റെഡിനെ നിലനിർത്തുന്നതിനായി ആസ്ഥാന ഓഫീസ് കോഴിക്കോട് നിന്നും തിരുവനന്തപുരത്തേക്ക് മാറ്റുക | സർക്കാർ കെട്ടിടത്തിന്റെ ലഭ്യത പരിമിതിയാണ്. |
| 8 | ഓരോ മാസത്തിലും ആർജ്ജിക്കേണ്ട വരുമാനം സംബന്ധിച്ച് ടാർഗറ്റ് ഫിക്സ് ചെയ്യുക. പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഇൻസെന്റീവ് ഏർപ്പെടുത്തുക. | - |
| 9 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയുന്ന തൊഴിൽ സംരംഭക പരിശീലന പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി സി സ്റ്റെഡിന് പ്രഥമ പരിഗണന നൽകുക. | - |
| 10 | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സി സ്റ്റെഡ് അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുക | - |

**പഠന സംഘത്തിന്റെ വിലയിരുത്തൽ**

**12.6** ഭരണപരമായും ധനപരമായും ഓട്ടേറെ പ്രതിബന്ധങ്ങളാണ് സി സ്റ്റെഡ് ഇന്ന് അഭിമുഖീകരിക്കുന്നത്. മേൽ പട്ടികയിൽ വിവരിക്കുന്ന എല്ലാ മാർഗ്ഗങ്ങളും അവലംബിച്ചാൽ മാത്രമേ ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിച്ച് സർക്കാരിന്റെ സാമ്പത്തിക സഹായം ഇല്ലാതെ സ്വന്തമായി പദ്ധതികൾ ഏറ്റെടുത്ത് വരുമാനം കണ്ടെത്തുന്ന ഒരു സ്വയം പര്യാപ്ത സ്ഥാപനമായി മാറാൻ സി സ്റ്റെഡിന് കഴിയുകയുള്ളൂ. എന്നാൽ ഈ മാർഗ്ഗങ്ങൾ പിന്തുടരുന്നതിന് പ്രതികൂലമായ ഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ ഇവ എത്രത്തോളം പ്രാവർത്തികമാക്കപ്പെടും എന്ന കാര്യത്തിൽ പഠന സംഘത്തിനു സംശയമുണ്ട്. അതുകൊണ്ടു തന്നെ സി സ്റ്റെഡിന് മെച്ചപ്പെട്ട ഭാവിയില്ല എന്ന് പഠന സംഘം വിലയിരുത്തുന്നു. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പഠന സംഘത്തിന്റെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

**12.7 ശുപാർശകൾ**

1. ശാസ്ത്ര സാങ്കേതിക വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സി സ്റ്റെഡ്. എന്നാൽ ഇത് ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമല്ല. ശാസ്ത്ര സാങ്കേതിക വകുപ്പിൻ കീഴിൽ മറ്റ് പല ഗ്രാന്റ് - ഇൻ -എയ്ഡ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), NATPAC, CWRDM, JNTBGRI, Kerala School of Mathematics (KSOM), Kozhikode, Sree Ramanujam Institute of Basic Science (SRIBS), Kottayam, Malabar Botanical Garden (MBGIPS), Kozhikkode തുടങ്ങിയവ. ഇവ കൂടാതെ പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ ശാസ്ത്ര സാങ്കേതിക വകുപ്പ് തയ്യാറെടുക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സി സ്റ്റെഡിലെ നിലവിലുള്ള ജീവനക്കാരെ ശാസ്ത്ര സാങ്കേതിക വകുപ്പിൻ കീഴിലുള്ള മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അവരുടെ യോഗ്യത അനുസരിച്ച് പുനർവിന്യസിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലവിലില്ലാത്ത സാഹചര്യത്തിൽ, സി സ്റ്റെഡിൽ നിന്നും നിയമിക്കുന്നവർക്ക് പെൻഷൻ നൽകേണ്ട ബാധ്യത ഉണ്ടാകുന്നില്ല.

2. സി സ്റ്റെഡ് നടത്തിയിരുന്ന പല പദ്ധതികളും ഇപ്പോൾ മറ്റ് പല സർക്കാർ ഏജൻസികളും നടപ്പിലാക്കുന്നുണ്ട്. (ഉദാ. കുടുംബശ്രീ, സി ഡിറ്റ്, ASAP, വ്യവസായ, കൃഷി വകുപ്പുകളുടെ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവ). ശാസ്ത്ര സാങ്കേതിക രംഗത്തെ സാങ്കേതിക വിദ്യകൾ ഫലപ്രദമായി വിനിയോഗിച്ച് പുതിയ പദ്ധതികൾ ഏറ്റെടുത്ത് നവസംരംഭകർക്ക് പരിശീലനം നൽകുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വേണ്ടത്ര പുരോഗതി നേടാൻ സി സ്റ്റെഡിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ സി സ്റ്റെഡ് നടത്തുന്ന പ്രവർത്തനങ്ങൾക്ക് സമാനമായ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുമായി സി സ്റ്റെഡിനെ സംയോജിപ്പിക്കാവുന്നതാണ്. സംയോജിപ്പിക്കുമ്പോൾ സി സ്റ്റെഡിലെ നിലവിലുള്ള ജീവനക്കാരുടെ ശമ്പള കുടിശ്ശിക, ശമ്പളം എന്നിവ പുനർനിർണ്ണയിക്കുന്നതിനും ഓരോ ജീവനക്കാരുടെ യോഗ്യത അനുസരിച്ച് അവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

പ്രത്യേകമായി പരിശോധിക്കപ്പെടേണ്ടതാണ്.

3. സി സ്റ്റെഡിൽ മൂന്ന് തരം ജീവനക്കാരാണ് നിലവിലുള്ളത്. കരാർ ജീവനക്കാർ, ദിവസവേതന ജീവനക്കാർ, പാർട്ട് ടൈം ജീവനക്കാർ. കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരും ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിതരായവരും, പാർട്ട് ടൈം ജീവനക്കാരും കൂടി ചേർന്നതാണ് സി സ്റ്റെഡ് എന്ന സ്ഥിര എസ്റ്റാബ്ലിഷ്മെന്റ്. മൂന്ന് വിഭാഗം ജീവനക്കാർക്കും തുല്യ സ്റ്റാറ്റസ് ആണുള്ളത്. സൊസൈറ്റിയിലേക്കു കൈമാറ്റം ചെയ്യപ്പെട്ട ഓരോ തസ്തികകളിലേക്കുമുള്ള നിയമന രീതി കരാർ അടിസ്ഥാനത്തിൽ അല്ലെങ്കിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ആയിരിക്കണം എന്ന് ബൈ - ലായിൽ വ്യവസ്ഥ ചെയ്യുന്നില്ല. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന തസ്തികകൾ ഏതെല്ലാമാണെന്നും ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന തസ്തികകൾ ഏതെല്ലാമെന്നുമുള്ള വിധം തരം തിരിച്ചിട്ടില്ല. 15 വർഷത്തിൽ കൂടുതൽ സേവന കാലയളവുള്ളവരാണ് ഭൂരിഭാഗം ജീവനക്കാരും. 40 വയസ്സ് പിന്നിട്ട, മറ്റൊരു ജോലി നേടുന്നത് ശ്രമകരമായ ഈ പ്രായത്തിൽ ഇവരെ സംരക്ഷിക്കേണ്ടത് മനുഷ്യത്വപരമായ കടമയാണ്. വ്യത്യസ്തമായ ശമ്പള രീതിയിലും വ്യവസ്ഥയിലും ജോലി ചെയ്യുന്ന ജീവനക്കാരെ മറ്റ് സ്ഥാപനങ്ങളിലേക്ക് അന്യത്ര സേവന വ്യവസ്ഥ പ്രകാരം നിയമിക്കുന്നതിനോ പുനർവിന്യസിക്കുന്നതിനോ ഉള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്കാരുടെ ശമ്പളം നിർണയിക്കുന്നതിനും പി.എഫ് തുടങ്ങിയ കാര്യങ്ങളിലും ഭരണ വകുപ്പ് വ്യക്തത വരുത്തി നൽകേണ്ടതാണ്.

4. സി സ്റ്റെഡിലെ നിലവിലുള്ള ജീവനക്കാർക്ക് വി.ആർ.എസ് - ന് സമാനമായ രീതിയിൽ അവരുടെ സർവീസ് ദൈർഘ്യം കണക്കിലെടുത്ത് ഒരു നിശ്ചിത തുക സമാശ്വാസമായി നൽകി സി സ്റ്റെഡിൽ നിന്നും വിടുതൽ ചെയ്യാവുന്നതാണ്. സമാശ്വാസ തുക നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യവസായ വകുപ്പുമായി ആലോചിച്ച് ഭരണ വകുപ്പ് പൂർത്തിയാക്കേണ്ടതാണ്.

5. റിപ്പോർട്ടിലെ സാമ്പത്തിക അച്ചടക്കരാഹിത്യം ശ്രദ്ധയിൽപെട്ട പദ്ധതികൾ (അധ്യായം 6) ബാങ്ക് അക്കൗണ്ടുകളും പൊരുത്തക്കേടുകളും (അധ്യായം 8) സർക്കാർ ഗ്രാന്റുകളും വിനിയോഗവും (അധ്യായം 9) റിക്രൂട്ടിംഗ് ഏജൻസി ആയി പ്രവർത്തിക്കുന്നതുവഴിയുള്ള ക്രമക്കേടുകൾ (അധ്യായം 10) എന്നീ അധ്യായങ്ങളിൽ പ്രദിപാദിക്കുന്ന വസ്തുതകളിൽ ശാസ്ത്ര സങ്കേതിക വകുപ്പ് അന്വേഷണം നടത്തേണ്ടതാണ്. കൂടാതെ കഴിഞ്ഞ 10 സാമ്പത്തിക വർഷങ്ങളിലെ സി സ്റ്റെഡ് വരവ് ചെലവ് കണക്കുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെയൊ മറ്റോ സഹായത്തോടെ ശാസ്ത്ര സങ്കേതിക വകുപ്പ് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.